പുതിയ സ്ക്കൂൾ വർഷം

## ബോധനത്തിന്റെ അക്ഷര വെളിച്ചം

THE MALANKARA SABHA

# മലങ്കരസഭ

The Official Media of Malankara Orthodox Syrian Church

ജൂൺ 2015

Rs : 15



നേർവഴി

## ദൈവീകരണം:

## സാധ്യതകളും പരിമിതികളും






ഇറത്താഴും, കൂദേശ്കുദിശിനും സമന്വയിപ്പിച്ചിരിക്കുന്ന വി.മദ്ബഹാ ചമയം



**ശതോത്തര രജതജൂബിലി നിറവിലുള്ള കങ്ങഴപ്പള്ളിയ്ക്ക്**


**പ്രാർത്ഥനാശംസകളോടെ**

# കങ്ങഴപ്പള്ളി കുടുംബം യു.എ.ഇ.

Vicar. Fr. Kuriakose Mani Vettathu | frsonyvmani@gmail.com | ST. THOMAS ORTHODOX CHURCH KANGAZHA

KOTTAYAM - VAZHOOR- KARUKACHAL ROAD - KANGAZHA. 7.am – 7.pm പ്രാർത്ഥനയ്ക്കായി പള്ളി തുറന്നിടുന്നു.

CHANGANASSERY - KARUKACHAL - VAZHOOR ROAD - KANGAZHA Tel : 9496321232, 9447601081, 9947150233



# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 6, പുസ്തകം 72, ജൂൺ 2015



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ
106–ാം ഓർമ്മ കോട്ടയം പഴയ സെമിനാരിയിൽ, ജൂലൈ 12–ന്

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ശിഥിലമാകുന്ന പൊതുമണ്ഡലം..

8 കുടുംബങ്ങൾ നേർവഴിയിൽ
അഭിമുഖം
- ഡോ. ഏബ്രഹാം മാർ സെറാഫിം

11 (അ)ന്യായ വിസ്താരങ്ങൾ
പഠനം
- ജസ്റ്റിസ് ബഞ്ചമിൻ കോശി

14 പഠനത്തിന്റെ നാളുകൾ
ലേഖനം
- ഡോ. സന്തോഷ് ജി. തോമസ്

16 ആത്മഹത്യ...
പ്രഭാഷണം
- ജസ്റ്റിസ് കെ. റ്റി. തോമസ്

24 യൂഹാനോൻ മാർ സേവേറിയോസ്
അനുസ്മരണം
- ഫാ. ഡോ. റ്റി. ജെ. ജോഷ്വ

32 ദൈവീകരണം
വേദശാസ്ത്രം
- ഫാ. ഡോ. ഒ. തോമസ്

34 ക്യാൻസർ രോഗികൾക്ക്...
അതിഥി-ഡോ.വി.പി. ഗംഗാധരൻ
- ഫാ. ദീപു ഫിലിപ്പ്

44 ജക്കാർത്തയിലെ അസംബ്ലി
പെണ്മ
- ഡോ. സാറാമ്മ വർഗീസ്

വേദമൊഴികൾ, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ, 5-ജി,

www.malankarasabhaonline.in

President
Dr. Zacharias Mar Aprem
Chief Editor
Fr. Dr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234

Rs. 15/-

## BRIEFLY

ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ജൂലൈ 29 മുതൽ ഓഗസ്റ്റ് 2 വരെ പഴയ സെമിനാരിയിൽ ക്യാമ്പ് നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 9495538317

കുവൈറ്റ് ഓർത്തഡോക്സ് കുടുംബ സംഗമം ജൂലൈ 25–ന് ശനിയാഴ്ച 10 മുതൽ സ്തേഫാനോസ് മാർ തേവോദോസിയോസ് മിഷൻ സെന്ററിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക് : 9496873951

ജൂൺ 16 ശ്ലീഹാ നോമ്പ് ആരംഭം. ജൂൺ 29 മാർ പത്രോസ് മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ. ശ്ലീഹാ നോമ്പ് വീടൽ. ജൂൺ 30 പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ.

ദിവ്യബോധനം പദ്ധതിയുടെ കോൺവൊക്കേഷൻ ജൂൺ 27–ന് പഴയ സെമിനാരിയിൽ. പ. കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിക്കും.

അബുദാബി ഇടവക കുടുംബ സംഗമം ജൂലൈ 23–ന് പഴയ സെമിനാരിയിൽ നടത്തും.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ജൂൺ 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

*മാനേജിംഗ് എഡിറ്റർ*
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*സർക്കുലേഷൻ മാനേജർ*
കെ. എ. ജോൺ
Mob:- 9744648617

*അംഗങ്ങൾ*
ഫാ. ഡോ. റ്റി. ജെ. ജോഷ്വ
ഫാ. എബ്രഹാം തോമസ് കടക്കാമണ്ണിൽ
ഫാ. സഖറിയ നൈനാൻ
ഡോ. ജോർജ് ജോസഫ്
പ്രൊഫ. തോമസ് കുരുവിള
ജിജി ജോൺസൺ

*Cover & Graphic Designing:-*
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ


ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

# ഗുരുമൊഴി



– യൂഹാനോൻ മാർ സേവേറിയോസ്
മെത്രാപ്പോലീത്താ

അന്തഃഛിദ്രം കൊണ്ടും, വ്യവഹാരങ്ങൾകൊണ്ടും ക്ഷീണിച്ച് തളർന്നിരിക്കുന്ന നമ്മുടെ സഭയേയും, ഇടവകകളെയും കുറിച്ച് സഭാസ്നേഹിയായ യാതൊരുവനും ഖേദം തോന്നാതിരിക്കുന്നതല്ല. സംഘടനാപരമായും മറ്റും നേരിട്ടിട്ടുള്ള ശൈഥില്യവും, ആത്മികനിലവാരത്തിലുള്ള അധഃപതനവും തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണെങ്കിലും അതിന് ഏതാനും പേർ വിചാരപ്പെട്ടതുകൊണ്ടോ, ചുരുങ്ങിയ ഒരു കാലയളവിലെ പരിശ്രമം കൊണ്ടോ മാത്രം സാധിക്കുന്നതല്ല. എന്നാൽ ഇന്നു നമ്മുടെ പള്ളികളിൽ അതിന്റെ ബാഹ്യമായ വശങ്ങളിൽ നിരവധി ക്രമക്കേടുകൾ നിലവിലിരിക്കുന്നുണ്ട്.

നമ്മുടെ ആളുകൾ ധാരാളം പണം ചെലവു ചെയ്ത് നല്ല പള്ളിക്കെട്ടിടങ്ങൾ നിർമ്മിക്കും, നിർമ്മിച്ചു കഴിഞ്ഞാൽ വൃത്തിയായി സൂക്ഷിക്കുന്ന പതിവില്ല. ആഴ്ചയിൽ ഒന്നെങ്കിലും അടിച്ചുവാരുകയും, ആണ്ടുതോറും വെള്ള പൂശുകയും ചെയ്യുന്നതിന് പണമില്ലായ്കയല്ല തടസ്സമായിട്ടിരിക്കുന്ന്, ഉത്സാഹക്കുറവാണ്. വൃത്തിഹീനമായ ഒരു സ്ഥലത്ത് ഭക്തിയുടെ പ്രചോദനം ഒരിക്കലും ഉണ്ടാകുന്നതല്ല. വൃത്തികേട് പരിശുദ്ധനായ ദൈവം ആഗ്രഹിക്കുന്നതാണെന്ന്, ആരെങ്കിലും വിചാരിക്കുമെന്നു തോന്നുന്നില്ല. ഒരാൾ ഭക്തനാണെന്നു വിചാരിച്ച് വൃത്തികേടായി നടക്കേണ്ട ആവശ്യമില്ല. ആഡംബരം ഇല്ലെങ്കിലും ശുചിത്വബോധം അത്യാവശ്യമാണ്. അവരവരുടെ വീടും മുറ്റവും ഭംഗിയായി സൂക്ഷിക്കുമെങ്കിലും അത്രയും പോലും ദൈവഭവനത്തോട് ശ്രദ്ധയില്ലാത്തത് ഒരിക്കലും ക്ഷന്തവ്യമല്ല. കുഗ്രാമങ്ങളിൽ മാത്രമല്ല, സംസ്കാരവും സമ്പത്തും തികഞ്ഞവരെന്നഭിമാനിക്കുന്നവർ ഉള്ള നാഗരിക പ്രദേശങ്ങളിൽപോലും, ആ സ്ഥലത്തേയ്ക്കും വൃത്തിഹീനമായ സ്ഥലം അവിടുത്തെ പള്ളിപ്പരിസരമായിരിക്കും. വൃത്തിയായി സൂക്ഷിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണി (maintanance) ചെലവുകൾക്ക് മറ്റു ചെലവുകളോടൊപ്പം ഒരു തുക ബഡ്ജറ്റിൽ കൊള്ളിക്കണം. ഭിത്തികൾ വെള്ളയടിച്ചും, കതകും ജനലുകളും പെയിന്റുചെയ്തും, അടർന്നുപോകുന്ന ഭാഗം പണിതുചേർത്തും പള്ളികൾ ഭംഗിയായി സൂക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെ ശവക്കോട്ടകളുടെ കാര്യവും വളരെ പരിതാപകരമാണ്. ചില ശവക്കോട്ടകൾ കണ്ടാൽ തീർച്ചയായും പിശാചിന്റെ ഒളിപ്പിടങ്ങളാണെന്നു തോന്നും. കാടും പടർപ്പും പിടിച്ച്, കല്ലും, മുള്ളും, ഇടകലർന്ന്, എലി, പാമ്പ് ആദിയായ ക്ഷുദ്രജീവികളുടെ കുടിപാർപ്പിടമായി കിടക്കുന്ന ശവക്കോട്ടകൾ അനവധിയാണ്. മരിച്ചവരെ ബഹുമാനിക്കാത്തവരെന്ന് നാം പറയാറുള്ള ചില ഇതര സഭാ വിഭാഗങ്ങൾപോലും അവരുടെ ശവക്കോട്ടകൾ സൂക്ഷിക്കുന്നത് നമ്മുടെ പള്ളിക്കകത്തേക്കാൾ വൃത്തിയായിട്ടാണ്. തീർച്ചയായും ശവക്കോട്ടകൾ മതിൽ കെട്ടി അടച്ച്, അകം ഭംഗിയായി തെളിച്ച്, പൂമരങ്ങളും, പൂച്ചെടികളും നട്ടു പിടിപ്പിച്ച് മനോഹരമാക്കുവാൻ ചുമതലക്കാർ വിചാരിച്ചാൽ ഒരു പ്രയാസവുമില്ല. പാശ്ചാത്യ ദേശങ്ങളിൽ ശവക്കോട്ടകൾ കണ്ടാൽ ഒന്നാം തരം പാർക്കാണെന്ന് തോന്നിപ്പോകും. പള്ളിപ്പറമ്പിനു ഏതെങ്കിലും വിധത്തിൽ ഒരു ബന്ധനമോ, അടവോ ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. പബ്ലിക് റോഡുപോലെയുള്ള ഉപയോഗത്തിന് ഒരിക്കലും പള്ളിപ്പറമ്പ് വിട്ടുകൊടുക്കാൻ പാടില്ല. ചെറിയ ഉദ്യാനങ്ങൾ നട്ടുപിടിപ്പിക്കുന്നത് സൗകര്യമെങ്കിൽ വളരെ നന്നായിരിക്കും. ■






# മഹാപുരോഹിത സന്ദേശം

മലങ്കര ഓർത്തഡോക്സ് സഭയുടെ പുതിയ കാൽവയ്പാണ് വിപാസന പദ്ധതി. മനുഷ്യൻ ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്നു ഘടനകളുടെ സമന്വയമാണ്. മനുഷ്യന്റെ ആളത്ത്വവും പ്രവർത്തനങ്ങളും എല്ലാം നിറഞ്ഞു നിൽക്കുന്നത് മനുഷ്യമനസിലാണ്. മനുഷ്യമനസ്സിൽ നിന്നും ആശയങ്ങൾ ഉത്ഭവിച്ചാണ് ജീവിത്തിന്റെ ഓരോ ചുവടു വെയ്പുകളും പിന്നീട് ഉണ്ടാകുന്നത്.

മനുഷ്യമനസ് ശാന്തമായി നിലനിർത്തുവാൻ സാധിക്കണം. മനുഷ്യമനസ്സിന്റെ ശാന്തി തകർക്കുന്ന പ്രത്യേക സാഹചര്യങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. എല്ലാവരുടെയും മനസ് സംഘർഷപൂരിതമായി കൊണ്ടിരിക്കുകയാണ്. മനുഷ്യമനസിലേക്ക് കൊടുങ്കാറ്റ് അടിച്ചുകയറുന്ന സാഹചര്യമാണ് വളർന്നുകൊണ്ടിരിക്കുന്നത്.

മനുഷ്യമനസ് സംഘർഷപൂരിതമാകുമ്പോൾ മനുഷ്യന്റെ തന്നെ ദിശാബോധം നഷ്ടപ്പെടും. അപ്പോൾ വളരെ നാശകരമായ തീരുമാനങ്ങൾ എടുത്ത് അപകടത്തിൽപ്പെടും. ഇത് വളരെ കൂടുകയാണ്. ഒരുകാലത്ത് കൂട്ടുകുടുംബ വ്യവസ്ഥിതി ശക്തമായി ഇവിടെ നിലനിന്നിരുന്നു. എന്നാൽ ന്യൂക്ലിയർ കുടുംബങ്ങൾ ആയതോടെ മനുഷ്യമനസുകളിൽ ഒത്തിരി മതിലുകൾ പണിതുയർത്തിക്കഴിഞ്ഞു. വീടുകൾ പോലും ഒറ്റപ്പെട്ട തുരുത്തുകളാണ്. വീടുകളിൽ ആൾപ്പെരുമാറ്റമോ മനുഷ്യ ജീവിതമോ ഇല്ലാതെ പോകുന്നു.

മനുഷ്യമനസ്സിൽ മതിലുകൾ തീർക്കുമ്പോൾ മനുഷ്യൻ സമൂഹത്തിൽ നിന്നു തന്നെ ഒറ്റപ്പെട്ടുപോകുന്നു. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുവാൻ എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും പാളിപ്പോകും. അപ്പോൾ ശാന്തമായി മനസിനെ നിയന്ത്രിക്കണം. ശരിയായ തീരുമാനങ്ങൾ എടുക്കുവാനും കഴിയണം. പാളിച്ചകൾ ഉണ്ടാകുമ്പോൾ തന്നെ ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയുന്നെങ്കിൽ വളരെ പ്രയോജനപ്പെടും. ജീവിതത്തിൽ പാളിച്ചകൾ സംഭവിക്കുന്നത് മുഴുവനും ചില ദുർബല നിമിഷങ്ങളിലായിരിക്കും.

തടവറയിൽ കഴിയുന്നവരോട് സംസാരിക്കുമ്പോൾ പലരും പറയുന്നതു കേട്ടിട്ടുണ്ട്. ഒരു ദുർബല നിമിഷത്തിൽ സംഭവിച്ചു പോയതാണെന്ന്. പല കൊലപാതകികളും ഇത്തരം കാര്യങ്ങൾ ഓർത്ത് ദുഃഖിക്കുന്നതു കണ്ടിട്ടുണ്ട്. ഇതു സ്വാഭാവികമാണ്. ഇത്തരം സംഭാഷണങ്ങൾ കേൾക്കുമ്പോൾ എന്റെ മനസും പലപ്പോഴും വേദനിച്ചിട്ടുണ്ട്. ആത്മഹത്യ, കൊലപാതകം, ക്രൂരത എന്നിവയെല്ലാം മനസിൽ തീരുമാനിക്കുന്നവയാണ്. ഇത്തരം ചിന്തകൾ ആരംഭിക്കുമ്പോൾ തന്നെ അതിനെ നിയന്ത്രിക്കുവാനും ദിശ തിരിച്ചുവിടുവാനും കഴിയണം. ഇത്തരം പ്രവർത്തനങ്ങൾക്ക് നാം നേതൃത്വം നൽകിയാൽ അത് പുണ്യകരമായ പ്രവർത്തനമായിരിക്കും. സംഘർഷ ജീവിതം നയിക്കുന്നവർക്ക് സാന്ത്വനം പകരുന്ന ശുശ്രൂഷ വളരെ മംഗളകരമാണ്. പുണ്യതരമാണ്. മാനസിക സംഘർഷം നേരിടുന്നവർക്ക് ദിശാബോധവും സാന്ത്വനവും നൽകുവാൻ സഭകൾക്ക് വലിയ ഉത്തരവാദിത്തമുണ്ട്. സഭയിൽ ഇപ്പോൾ ആരംഭിക്കുന്ന വിപാസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വളരെ ത്യാഗമനോഭാവത്തോടെ പ്രവർത്തിച്ചു മുന്നേറുവാൻ കഴിയണം. അത് വിജയകരമാക്കുവാൻ ഏവരും പരിശ്രമിക്കുകയും ചെയ്യണം.

**ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

*(വിപാസന സെന്റർ ഉദ്ഘാടനം ചെയ്ത് കോട്ടയത്ത് നടത്തിയ പ്രഭാഷണം 28-5-2015)*

EDITORIAL

# ശിഥിലമാകുന്ന പൊതുമണ്ഡലം



## Disintegration of Public Sphere

### വിദ്യാഭ്യാസം:

**കമ്പോളവും ലാഭവും സൃഷ്ടിക്കുന്ന വിദ്യാഭ്യാസ നയങ്ങളിൽ തകർന്നടിയുന്നത് ബൗദ്ധിക പൊതുമണ്ഡലമാണ്.**

'നിന്റെ ഹൃദയം അഹങ്കാരം കൊണ്ട് നിറഞ്ഞിരിക്കേ വിനയം പഠിപ്പിക്കുന്നതെങ്ങനെ. വിദ്വേഷവും പിണക്കവും ധരിച്ചിരിക്കുന്ന നിനക്ക് എങ്ങനെ 'പരസ്പരം സ്നേഹിക്കണം' എന്ന് പ്രബോധിപ്പിക്കുവാൻ കഴിയും'

– അഫ്രാഹാത്ത്

* * *

'മറ്റുള്ളവരെ വെടിപ്പാക്കും മുമ്പ് ഒരുവൻ സ്വയം വെടിപ്പാക്കപ്പെടണം. മറ്റുള്ളവരേ ജ്ഞാനിയാക്കും മുമ്പ് സ്വയം ജ്ഞാനിയാകണം. വെളിച്ചം പകരും മുമ്പ് വെളിച്ചമാകണം. ദൈവത്തോട് അടുത്ത് മറ്റുള്ളവരേ ദൈവത്തിങ്കലേക്ക് എത്തിക്കണം. 'വിശുദ്ധരാകുക' എന്നിട്ട് മറ്റുള്ളവരേ വിശുദ്ധരാക്കുക'

– ഗ്രിഗറി ഓഫ് നാസിയാൻസ്

* * *

ആഗോള ടെലികമ്മ്യൂണിക്കേഷൻ നെറ്റ് വർക്കുകളിലും മാധ്യമ ശൃംഖലകളിലും മേൽക്കോയ്മ പുലർത്തുന്നതാണ് ബഹുരാഷ്ട്ര മുതലാളിത്തം. ഉപഭോക്താക്കളെ അനേകം ചെറുഗ്രൂപ്പുകളാക്കി കമ്പോളങ്ങൾക്കായി ശിഥിലീകരിക്കുകയാണ് സംവേദന ലക്ഷ്യം.

– ഫെഡറിക് ജെയിംസൺ

* * *

ആഗോളവൽക്കരണവും മാധ്യമ സംസ്ക്കാരവും സൃഷ്ടിക്കുന്ന പുത്തൻ സാമൂഹിക ക്രമത്തിൽ 'പൊതുമണ്ഡലങ്ങൾ' (public sphere) ശിഥിലീകരിക്കപ്പെടുന്നു. സാമൂഹിക പ്രശ്നങ്ങൾ തുറന്ന് ചർച്ച ചെയ്യുവാനും തിരിച്ചറിയുവാനും വ്യക്തികൾക്ക് ഒത്തു ചേരുവാനും കഴിയുന്ന ബൗദ്ധിക അരങ്ങുകൾക്ക് അന്ത്യം സംഭവിച്ചു. സാമൂഹിക, രാഷ്ട്രീയ, സഭാപരമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ബുദ്ധിപരമായ ഭൂമികയാണിത്. ക്രിയാത്മകവും പ്രായോഗികവും ബുദ്ധിപരവുമായ സിദ്ധാന്തങ്ങളും പ്രയോഗങ്ങളും രൂപപ്പെടുത്തുന്നതിൽ 'പൊതുമണ്ഡലങ്ങൾ' സമൂഹത്തിൽ വഹിച്ച പങ്ക് അതുല്യമാണ്. എന്നാൽ പുത്തൻ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ കൂട്ടായ പൊതു ചർച്ചകളും സംഘാത്മകതയും നഷ്ടപ്പെടുന്നു.

വടക്കൻ യൂറോപ്പിലെ നവോത്ഥാനവുമായി ബന്ധപ്പെട്ടാണ് 'പൊതുമണ്ഡലം' പ്രയോഗത്തിൽ വന്നത്. യൂറോപ്പിൽ വൈജ്ഞാനാധിഷ്ഠിതവും വ്യാപാരാധിഷ്ഠിതവുമായ സാമൂഹിക ക്രമങ്ങൾ വികസിപ്പിച്ചപ്പോഴാണ് പൊതുമണ്ഡലങ്ങൾ രൂപപ്പെട്ടത്. ഭരണകൂടത്തിനും സ്വകാര്യമണ്ഡലത്തിനും ഇടയിൽ പൊതുസമൂഹത്തിന് കൂടിചേരാനും പൊതുവിഷയങ്ങൾ അപഗ്രഥിക്കുവാനുമുള്ള ഇടമാണ് 'പൊതുമണ്ഡലം'. സാർവ്വത്രികമായ പ്രവേശനവും ലഭ്യതയുമാണ് 'പൊതു' എന്നതിൽ അർത്ഥമാക്കുന്നത്. എന്നാൽ ആദ്യകാലത്തെ 'പൊതു' എന്നത് രാജാധികാരത്തിന്റെയോ സഭാധികാരത്തിന്റെയോ പരിധിയിൽപ്പെട്ടതായിരുന്നു. പിന്നീടത് ഭരണകൂടത്തിന്റെ വിമർശനാത്മകമായ പൊതുമണ്ഡലമായിത്തീർന്നു. ഭരണനയങ്ങളെ വിമർശിക്കുവനും രാഷ്ട്രീയ പോരാട്ടങ്ങൾക്കുള്ള ബൗദ്ധിക മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമുള്ള സാധ്യതകൾ പൊതുമണ്ഡല വ്യവഹാരങ്ങളിൽ വഴി തുറക്കുന്നു. പൊതുവിഷയവും പൊതുതാല്പര്യവുമാണ് ചർച്ചകളിൽ നിറയുന്നത്. സാമൂഹിക പദവി, സാമ്പത്തിക സ്ഥിതി, ലിംഗഭേദം എന്നിവ യഥാർത്ഥത്തിൽ പൊതുമണ്ഡല പ്രവേശനത്തിന് തടസമാകുന്നില്ല. ഏവരേയും ബാധിക്കുന്ന പൊതുവിഷയ ചർച്ചകളും യുക്തിസഹമായ ധാരണകളും വിമർശനാത്മകമായ നിരീക്ഷണങ്ങളും ഉൾക്കൊണ്ട് പ്രായോഗികമായ നയരൂപീകരണമാണ് ലക്ഷ്യം. പൊതുമണ്ഡല സംവാദങ്ങളിലും ഒത്തുചേരലിലും ക്രിയാത്മകവും വിമർശനാത്മകവുമായ സ്വഭാവം ഉൾക്കൊള്ളണമെന്നാണ് ജർമ്മൻ ചിന്തകൻ ജൂർഗെൻ ഹേബർമാസിന്റെ നിരീക്ഷണം.

പൊതുജന അഭിപ്രായം രൂപീകരിക്കുക, ഏവർക്കും സാർവ്വത്രികമായ പ്രവേശനം ഉണ്ടായിരിക്കുക, ചർച്ചകളും അഭിപ്രായ പ്രകട




## EDITORIAL

നങ്ങളിലും അധികാരികളാൽ നിയന്ത്രിക്കപ്പെടാതിരിക്കുക തുടങ്ങിയ ഉപാധികളാണ് ക്രിയാത്മകമായ പൊതു മണ്ഡലത്തിൽ ഹേബർമാസ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. ആദ്യകാലത്ത് പള്ളിപരിസരങ്ങൾ, കോഫി ഹൗസുകൾ, വായനശാലകൾ, ചായക്കടകൾ, പൊതു കവലകൾ എന്നിവിടങ്ങളിൽ എല്ലാം പൊതു ചർച്ചകളും വിമർശനാത്മക കൂട്ടായ്മകളും രൂപപ്പെട്ടിട്ടുണ്ട്. അച്ചടി മാധ്യമങ്ങളും ഇത്തരം കൂട്ടായ്മകളെ പ്രോജ്ജ്വലിപ്പിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ 'പൊതുമണ്ഡലം' ഉപഭോഗതൃഷ്ണയിൽ സങ്കേതപ്പെടുന്ന ജനകൂട്ടമായി മാറി. ടെലിവിഷൻ, ഇന്റർനെറ്റ്, സാമൂഹിക മാധ്യമങ്ങളായ ഫെയ്സ് ബുക്ക്, ടിറ്റർ എന്നിവ എല്ലാം പൊതുമണ്ഡല സങ്കല്പം തകർത്ത് 'നെറ്റ് വർക്കിങ്ങ് പൊതുമണ്ഡലങ്ങൾ' രൂപീകരിച്ചു. മാധ്യമ ഭീമന്മാരുടെ പുത്തൻ അധിനിവേശവും പൊതുമണ്ഡലത്തെ ശക്തമായി ശിഥിലീകരിച്ചു. യുക്തിപരവും വിമർശനാത്മകവുമായി സംവേദിച്ചിരുന്ന പൊതു മണ്ഡലം ജാതീയതയും വർഗീയതയും ലിംഗപക്ഷാപാതവും ശക്തിപ്പെടുത്തി, മതേതര-സാമൂഹിക-ധാർമ്മിക മൂല്യങ്ങൾ തിരസ്കൃതമാക്കി. ഇത് മനുഷ്യവർഗ്ഗത്തെ പരസ്പരം മത്സരിക്കുന്ന, പോർ വിളിക്കുന്ന ചിതറിയ സമൂഹമാക്കി തീർത്തു. മനുഷ്യരെ ഒന്നിപ്പിച്ചു നിർത്തുക പ്രയാസമായി കഴിഞ്ഞു. എന്നാൽ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ മനുഷ്യരെ ഒന്നിപ്പിക്കുവാനും കലഹിപ്പിക്കുവാനും കഴിയുന്നു. മുതലാളിത്തത്തിന്റെ വികസനവും ടെലിവിഷന്റെ സ്വാധീനവും ആഗോളവൽക്കരണം സൃഷ്ടിച്ച കമ്പോളാധിഷ്ഠിത സംസ്കാരവും പൊതുമണ്ഡലത്തിന്റെ കാലികവും ക്രിയാത്മകവും വിമർശന സ്വഭാവത്തെ തകർത്തു.

ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും ആഗോള പൊതുമണ്ഡലങ്ങളായി രൂപപ്പെട്ടു. അവിടെ അടയാളപ്പെടുത്തുന്ന ചിന്തകൾ ആഗോള തലത്തിൽ അതിശീഘ്രം സംവേദിപ്പിക്കപ്പെടുകയും അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്ന 'പൊതു ഇടമായി' ത്തീർന്നു. ഇപ്പോൾ 'പൊതുമണ്ഡല സംവാദങ്ങൾ' സാമൂഹിക മാധ്യമങ്ങൾ ഏറ്റെടുത്തു. വൻകിട മാധ്യമ കമ്പിനികളും അവതാരകരും ചർച്ചകളും വിശകലനങ്ങളും ഉത്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

അതോടെ തനതു സംസ്കാരങ്ങളുടെ വിമർശനവും വിശകലനവും ഉപേക്ഷിച്ച് സമൂഹം വിദേശ, വിജ്ഞാന, വിഭവ, വിശകലനങ്ങളുടെയും കാഴ്ചകളുടെയും ഉപഭോക്താക്കളായി. കാഴ്ചകളിലും ചർച്ചകളിലും യുക്തിയും വിമർശനവും നഷ്ടപ്പെടുത്തി. കമ്പോള മുതലാളിത്തം കുത്തകമുതലാളിത്തത്തിലേക്കും ബഹുരാഷ്ട്ര മുതലാളിത്തത്തിലേക്കും ഉയർന്നപ്പോൾ വിപണിയും ലാഭവുമാണ് പ്രാധാന്യം. ആണവവിദ്യയും സാങ്കേതിക വിദ്യയും നിറഞ്ഞതാണ് ഉത്തരാധുനിക സാംസ്ക്കാരികത. ഇവിടെ ചർച്ചകൾക്കോ സംവാദങ്ങൾക്കോ സ്ഥാനമില്ല. ലാഭവും അധിശത്വവുമാണ് ലക്ഷ്യം.

പൊതുമണ്ഡലങ്ങളിലെ സംവേദന പ്രക്രിയകൾ സമൂഹ മനസിനെ ശക്തിപ്പെടുത്തിയിരുന്നു. ദൃശ്യമാധ്യമ അധിനിവേശം ശക്തിപ്പെട്ടപ്പോൾ പൊതുമണ്ഡലം ശിഥിലമാക്കുകയും വേരറ്റ സമൂഹത്തെയും ഉപഭോക്താക്കളെയും സൃഷ്ടിക്കുകയും ചെയ്യുന്നു. ദൃശ്യങ്ങളുടെ അതിവേഗ ചലനങ്ങൾ മനസിൽ ഭ്രമാത്മകത സൃഷ്ടിക്കുന്നതിനാൽ സങ്കല്പിക്കുവാനും വിമർശിക്കുവാനുമുള്ള കഴിവ് മന്ദീഭവിക്കുകയാണ്. ദൃശ്യങ്ങളുടെ ഉപഭോഗം കൂടുന്നതനുസരിച്ച് ഏകാന്തതയും ഭ്രമാത്മകതയും സ്വാഭാവികമായും ശക്തിപ്പെടും. ബഹുരാഷ്ട്ര കമ്പനികളുടെയും ധനശക്തികളുടെയും പൂർണ്ണ നിയന്ത്രണത്തിലാണ് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പൊതു മണ്ഡലം. വായന ശാലയും പള്ളിപ്പരിസരവും ഒരുക്കുന്ന സ്വാഭാവിക പൊതു മണ്ഡലത്തിന്റെ ബദലല്ല സാമൂഹിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന 'പൊതു മണ്ഡലം'.

സഭയിലും സമൂഹത്തിലും ബുദ്ധിപരമായ ചർച്ചകൾക്കുള്ള ഇടം നഷ്ടപ്പെടുന്നു. പൊതുമണ്ഡല വ്യവഹാരങ്ങൾ അധികവും വൈകാരികത പകരുന്ന വിശകലനങ്ങൾക്കാണ് പ്രാധാന്യം. വിശ്വാസികളുടെ ഭൗതികവും താൽക്കാലികവുമായ ആവശ്യങ്ങൾക്ക് സംതൃപ്തി പകരുവാൻ കെല്പുള്ള ആശയങ്ങൾ കണ്ടെത്തുന്നു. ആത്മ ശരീര മനസ്സുകളെ ആശ്വസിപ്പിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്യുന്ന വിചാര വിശകലനങ്ങളാണ് ഇടവക വേദി പങ്കിടുന്നത്. ബുദ്ധിപരവും സിദ്ധാന്തപരവുമായ വേദശാസ്ത്ര വിശകലനങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ സ്ഥാനം നഷ്ടപ്പെടുന്നു. മാധ്യമങ്ങളുടെ അതി സ്വാധീനത്താൽ മനുഷ്യമനസ്സിനു സംഭവിച്ച ക്ഷതമാണിത്. ഇത് ബുദ്ധിപരമായ ചർച്ചകളിൽ നിന്നും ജനങ്ങളെ അകറ്റുന്നു. കരിസ്മാറ്റിക്-രോഗശാന്തി പ്രഭാഷണങ്ങളിൽ ശക്തിപ്പെടുന്നതും വൈകാരികത സൃഷ്ടിക്കുന്ന ആശയങ്ങളാണ്.

> “പുത്തൻ വിദ്യാഭ്യാസ ക്രമങ്ങൾ ശക്തിപ്പെട്ടെങ്കിലും വിദ്യാർത്ഥികളുടെ പഠന നിലവാരവും ബൗദ്ധിക ശേഷിയും പൊതുമണ്ഡല വ്യവഹാര പ്രബുദ്ധതയും നഷ്ടപ്പെടുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. വിശുദ്ധി നിറയുന്ന ബോധന ശുശ്രൂഷകളും സാമൂഹ്യ പ്രതിബദ്ധതയുടെ ശീലങ്ങളും നീതിബോധവും അന്യമാകുന്നു. നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗശേഷി ഫലപ്രദമായി വികസിക്കാത്തത് എന്തുകൊണ്ട്?.”

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com



**കോട്ടയം:** പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മെത്രാൻ സ്ഥാനാരോഹണത്തിന്റെ 30-ാം വാർഷികം വിവിധ സ്ഥലങ്ങളിൽ ആഘോഷിച്ചു. തിരുവല്ല ബഥാന്യഭവനിലെ അന്തേവാസികൾക്കൊപ്പം പരിശുദ്ധ കാതോലിക്കാ ബാവാ കേക്ക് മുറിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അവർക്കൊപ്പമിരുന്നു ഫോട്ടോയെടുക്കാനും സമയം കണ്ടെത്തി.

സ്നേഹവും പങ്കിടീലും സഭയുടെ ദൗത്യമാണെന്ന് പ. ബാവാ പറഞ്ഞു. പരിശുദ്ധ കാതോലിക്ക ബാവായെ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

ഇടുക്കി ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ തേവോദോസിയോസ്, കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം, ജോസഫ് എം. പുതുശ്ശേരി, ഫാ. കെ. എ. വർഗീസ്, ഫാ. കോശി ഫിലിപ്പ്, സഭാ മാനേജിംഗ് കമ്മറ്റി അംഗം ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

മാവേലിക്കര അറുന്നൂറ്റി മംഗലം പൗലോസ് മാർ പക്കോമിയോസ് സ്മാരക ശാലോം ഭവനിൽ പരിശുദ്ധ കാതോലിക്കാ ബാവാ മെത്രാഭിഷിക്തനായതിന്റെ 30-ാം വാർഷികം ആഘോഷിച്ചു. ശുഭ്രവസ്ത്രധാരികളായ മുപ്പത് സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾ, പനിനീർപുഷ്പം നൽകി പ. ബാവായെ സ്വീകരിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് അദ്ധ്യക്ഷത വഹിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ അനുഗ്രഹ പ്രഭാഷണം നടത്തി. സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, ഭദ്രാസന സെക്രട്ടറി ഫാ. എബി ഫിലിപ്പ്, ഫാ. മത്തായി വിളനിലം, ഡോ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ, ഫാ. ഡി. ഗീവർഗീസ്, ശാലേം ഭവൻ ഡയറക്ടർ ഫാ. കെ.എം. വർഗീസ് കളീയ്ക്കൽ എന്നിവർ പ്രസംഗിച്ചു.



## അഭിമുഖം

സാമൂഹ്യ വ്യവസ്ഥിതിയിലെ ഏറ്റവും അടിസ്ഥാനമായ കണ്ണിയാണ് കുടുംബം. എല്ലാ മനുഷ്യരും ജീവിതത്തിന്റെ ബാലപാഠങ്ങൾ കുടുംബത്തിൽ നിന്നാണ് അഭ്യസിക്കുന്നത്. മനുഷ്യന്റെ നിലനിൽപ്പിന് വേണ്ട പരിശീലനമെല്ലാം ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. ഓരോരുത്തർക്കും അവരവർ ജനിച്ചുവളർന്ന ഒരു കുടുംബവും അവരവർ സൃഷ്ടിക്കുന്ന കുടുംബവും ഉണ്ട്. ജനിച്ചു വളർന്ന കുടുംബത്തിലെ പഠനാനുഭവങ്ങളാണ് സ്വന്തം കുടുംബം പണിയുവാൻ ഓരോരുത്തർക്കുമുള്ള കൈമുതൽ. എന്നാൽ കുടുംബങ്ങളിൽ അവരവർ സൃഷ്ടിക്കുന്ന അനുഭവപാഠങ്ങളാണ് ഓരോരുത്തരും ഈ കുടുംബത്തെ സ്വർഗവും നരകവും ആക്കിതീർക്കുന്നത്.

വിവാഹത്തിൽകൂടെ ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ദൈവവിളിയാണ് ക്രിസ്തീയ കുടുംബ ജീവിതത്തിന്റെ അടിസ്ഥാനം. ക്രിസ്തീയ വിവാഹബന്ധത്തിൽ വലിയ ഒരു പരമരഹസ്യമാണ് ഉൾക്കൊള്ളുന്നത്. മറ്റൊരു വ്യക്തിയുമായുള്ള വിവാഹത്തിന്റെ സമ്പൂർണ്ണ സംലയനത്തിൽ കൂടെ നാം അനുഭവിക്കേണ്ടത് സഭയും ക്രിസ്തുവും തമ്മിലുള്ള സ്നേഹത്തിന്റെ സംലയനം തന്നെയാണ്. ദമ്പതികളുടെയും പുതിയ സൃഷ്ടികൾ ആകുന്ന കുഞ്ഞുങ്ങളുടെയും സ്വഭാവ സൗഷ്ടവം വാർത്തെടുക്കുന്ന പരിശുദ്ധ മൂശയാണ് ക്രിസ്തീയ കുടുംബം. അത് വിശുദ്ധവും അനുഗ്രഹീതവും തന്നെ. എന്നാൽ ഇന്ന് കുടുംബങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ച രൂക്ഷവും ശക്തവും വ്യാപകവുമാണ്.

ഇന്ന് കുടുംബങ്ങൾ പല സ്വാധീനങ്ങൾക്കും വിധേയമാണ്. ആ സ്വാധീനങ്ങൾ പലപ്പോഴും കുടുംബത്തിന്റെ സമൃദ്ധമായ ജീവിതത്തെ തകർക്കുന്നുണ്ടെന്ന് ബാംഗ്ലൂർ മെത്രാസനാധിപൻ ഡോ. എബ്രഹാം മാർ സെറാഫീം പറഞ്ഞു. അഭിമുഖത്തിൽ നിന്നും:

**നവമാധ്യമങ്ങളുടെ സ്വാധീനം കുടുംബങ്ങളിൽ ശക്തമാണെന്ന് പറയുന്നു ഇതിനോട് എങ്ങനെയാണ് പ്രതികരിക്കുന്നത്?**

ആധുനിക യുഗത്തിൽ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ അത് ഉപയോഗിക്കുന്നതിൽ നിയന്ത്രണം സ്വയം വരുത്തണം. എല്ലാ

# കുടുംബങ്ങൾ നേർവഴിയിൽ



**ചെറുപ്രായത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ മാതാപിതാക്കൾ വാങ്ങി നൽകാതിരിക്കുക. കുടുംബാംഗങ്ങൾ തമ്മിൽ ആരോഗ്യപരമായ നല്ല ഇടപെടൽ സാധ്യമാക്കുക. പരസ്പരം കേൾക്കുവാനും സംസാരിക്കുവാനും കഴിയണം. ധാർമ്മിക മൂല്യങ്ങളെപ്പറ്റിയും ജീവിത നന്മകളെപ്പറ്റിയും പ്രബോധിപ്പിക്കണം.**

■ ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത

റ്റിനും നന്മയും തിന്മയും ഉണ്ട്. അതിലെ നന്മകൾ മാത്രം സ്വീകരിക്കുവാൻ പ്രേരിപ്പിക്കുക. ഇന്ന് കുടുംബങ്ങളെ ഏറ്റവും സ്വാധീനിച്ചിരിക്കുന്നത് ടെലിവിഷനാണ്. അതിലെ സീരിയലുകൾ പോലുള്ള പരിപാടികൾ നമ്മുടെ ദുർവാശികളെയും ദുഷ്ചിന്തകളെയും വളർത്തുന്ന തരത്തിലുള്ളതാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള പകയും വിദ്വേഷവും മറ്റു തിന്മകളുമാണ് അതിലെ പ്രമേയം. അത് സാധാരണ കുടുംബ ജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. നവമാധ്യമങ്ങളിലെ നന്മകളെ മാത്രം സ്വീകരിക്കുവാൻ പ്രേരിപ്പിക്കുക. തിന്മകളെ ഒഴിവാക്കുവാനും.

**പുതു തലമുറ നേരിടുന്ന കുടുംബ പ്രശ്നങ്ങൾ എന്തൊക്കെയാണ്?**

ജീവിക്കാനുള്ളതെല്ലാം ഉണ്ട്, എന്നാൽ ജീവിതം മാത്രം ഇല്ല. Quality time ന്റെ അഭാവമാണ് പുതു തലമുറ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. മാതാപിതാക്കളുടെ അസാന്നിദ്ധ്യം കുട്ടികളുടെ ജീവിത വളർച്ചയെ തകിടം മറിക്കുന്നു. പണ്ട് കേൾക്കുവാൻ ആളുണ്ടായിരുന്നു സമയവും ഉണ്ടായിരുന്നു. ഇന്ന് ഇത് രണ്ടും ഇല്ലാതായിരിക്കുന്നു. പിതാവ് മാതാവിന്റെ കുറ്റവും മാതാവ് പിതാവിന്റെ കുറ്റവും മക്കളോട് പറയുന്നു. അതിനാൽ കുട്ടികൾക്ക് കുടുംബ ജീവിതത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടാകുന്നു. ഇത് അവരുടെ ഭാവി ജീവിതത്തെ ബാധിക്കുന്നു.

കൂടാതെ പങ്കാളികൾ ഉന്നത വിദ്യാഭ്യാസമുള്ളവരും ഒരേപോലെ വേതനം കൈപ്പറ്റുന്നവരുമാകുന്നതിനാൽ അവർക്കിടയിൽ മത്സരങ്ങൾ ഉണ്ടാകുന്നു. ഇത് പലപ്പോഴും കുടുംബ ജീവിതത്തെ ബാധിക്കുന്ന പ്രശ്നമായി മാറുന്നു. അതോടൊപ്പം പരസ്പരം അംഗീകരിക്കാത്തതും. ആശയവിനിമയം നടത്താത്തതും പ്രശ്നങ്ങളുടെ തീവ്രത വർദ്ധിപ്പിക്കുന്നു.

**കുടുംബ തകർച്ച വർദ്ധിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. എന്താവാം കാരണങ്ങൾ?**

പാരമ്പര്യമായി വിശ്വസിച്ചിരുന്ന സംവിധാനങ്ങളോടുള്ള പ്രതികരണങ്ങൾ, പണത്തിന്റെ ലഭ്യത, സ്വാതന്ത്ര്യം, പരസ്പരം അറിയുവാനും അംഗീകരിക്കുവാനും ആശയവിനിമയം നടത്താനുമുള്ള സമയത്തിന്റെ കുറവ്, വിവാഹമോചനത്തിന് ലഭിച്ച സാമൂഹിക അംഗീകാരം തുടങ്ങിയവയൊക്കെ കാരണങ്ങൾ ആണ്.

**മദ്യത്തിന്റെ ശക്തമായ സ്വാധീനം ക്രൈസ്തവ കുടുംബങ്ങളിൽ വ്യാപകമാണ്. ഇതിനെതിരെ എങ്ങനെ പ്രവർത്തിക്കണം?**

'ദൈവം' എന്ന ലഹരിയും 'കുടുംബം' എന്ന ലഹരിയും ഇല്ലാത്തതാണ് ഒരു വ്യക്തിയെ മദ്യപാനത്തിലേക്ക് നയിക്കുന്നത് എന്ന് തോന്നുന്നു. ഭൂരിഭാഗം മദ്യപാനവും ആരംഭിക്കുന്നത് വീട്ടിൽ നിന്നാണ്. ഇന്ന് അത് ദൈവാലയത്തിലേയ്ക്കും വ്യാപിച്ചിരിക്കുന്നു. പള്ളി പെരുന്നാളുകൾ, ക്രിസ്തുമസ് കരോളുകൾ എന്നിവയിലൊക്കെ മദ്യപാനവും ധൂർത്തും വർദ്ധിക്കുകയാണ്. മദ്യപാനത്തിന് എതിരെ ശക്തമായ ബോധവൽകരണം ഇടവക തലത്തിൽ ക്രമീകരിക്കുകയും ചികിത്സ വേണ്ടവർക്ക് അത് നൽകുകയും വേണം.

**കുടുംബങ്ങളെ ക്രിസ്തീയ പാതയിൽ, നേർവഴിയിൽ നയിക്കുവാൻ സഭയ്ക്ക് എന്തെല്ലാം ചെയ്യുവാൻ കഴിയും?**

സൺഡേസ്ക്കൂൾ തലത്തിൽ തന്നെ കുടുംബത്തെക്കുറിച്ചുള്ള പഠനം ആരംഭിക്കണം. എന്താണ് ക്രിസ്തീയ കുടുംബമെന്നും അത് എങ്ങനെയായിരിക്കണം എന്നും അവരെ പഠിപ്പിക്കണം. വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങളിലൂടെ തുടർ പഠനം സാധ്യമാക്കണം. അതോടൊപ്പം കുടുംബങ്ങളിലും പഠന സൗകര്യം ഉണ്ടാക്കണം. പ്രീമാരിറ്റൽ കൗൺസലിംഗ് കൂടുതൽ കാര്യക്ഷമമാകണം. മർത്തമറിയം വനിതാ സമാജത്തിലൂ



ടെയും മറ്റു ഇടവക തലങ്ങളിലും ഭദ്രാസനങ്ങളിലും സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കണം. കുടുംബ ബോധനം ശക്തമാക്കണം.

**കേരളത്തിനു വെളിയിലുള്ള കുടുംബങ്ങളുടെ പ്രത്യേകത; അവർ നേരിടുന്ന വെല്ലുവിളികൾ എന്ത്?**

കേരളത്തിന് പുറത്തേക്ക് വന്നത് ഉപജീവനത്തിനായിട്ട്. തിരിച്ചു പോകാം എന്ന പ്രതീക്ഷയോടെ. എന്നാൽ അത് സാധിക്കുന്നില്ല. ആയിരിക്കുന്ന ഇടങ്ങളിലെ സംസ്ക്കാരത്തോട് ചേർന്നു ജീവിക്കുമ്പോഴും പാരമ്പര്യങ്ങളെയും ജീവിത നന്മകളെയും മുറുകെ പിടിക്കുവാനും പ്രാവർത്തികമാക്കുവാനും ശ്രമിക്കുന്നു. എന്നാൽ പലപ്പോഴും സാധിക്കാതെ വരുന്നു.

പഴയ തലമുറ കഷ്ടപ്പെട്ട് ജീവിക്കുമ്പോൾ പുതുതലമുറ ആഘോഷമാക്കി ജീവിതത്തെ മാറ്റുന്നു. Inter Caste Marriage മുതലായവ കൂടി വരുന്നു. ധാർമ്മിക മൂല്യങ്ങളെ പ്രയോഗത്തിൽ വരുത്താൻ സാധിക്കുന്നില്ല. കുട്ടികളിൽ ഇത് സാധിക്കുന്നില്ല എന്നത് മുഖ്യ വെല്ലുവിളിയാണ്.

**മൊബൈൽ ഫോൺ, ഇന്റർനെറ്റ് മുതലായവയുടെ സ്വാധീനം പുതുതലമുറയിൽ വളരെയാകുന്നു. ഇതിനെ എങ്ങനെ സമീപിക്കാം?**

നവമാധ്യമങ്ങൾ ഇല്ലാതെ ജീവിക്കുവാൻ ഇന്ന് സാധിക്കുകയില്ല. ഇവ ഇന്നത്തെ ജീവിതത്തിന്റെ ആവശ്യവസ്തുവായി മാറിയിരിക്കുന്നു. എന്നാൽ പലപ്പോഴും ഇത് തിന്മയിലേക്കും കുടുംബ തകർച്ചയിലേക്കും നയിക്കുന്നു. കുടുംബങ്ങളെ നല്ല ശീലങ്ങളിലേക്ക് നയിക്കണം. കുടുംബാംഗങ്ങൾ ഒന്നിച്ചിരിക്കുമ്പോൾ ഇവ ഉപയോഗിക്കാതിരിക്കുക. സമയം ക്ലിപ്തപ്പെടുത്തുക.

**കുടുംബ ബന്ധങ്ങളിൽ ആരോഗ്യപരമായ സംവേദനം രൂപപ്പെടുത്തുവാൻ എന്തുചെയ്യണം?**

കുടുംബ ബന്ധങ്ങളിൽ താരതമ്യവും മത്സരവും (comparison, competition) ഒഴിവാക്കണം. നിശ്ചിത സമയം പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനുമായി ക്രമീകരിക്കണം. ഒന്നിച്ചിരുന്നു സംസാരിക്കുവനും മറ്റും സമയം കണ്ടെത്തുകയും വേണം.

**പ്രീമാരിറ്റൽ കൗൺസലിംഗ് നിർബന്ധമാക്കിയെങ്കിലും കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നില്ല. കാരണം...?**

ഇന്നത്തെ കൗൺസലിംഗ് പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. എല്ലാ തലങ്ങളിലേക്കും അത് വ്യാപിപ്പിക്കണം. സൺഡേസ്ക്കൂൾ, എം.ജി.ഒ.സി. എസ്.എം,. യുവജനപ്രസ്ഥാനം എന്നിവയിൽ കൗൺസലിങ് പഠന വിഷയമായി ക്രമീകരിക്കണം. അവസാനം കുറഞ്ഞത് മൂന്നു ദിവസമെങ്കിലും വിവാഹിതരാകുവാൻ പോകുന്നവർ താമസിച്ച് ഉള്ള കൗൺസലിങ് ക്രമീകരണം സഭയിൽ ഉണ്ടാകണം. കുടുംബ ജീവിതത്തെക്കുറിച്ച് വ്യക്തമായ അറിവും ധാരണയും വിവാഹിതരാകുന്നവർക്ക് നൽകുകയും വേണം.

**പ്രീമാരിറ്റൽ കൗൺസലിംഗ് എങ്ങനെ ഫലപ്രദമായി നടത്തുവാൻ കഴിയും. അതിൽ ഉൾക്കൊള്ളേണ്ടത് എന്തൊക്കെ?**

മുൻപ് പറഞ്ഞതുപോലെ ഒരു പുനഃക്രമീകരണം ആവശ്യമാണ് ജീവിതത്തിന്റെ സമസ്ത മേഖലകളെപ്പറ്റിയും അതിൽ പ്രതിപാദിക്കണം. ജീവിത സാഹചര്യങ്ങളെപ്പറ്റിയും ആരോഗ്യം, സാമ്പത്തികം, മാനസികം, ലൈംഗീകം തുടങ്ങിയ സകല വിഷയങ്ങളെപ്പറ്റിയും വ്യക്തമായ ധാരണ ഉണ്ടാകുവാൻ കൗൺസലിംഗിന് സാധിക്കണം. പ്രശ്നങ്ങൾ മാത്രം പറയാതെ അവയുടെ പരിഹാര മാർഗങ്ങളും നിർദ്ദേശിക്കുവാൻ സാധിക്കണം. മാറി വരുന്ന ജീവിത സാഹചര്യങ്ങളും ധാർമ്മിക മൂല്യങ്ങളും മനസിലാക്കി കൊടുക്കുവാൻ കഴിയണം.

**മൊബൈൽഫോൺ, കമ്പ്യൂട്ടർ എന്നിവയുടെ അമിതസ്വാധീനത്തിൽ നിന്ന് പുതുതലമുറയെ എങ്ങനെ നേർവഴിയിൽ നടത്തുവാൻ കഴിയും?**

ചെറുപ്രായത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ മാതാപിതാക്കൾ വാങ്ങി നൽകാതിരിക്കുക. അമിത ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക. കുടുംബാംഗങ്ങൾ തമ്മിൽ ആരോഗ്യപരമായ നല്ല ഇടപെടൽ സാധ്യമാക്കുക. പരസ്പരം കേൾക്കുവാനും സംസാരിക്കുവാനും കഴിയണം. ധാർമ്മിക മൂല്യങ്ങളെപ്പറ്റിയും ജീവിത നന്മകളെപ്പറ്റിയും അവരെ ബോധവാന്മാരാക്കുവാനും സാധിക്കും.

**പുതുതലമുറ എന്നുപറയുന്ന Third generation നെ (New generation) എങ്ങനെ വിലയിരുത്തുന്നു?**

കൂടുതൽ വ്യക്തി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവരാണ് ഇവർ. അതിനാൽ പാരമ്പര്യങ്ങളെയും മറ്റ് ശീലങ്ങളെയും ഇവർ പലപ്പോഴും പരിഗണിച്ചെന്നു വരിക ഇല്ല. തന്മൂലം അവരുടെ മാനസികാവസ്ഥ പഠിച്ച് വേണ്ട ക്രമീകരണം ചെയ്യുവാൻ സാധിക്കണം. അവരെ സഭയോട് അടുപ്പിക്കുവാൻ തക്ക ക്രമീകരണം ഉണ്ടാകണം. അവരിലെ നന്മകളെ പ്രോത്സാഹിപ്പിക്കുവാനും തെറ്റുകളെ തിരുത്തുവാനും സാധിക്കണം. അവർക്ക് ആവശ്യമായത് എന്താണ് എന്ന് മനസിലാക്കി അത് നൽകാൻ സഭയ്ക്ക് കഴിയണം.

*തയ്യാറാക്കിയത്:*

**ഡീക്കൻ ടിജോ മണലേൽ**



# (അ)ന്യായ വിസ്താരങ്ങൾ

■ ജസ്റ്റിസ് ബഞ്ചമിൻ കോശി
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ

**തന്റെ കർത്തവ്യം അനുസരിച്ച് വിധിക്കേണ്ടതിനു പകരം തന്റെ ചുമതലയിൽ നിന്ന് തെന്നിമാറി ഹേറോദിനെ ഏൽപ്പിക്കുകയാണ് പീലാത്തോസ് ചെയ്തത്. ഇന്നും ചുമതലയിൽ നിന്ന് തെന്നിമാറി കോടതി മാറ്റുകയോ, താഴത്തെ കോടതിയിലേക്കും മറ്റും റിമാന്റ് ചെയ്യുകയോ, വിധിക്കുവൻ മടിക്കുകയോ ചെയ്യുന്ന ന്യായാധിപന്മാരുണ്ട്.**

ന്യായാധിപന്മാരുടെ ന്യായാധിപനായ, സർവ്വജനത്തെയും ന്യായം വിധിക്കുന്ന യേശു നേരിട്ട അന്യായവും പക്ഷപാതപരവുമായ ന്യായവിസ്താരത്തെക്കുറിച്ച് വിശുദ്ധ വേദപുസ്തകത്തിലും ദുഃഖവെള്ളിയാഴ്ചത്തെ പ്രാർത്ഥനകളിലും സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. യേശുക്രിസ്തുവിനെ അഞ്ചു തവണ വിസ്തരിച്ചതായിട്ട് തിരുവചനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. യേശുവിന്റെ ന്യായവിസ്താരത്തിൽ ഏറ്റവും ശ്രദ്ധേയമായത് ന്യായവിസ്താരത്തിൽ തന്നോട് ചോദിച്ച അപ്രധാന ചോദ്യങ്ങൾക്കൊന്നും യേശു ഉത്തരം പറയാതെ നിശ്ശബ്ദനായിരുന്നു എന്നതാണ്. ഇത് യെശയ്യാ പ്രവാചകൻ വളരെ നേരത്തെ തന്നെ പ്രവചിച്ചിരുന്നു (53:6-8).

“എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. അവൻ പീഡനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു.”

### മഹാപുരോഹിതന്റെ മുമ്പിൽ

ഒന്നാമതായി വിസ്തരിച്ചത് മഹാപുരോഹിതനായ കയ്യാപ്പാസിന്റെ മുമ്പിലാണ്. യേശുവിനെ കെട്ടപ്പെട്ടവനായിട്ടാണ് അന്നാസ് (ഹന്നാ) പുരോഹിതനും യേശുവിനെ പിടിച്ചുകൊണ്ടുവന്നവരും മഹാപുരോഹിതന്റെ അടുത്തേക്കാനയിച്ചത്. യേശു ദൈവദൂഷണം പറഞ്ഞെന്ന് വരുത്തിത്തീർക്കുവാനുള്ള പരിശ്രമമാണ് മഹാപുരോഹിതൻ ചെയ്തത്. കുറ്റം ചെയ്തുവോ എന്നുള്ളതല്ല; എങ്ങിനെയെങ്കിലും കുറ്റക്കാരനാക്കുക എന്നുള്ള മുൻവിധിയോടെയുള്ള ഒരു വിധി. കൂടാതെ ഈ പ്രാഥമിക വിചാരണയിൽ നിയമവിരുദ്ധമായി യേശുവിനെ മർദ്ദിക്കുകയും അവഹേളിക്കുകയും ചെയ്തതായിട്ട് കാണാം. യോഹന്നാന്റെ സുവിശേഷം 18-ാം അദ്ധ്യായം 19 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ ഈ ഭാഗം വിവരിച്ചിട്ടുണ്ട്.

“യേശു അവനോട്: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ തെളിവ് കൊടുക്ക; അല്ലെങ്കിൽ എന്നെ തല്ലുന്നത് എന്ത് എന്ന് പറഞ്ഞു.”

ഒരു വലിയ നിയമലംഘനമായിരുന്നു അത്. തടവുകാരനെ വിചാരണ വേളയിൽ മർദ്ദിക്കുക എന്നുള്ളത് പാടില്ലാത്തതായിരുന്നു. അങ്ങനെ സംഭവിച്ചാൽ ന്യായാധിപൻ ശിക്ഷക്കു അർഹനാണെന്ന് തൽമൂദിൽ വ്യവസ്ഥയുണ്ടായിരുന്നു. വധശിക്ഷയ്ക്ക് രണ്ടുപേരുടെ മൊഴി വേണമായിരുന്നു. ഇന്നും കോടതികളിൽ ഒരുപോലെ പറയുന്ന രണ്ട് ദൃക്സാക്ഷികളുണ്ടെങ്കിൽ (two witness theory) കോടതികൾ കുറ്റം

തെളിഞ്ഞതായിട്ട് കണക്കാക്കണം. എന്നാൽ മഹാപുരോഹിതൻ എത്ര ശ്രമിച്ചിട്ടും മൊഴികൾ ഒത്തുവന്നില്ല. എങ്ങിനെയെങ്കിലും സാക്ഷികളെ ഉണ്ടാക്കുക എന്നതായിരുന്നു ഈ വിസ്താരത്തിന്റെ പ്രസക്തി.

**ന്യായാധിപസംഘത്തിനു മുമ്പിൽ**

പിന്നീടുള്ള വിസ്താരം ന്യായാധിപ സംഘത്തിന്റെ (സന്നിദ്രം സംഘം) മുമ്പിലായിരുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം അത് അത്യുന്നത കോടതിയാണ്. വധശിക്ഷ ഒഴിച്ചുള്ള എല്ലാ ശിക്ഷാനടപടികളും എടുക്കുവാൻ അവർക്ക് അധികാരമുണ്ട്. യഹൂദന്മാരുടെ ന്യായപ്രമാണം അനുസരിച്ചുള്ള സുപ്രീം കോടതിയാണിത്. 71 പേരാണ് ഈ സമിതിയിലുള്ളത്. മഹാപുരോഹിതന്മാരും ശാസ്ത്രിമാരും നേതാക്കന്മാരും വേദശാസ്ത്രപണ്ഡിതരായ റബ്ബിമാരും ഇതിൽ ഉണ്ടാകും. എന്നാലിതിൽ മഹാപുരോഹിതനായ അന്നാസിന്റെയും ബോയത്തൂസിന്റെയും കുടുംബാംഗങ്ങളായിരുന്നു ഭൂരിപക്ഷവും. ഈ സന്നിദ്രി സംഘത്തിൽ ഗമാലിയേലും യോനാഥൻ റബ്ബിയും ഒരു പുറജാതിക്കാരൻ പരിച്ഛേദന ഏറ്റ് യഹൂദ റബ്ബി ആയ ഓങ്കെലോസ് റബ്ബി, ഏലിയാസ് റബ്ബി എന്നിവരും മറ്റും ഉണ്ടായിരുന്നു എന്ന് ചില പുസ്തകങ്ങളിൽ കാണുന്നു. ഈ യോഗം ചേർന്നത് ലിസ്കാത് ഹഗാസിത മിനുസപ്പെടുത്തിയ കല്ലുകളുടെ ആലയം എന്ന മണ്ഡപത്തിലായിരുന്നു. ഈ സ്ഥലം ദേവാലായത്തിനോട് ചേർന്നായിരുന്നു. ദേവാലയത്തിന്റെ അകത്തു നിന്നും സന്നിദ്രിം സംഘത്തിന്റെ അംഗങ്ങൾ (ജഡ്ജിമാർ) വരുകയും പ്രതി എതിർവശത്തു നിന്ന് പ്രവേശിക്കുകയും ചെയ്യുമായിരുന്നു പതിവ്.

സന്നിദ്രിം സംഘത്തിന്റെ കോറം 23 ആയിരുന്നു. മൂന്ന് രജിസ്ട്രാർമാർ ഉണ്ടായിരിക്കണം. ശിക്ഷിക്കുന്ന ജഡ്ജിയുടെ പേര് എഴുതി എണ്ണാൻ ഒരാൾ വെറുതെ വിടണമെന്ന് പറയുന്നവരുടെ പേരെഴുതാൻ ഒരാൾ രണ്ടും കൂടി വിധി എങ്ങിനെയാണ് എന്നെഴുതുന്ന ഒരു ജനറൽ രജിസ്ട്രാർ. വധശിക്ഷ വേണമെന്ന് ശുപാർശ ചെയ്യാനുള്ള കേസിൽപ്പോലും പ്രാഥമിക വിചാരണ നടത്തണമെങ്കിൽ പോലും യഹൂദന്മാർക്ക് പ്രൊക്യുറേറ്ററുടെ അനുവാദം വേണമായിരുന്നു. അതില്ലാതെയാണ് നടത്തിയത്. അതുകൊണ്ട് ഈ വിചാരണ നിയമവിരുദ്ധമാണ്. 71 അംഗങ്ങൾ ഉള്ള സന്നിദ്രിം സംഘം സെമി സർക്കിളിൽ ആണിരിക്കുന്നത്. കുറ്റാരോപിതനായിരുന്നവനെ ഇവരുടെ മുമ്പിൽ നിർത്തും. പ്രൊക്യുറേറ്ററുടെ അനുവാദമില്ലാതെ നിയമവിരുദ്ധമായി കൂടിയ ഈ ന്യായവിധിയും അവർ യേശുവിന് വധശിക്ഷ വേണമെന്ന് വിധിക്കുകയാണ്. ആ ശിക്ഷയ്ക്ക് പീലാത്തോസിന്റെ മുമ്പിൽ ആനയിക്കുകയായിരുന്നു.

**പീലാത്തോസിന്റെ മുമ്പിൽ**

റോമൻ നടപടിക്രമങ്ങളും നിയമവും ലംഘിച്ചുകൊണ്ടാണ് പീലാത്തോസ് ഈ കേസിൽ ഇടപെട്ടത്. കുറ്റാരോപണം (charge sheet) വ്യക്തമായി എഴുതി പ്രതിയെ വായിച്ചു കേൾപ്പിക്കണമായിരുന്നു. പ്രതിക്ക് കുറ്റാരോപണങ്ങൾ മനസ്സിലായോ എന്നാരായുകയും വേണമായിരുന്നു. റോമൻ നിയമത്തിൽ സ്വാഭാവിക നീതി പാലിക്കേണ്ടതിനാൽ audi alteram parterm rule (hear the other side-കുറ്റാരോപിതന്റെ വിശദീകരണം കേൾക്കണമെന്ന്) നിർബന്ധമായിരുന്നു. പ്രതിക്ക് സാക്ഷികളെ വിസ്തരിക്കാനും വാദിക്കാനും സന്ദർഭം കൊടുക്കണം. ഇതൊന്നും പീലാത്തോസിന്റെ കോടതിയിൽ ഉണ്ടായിരുന്നില്ല. സീസർക്കെതിരായി സംസാരിച്ചെന്ന് ആരോപണമുള്ളതിനാൽ യേശുവിനെ ചോദ്യം ചെയ്യുവാൻ പീലാത്തോസ് നിർബന്ധിതനായി. സത്യം എന്നാൽ എന്താണ് എന്നായിരുന്നു അവനോട് ചോദിച്ച പ്രധാന ചോദ്യം. പീലാത്തോസ് ഞാനിവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് പറഞ്ഞു. ലൂക്കോസ് 23:4-ൽ ഇപ്രകാരം പറയുന്നു:

"പീലാത്തോസ് മഹാപുരോഹിതന്മാരോടും പുരുഷാരത്തോടും: ഞാൻ ഈ മനുഷ്യനിൽ കുറ്റം ഒന്നും കാണുന്നില്ല എന്നു പറഞ്ഞു."

കുറ്റമില്ല എന്ന് കണ്ടെത്തിയാൽ ഉടനെതന്നെ യേശുവിനെ മോചിപ്പിക്കേണ്ടതായിരുന്നു. റോമൻ നിയമം അനുസരിച്ചും ന്യായപ്രമാണമനുസരിച്ചും ന്യായാധിപൻ കുറ്റമില്ലെന്ന് കണ്ട ആളെ ഒരു നിമിഷം പോലും തടവിൽ വയ്ക്കുവാൻ പാടില്ലായിരുന്നു. എന്നാൽ ഇവൻ ഗലിലിയയിൽ തുടങ്ങി യഹൂദന്മാരുടെ ഇടയിൽ തർക്കമുണ്ടാക്കുന്നു എന്ന് പറഞ്ഞ് ജനം കൂവിയപ്പോൾ പീലാത്തോസ് അതൊരവസരമായി എടുത്ത് ഹേറോദിന്റെ അടുത്തേക്ക് വിട്ടു.

**ഹേറോദിന്റെ മുമ്പിൽ**

പിണക്കത്തിലായിരുന്ന ഹേറോദ് അന്തിപ്പാസിനെ പ്രീണിപ്പിക്കുക; ജനം നിയമം കയ്യിലെടുത്താൽ ഉത്തരവാദിത്വം ഹേറോദോസിന്റെ തലയിൽ കെട്ടി ഏൽപ്പിക്കുക; ഹേറോദ് വെറുതെ വിട്ടാൽ ജനം ഹേറോദിനെതിരെ തിരിയും; വധശിക്ഷ വിധിച്ചാൽ ഹേറോദ് അധികാരം ദുർവിനിയോഗം ചെയ്തു എന്നാരോപിക്കാം തുടങ്ങിയ പല കാരണങ്ങൾ കൊണ്ടാണ് ഹേറോദിന്റെ അടുത്തേക്ക് വിട്ടത്. സ്വയമേ ഭീരുവായ പീലത്തോസിന് യഹൂദന്മാരെ പിണക്കാൻ പേടിയുമായിരുന്നു. ഒരു ഭീരുവായ ന്യായാധിപന്റെ എല്ലാ ലക്ഷണങ്ങളും പീലാത്തോസ് കാണിച്ചിരുന്നു. സാധാരണ ഭീരുക്കളായ ന്യായാധിപന്മാരെപ്പോലെ പീലാത്തോസ് ആദ്യം തന്റെ അടുത്തുനിന്ന് കേസ് മാറ്റുവാനായിട്ട് ശ്രമിച്ചു. എന്നിട്ട് യഹൂദന്മാരോട് നിങ്ങളുടെ നിയമമനുസരിച്ച് ശിക്ഷിക്കുവാൻ പറഞ്ഞു. ക്രിസ്തുവിൽ ആരോപിക്കപ്പെട്ട കുറ്റം 'ദൈവദൂഷണം' ആയിരുന്നു. അതിന് ശിക്ഷ ന്യായപ്രമാണപ്രകാരം വധശിക്ഷ തന്നെയായിരുന്നു (ലേവ്യ 24:15, ആവ. 17:7). എന്നാൽ റോമാ സാമ്രാജ്യത്തിൽ സീസർ അധികാരപ്പെടുത്തിയ ന്യായാധിപനു മാത്രമേ വധശിക്ഷ വിധിക്കുവാൻ അധികാരം ഉണ്ടായിരുന്നുള്ളൂ. ആ ന്യായാധിപൻ റോമൻ നിയമം അനുസരിച്ചാണ് ന്യായം വിധിക്കേണ്ടത് റോമൻ നിയമമനുസരിച്ച് ദൈവദൂഷണം ഒരു കുറ്റമല്ല. എന്നാൽ രാജ്യദ്രോഹം വധശിക്ഷ ചുമത്തപ്പെടാവുന്ന കുറ്റമാണ്. ഇവൻ രാജാവാകുന്നു. രാജ്യം കയ്യടക്കുവാൻ ശ്രമിക്കുന്നു എന്ന ആരോപണം വന്നപ്പോൾ ശിക്ഷിച്ചില്ലെങ്കിൽ സീസർ തന്നെ പുറത്താക്കുമെന്ന് പീലാത്തോസ് ഭയന്നു. കൂടാതെ ജനക്കൂട്ടത്തിനെതിരായി വധിക്കുവൻ തന്റേടവും ഇല്ലായിരുന്നു. എന്നാൽ തന്റെ കർത്തവ്യം അനുസരിച്ച് വിധിക്കേണ്ടതിനു പകരം തന്റെ ചുമതലയിൽ നിന്ന് തെന്നിമാറി ഹേറോദിനെ ഏൽപ്പിക്കുകയാണ് പീലാത്തോസ് ചെയ്തത്. ഇന്നും ചുമതലയിൽ നിന്ന് തെന്നിമാറി കോടതി മാറ്റുകയോ, താഴത്തെ കോടതിയിലേക്കും മറ്റും റിമാന്റ് ചെയ്യുകയോ, വിധിക്കുവൻ മടിക്കുകയോ ചെയ്യുന്ന ന്യായാധിപന്മാരുണ്ട്. ഹേറോദേസും യേശുവിനെ കുറ്റക്കാരനെന്ന് വിധിച്ചില്ല. എന്നാൽ തിരിച്ച് പീലാത്തോസിന്റെ മുമ്പിൽ തന്നെ യേശുവിനെ വിട്ടു. ഹേറോദോസിന്റെ അധികാരം തന്നെ യേശു അംഗീകരിച്ചില്ല. ഹേറോദ് യേശുവിനെ പരിഹസിച്ചത് മാത്രമേയുള്ളൂ. അവനെ ശുഭ്രവസ്ത്രം ധരിപ്പിച്ച്

മടക്കി അയച്ചു. ഹേറോദോസ് ഒരു ന്യായാധിപന് യോജിക്കാത്ത വിധത്തിൽ ക്രിസ്തുവിനെ കളിയാക്കാനാണ് അവസരം ഉപയോഗിച്ചത്. ഹേറോദും യേശുവിനെ കുറ്റക്കാരനെന്ന് വിധിച്ചില്ല.

**വീണ്ടും പീലാത്തോസിന്റെ മുമ്പിൽ**

എന്നാൽ വീണ്ടും യേശുവിനെതിരെ കുറ്റമൊന്നും തെളിയിക്കുവാൻ കഴിഞ്ഞില്ല. 'ക്രൂശിക്കുക' എന്ന ആർപ്പ് മാത്രമേ ഉണ്ടായുള്ളൂ. വിചാരണയ്ക്ക് ശേഷം പീലാത്തോസ് പറഞ്ഞു. ഇവനിൽ കുറ്റമൊന്നും കാണുന്നില്ലെന്ന്. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു:

"ഞാനോ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും ഇവനിൽ കണ്ടില്ല; ഹേറോദാവും കണ്ടില്ല; അവൻ അവനെ നമ്മുടെ അടുക്കൽ മടക്കി അയച്ചുവല്ലോ; ഇവൻ മരണയോഗ്യമായത് ഒന്നും പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം; അതുകൊണ്ട് ഞാൻ അവനെ അടിപ്പിച്ചു വിട്ടയക്കും എന്നു പറഞ്ഞു."

എന്നാൽ ജനം 'ക്രൂശിക്കുക' എന്ന് പറഞ്ഞപ്പോൾ ഭീരുവായ പീലാത്തോസ് ജനങ്ങളെ സാന്ത്വനപ്പെടുത്തുവാൻ ഒരുപായം കണ്ടുപിടിച്ചു. പെസഹായ്ക്ക് ഒരാളെ മോചിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ബറാബാസിനെ വേണോ യേശുവിനെ വേണോ എന്നായിരുന്നു ചോദ്യം. ഒരു കലാപകാരിയായ ബറാബാസിനെ വേണമെന്ന് ജനം പറയുമെന്ന് ഒരിക്കലും പീലാത്തോസ് വിചാരിച്ചില്ല. ബറബാസ് എന്നു പറഞ്ഞാൽ son of the father അച്ഛന്റെ മകൻ എന്നാണ്. വലിയ ഒരു റബ്ബിയുടെ മകനായിരുന്നു ബറാബാസ്. Al Queida-യെപ്പോലെ യഹൂദന്മാരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന ഒരു ഭീകര സംഘടനയുടെ നേതാവ്. അയാളുടെ ശരിയായ പേര് ജോഷ്വാ അഥവാ ജീസസ് ബറബാസ് എന്നാണ്. അതിനുശേഷം ന്യായാസനമായ Bema എന്ന സിംഹാസനത്തിലിരുന്ന് യേശുവിനെ അവിടെ തടിച്ചുകൂടിയിരുന്ന ജനത്തിന്റെ ആവശ്യപ്രകാരം വധശിക്ഷയ്ക്ക് വിധിച്ചു. ജനം എല്ലാം പുരോഹിതന്മാർ ആവശ്യപ്പെട്ടതുപോലെ ബറാബാസിനെ മതി എന്ന് പറഞ്ഞു. ഗത്യന്തരമില്ലാതെ തന്റെ ഭാര്യയുടെ വാക്കും കേൾക്കാതെ യേശുവിനെ ചമ്മട്ടി കൊണ്ടടിപ്പിച്ചു. ക്രൂശിക്കുവാനായി ഏൽപ്പിച്ചു. അങ്ങിനെ ന്യായാധിപരുടെ ന്യായാധിപനായ സർവലോകത്തെയും ന്യായം വിധിപ്പാനുള്ള യേശുവിനെ തന്റെ സൃഷ്ടിയായ പീലാത്തോസ് കുറ്റമില്ലെന്ന് കണ്ട ശേഷം ജനങ്ങളുടെ കലാപവും സമ്മർദ്ദവും കാരണം ന്യായം വിധിക്കുന്ന വലിയ അന്യായവിധിക്ക് ലോകം സാക്ഷിയായി. എന്നാൽ യഹൂദ നിയമപ്രകാരം ക്രൂശുമരണത്തിന് ശിക്ഷിച്ചതിന് ഒരു ജഡ്ജ്മെന്റ് ആവശ്യമായിരുന്നു. അത് സീസറിന് അയച്ചുകൊടുക്കണമായിരുന്നു. അത് സ്ഥിരമായി സൂക്ഷിക്കേണ്ട ഒരു രേഖയാണ്. 'ദൈവദൂഷണം' റോമൻ നിയമത്തിൽ ഒരു കുറ്റമല്ലെങ്കിലും 'രാജ്യദ്രോഹം' വധശിക്ഷയ്ക്ക് അർഹമാകുന്ന ഒരു കുറ്റമാണ്. അതിനാൽ ഇപ്രകാരം ഒരു അന്യായവിധി എഴുതി ഉണ്ടാക്കി.

In the 17th year of reign of Emperor Tiberius, and on the 25th day of March, in the most Holy City of Jerusalem, during the Pontificate of Dumas the Colaphas, Pontius Pilate, Intedent of the Province of the lower Galilee, sitting in the provincial seat, sentences Jesus of Nazareth to death on a cross between two robbers, as the numerous and notorious testimonials of the people will prove.

Fist: Jesus was a misleader

Second: He was excited the people to sedition

Third : He is an enemy of the laws

Fourth: He calls himself falsely, The son of God

Fifth: He calls himself falsely, The king of Israel

Sixth: He went into the temple, Followed by a multitued carrying palms in their hands.

**Order**

The First Centurion, Quintus Cornelius, to bring him to the place of execution, forbids all persons rich or poor to prevent the execution of Jesus.

**തടവുകാരനെ വിചാരണ വേളയിൽ മർദ്ദിക്കുക എന്നുള്ളത് പാടില്ലാത്തതായിരുന്നു. അങ്ങനെ സംഭവിച്ചാൽ ന്യായാധിൻ ശിക്ഷക്കു അർഹനാണെന്ന് തൽമൂദിൽ വ്യവസ്ഥയുണ്ടായിരുന്നു. വധശിക്ഷയ്ക്ക് രണ്ടുപേരുടെ മൊഴി വേണമായിരുന്നു.**

നിയമം അനുസരിച്ചുമാത്രം, ഭയക്കാതെയും പ്രീണിപ്പിക്കാതെയും ന്യായം വിധിക്കുമെന്ന് സത്യപ്രതിജ്ഞയെടുത്ത് ചുമതലയേൽക്കുന്ന ന്യായാധിപന്മാർ നീതിയോടെ വിധിക്കട്ടെ. ചുമതലയിൽ നിന്ന് ഒഴിഞ്ഞു മാറാതെ പീലാത്തോസിനെപ്പോലെ ഭീരുക്കളായ ന്യായാധിപന്മാർ, കുറ്റമില്ല എന്നു കണ്ടിട്ടും ജനപ്രീതിക്കുവേണ്ടി ശിക്ഷിക്കുന്ന ന്യായാധിപന്മാർ, നീതിയും ന്യായവും നോക്കാതെ അന്യായവിധികളെഴുതുന്ന ന്യായാധിപന്മാർ ഇനിയും ഉണ്ടാകാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ■





# പഠനത്തിന്റെ നാളുകൾ തുടങ്ങുകയാണ്

■ ഡോ. സന്തോഷ് ജി. തോമസ്

വീണ്ടും പഠനത്തിന്റെ നാളുകൾ തുടങ്ങുകയാണ്. പേടിച്ച് പേടിച്ചെഴുതിയ കൊല്ലപ്പരീഷയും ആടിത്തിമിർത്ത മധ്യവേനൽ അവധിയും ഇനി തൽക്കാലം ഓർമ്മയിൽ മാത്രം. എന്നാൽ പഠനം തുടങ്ങിയ മധ്യവേനൽ അവധിയുടെ 'ഹാങ് ഓവർ' ഒന്നു വിട്ടുവരുമ്പോഴേക്ക് ഒരു 'ടേം' ഏകദേശം അവസാനിച്ചിരിക്കും. പിന്നെ ട്യൂഷൻ! അത് പലയിടത്തും രാവിലെ 5–ന് തുടങ്ങും. വൈകിട്ടത്തേത് രാത്രി 8 വരെ എത്തും അൽപം വൈകിയാണെങ്കിലും ഉറങ്ങാമെന്ന് കരുതിയാൽ ഒന്നുറങ്ങിവരുമ്പോഴേക്ക് തുടരെ അലാറങ്ങൾ മുഴങ്ങും! രാവിലത്തെ ട്യൂഷന് സമയമാകുന്നു!! ഇത് കുട്ടികളുടെ വിദ്യാർത്ഥി ജീവിതത്തിലെ തുടർ കാഴ്ചയാണ്. എന്നാൽ പുതിയ പാഠങ്ങളുടെയും അനുഭവങ്ങളുടെയും വാതായനങ്ങൾ തുറക്കുമ്പോൾ അതിനെ കൃത്യതയോടും ചിട്ടയോടും കൂടിയാണ് സമീപിക്കുന്നതെങ്കിൽ പഠനം വളരെ രസകരവും അനായാസവും ആയിത്തീരും നോ ടെൻഷൻ. അതിന് ചെയ്യേണ്ടത് നാല് കാര്യങ്ങൾ മാത്രം.

### 1. അവലോകനം

പുതിയ പാഠങ്ങളിലേക്ക് കടക്കുമ്പോൾ ആദ്യം വേണ്ടത് മുൻവർഷത്തെ പഠനരീതികളെക്കുറിച്ച് ശരിയായ ഒരു അവലോകനവും അവബോധവുമാണ്. ഓരോ വിഷയവും എങ്ങനെ എത്ര സമയം പഠിച്ചു? പഠിച്ചതൊക്കെ എത്രമാത്രം മനസിലാക്കാനും പരീക്ഷയ്ക്ക് ഉത്തരക്കടലസിൽ പ്രയോജനപ്പെടുത്താനും കഴിഞ്ഞു? പഠനം പരാജയപ്പെട്ട വിഷയങ്ങൾ ഉണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തായിരുന്നു? പഠനം കുറേകൂടി മികച്ചതാക്കാൻ അന്ന് എന്തൊക്കെ ചെയ്യാമായിരുന്നു? ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് സ്വയം ഒരു അവലോകനം നടത്തുമ്പോൾ നമ്മുടെ 'മെറിറ്റും' 'ഡീമെറിറ്റും' പെട്ടെന്ന് ബോധ്യമാകും. പുതുവർഷത്തിൽ ഈ കുറവുകൾ പരിഹരിക്കാൻ ഒരു പ്രതിജ്ഞയെടുത്ത് പുതിയ പാഠങ്ങൾ തുറക്കുകയും ചെയ്യാം.

### 2. പഠന മുറി

പഠനം തുടങ്ങുന്നത് പഠനമുറിയിൽ നിന്നാണ്. പഠനമുറി എന്നുകേൾക്കുമ്പോൾ പഠനത്തിനുവേണ്ടി ഒരു മുറി എന്ന അർത്ഥമൊന്നും ഇല്ല. നല്ല വായു സഞ്ചാരവും ആവശ്യത്തിന് വെളിച്ചവും ഒക്കെ ലഭിക്കുന്ന ഇടത്ത് ഇരുന്ന് പഠിക്കാനുള്ള സൗകര്യം. ശബ്ദകോലാഹലങ്ങളും ശല്യപ്പെടുത്തരുത്. അടിസ്ഥാനപരമായി ഇത്രയും മതി. പിന്നെ ഒരോരുത്തരുടേയും സൗകര്യമനുസരിച്ച് സ്റ്റഡിടേബിൾ, ബുക്ക് ഷെൽഫ്, എന്തുവേണമെങ്കിലും ആകാം. പഠനമുറിയുടെ ഏറ്റവും വലിയ പ്രത്യേകത ഭംഗിയായി പൊതിഞ്ഞ് ചിട്ടയായി അടുക്കി സൂക്ഷിക്കുന്ന പാഠ പുസതകങ്ങളും നോട്ടുബുക്കുകളുമാണ്. പഠനമേശയുടെ മുമ്പിൽ ഒറ്റനോട്ടത്തിൽ കാണത്തക്കവിധം ടൈം ടേബിൾ ഒട്ടിച്ചാൽ നല്ലതാണ്.

പേന, പെൻസിൽ, കട്ടർ, റബ്ബർ, ഇൻസ്ട്രമെന്റ് ബോക്സ് തുടങ്ങിയവയെല്ലാം അടുത്തുതന്നെവേണം. മൊത്തത്തിൽ കണ്ടാൽ ഏത് അക്ഷര വിരോധിയും അൽപനേരം അവിടിരുന്ന് പുസ്തകമൊക്കെ മറിച്ചു നോക്കാൻ ഇഷ്ടപ്പെടണം.

കഥപുസ്തകങ്ങളോ ഗയിമുകളോ, ടിവിയോ എന്തിന് പാഠപുസ്തകത്തിൻനിന്ന് ശ്രദ്ധതിരിക്കുന്നതരത്തിൽ മുഖം നോക്കുന്ന ഒരു ചെറിയ കണ്ണാടിപോലും അടുത്തെങ്ങും ഉണ്ടാകരുത്.

### 3. പഠനരീതി

അതാത് ദിവസം പഠിക്കുക, അടുത്ത ദിവസത്തെ ക്ലാസുകളിലേക്കുള്ള നോട്ടുബുക്കുകളും പുസ്തകങ്ങളും ഉറങ്ങും മുമ്പേ എടുത്തുവയ്ക്കുക, അങ്ങനെ എടുത്തുവയ്ക്കുമ്പോൾ തന്നെ ഹോംവർക്കുകൾ ഒക്കെ ചെയ്തിട്ടുണ്ടോ എന്നു നോക്കുക ഇതൊക്കെ നമുക്കറിയാവുന്ന കാര്യങ്ങളാണ്.

എന്നാൽ രാത്രി പാടുപെട്ട് പഠിച്ചത് പലതും പിറ്റെ ദിവസം ക്ലാസിലെത്തുമ്പോൾ മറന്നിരിക്കും. അതോടെ കുട്ടി ഓർമ്മയില്ലാത്തവനാകും. രാത്രി പഠിച്ചത് നന്നായിട്ടുണ്ടാവും, രാവിലത്തെ പഠനസമയത്ത് രാത്രി പഠിച്ചത് ഒരിക്കൽക്കൂടി ഓർത്തെടുക്കാൻ ശ്രമിക്കുന്നതോടയേ പഠിച്ചത് ഓർമ്മയിൽ പൂർണ്ണമായി 'സേവ്' ആകു ഇതിന് വളരെ കുറച്ചു സമയമേ വേണ്ടിവരു. പഠനം വേഗത്തിലാക്കാൻ ആദ്യം വായിച്ചു പഠിക്കാം. പിന്നെ ഓർത്തു പറഞ്ഞുനോക്കാം അവസാനം എഴുതിനോക്കാം ഇത്രയും നിർബന്ധമാണ്. പഠിക്കാൻ തിരഞ്ഞെടുക്കുന്ന സമയവും പ്രധാനമാണ്. എല്ലാ ദിവസവും ഒരേ സമയം പഠിക്കുന്നതാണ് നല്ലത്. സ്വയം പഠിക്കുന്നതിനും ഒരു ടൈംടേബിൾ ഉണ്ടാക്കിയെടുക്കണം. സ്കൂളിലെപ്പോലെ ഒരു പീരിയഡ് സമയം കഴിയുമ്പോൾ അൽപം റെസ്റ്റ് ഒന്നെഴുനേൽക്കാം. നടക്കാം അൽപം വെള്ളമൊക്കെ കുടിക്കാം. ഈ സമയത്ത് ടിവി കാണാനും ഗയിം കളിക്കാനും പോകരുത് "പോയിരുന്നു പഠിക്കെടാ" എന്നു പറഞ്ഞ് കുട്ടികളെ ഓടിച്ചു വിട്ടിട്ട് ടിവിയുടെ മുമ്പിലിരുന്ന് റിയാലിറ്റി ഷോ കാണുന്ന രക്ഷിതാക്കൾ ടിവി ഓഫ് ചെയ്ത് ഇടക്കിടെ കുട്ടികളുടെ പഠന മുറിയിലേക്ക് കയറി ചെല്ലുകയോ ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ കൊടുക്കുകയോ ഒക്കെ ചെയ്യുന്നത് കുട്ടിയുടെ പഠനത്തെ മാത്രമല്ല സ്വഭാവ രൂപീകരണത്തിനും സഹായിക്കും.

### 4. ട്യൂഷൻ

കേരളത്തിൽ വളരെ ശക്തിയായി വളർന്നു പന്തലിച്ചിരിക്കുന്ന ചെറുകിട/വൻകിട വ്യവസായമാണ് 'ട്യൂഷൻ' എന്ന കൃഷി. പൊതു വിദ്യാഭ്യാസവകുപ്പ് മുമ്പ് പലപ്പോഴും ട്യൂഷൻ ട്രെൻഡ് നിരുൽസാഹപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ട്യൂഷൻ ഒരു ഫാഷനായി ശക്തമായി മുന്നേറുകയാണ്. ഒരു ദിവസം സ്കൂളിൽ ഏഴ് പീരിയഡ് ആയി അഞ്ചുമണിക്കൂർ പഠിക്കുന്ന കുട്ടിക്ക് ആഴ്ചയിൽ 25 മണിക്കൂറാണ് അധ്യയനം. ക്ലാസിൽ 30 പേർക്ക് ഒരധ്യാപകൻ എന്ന നിലയിൽ പഠിപ്പിച്ചിട്ട് മനസ്സിലാക്കാത്തത് ദിവസം ഒന്നോ രണ്ടോ മണിക്കൂർ വച്ച് ഒരാഴ്ച 10 അല്ലെങ്കിൽ ശനിയും ഞായറും കൂട്ടിയാൽ 15 മണിക്കൂർ 50/60 വിദ്യാർത്ഥികൾക്ക് ഒരുമിച്ച് കിട്ടിയാൽ പഠിക്കാൻ കഴിയുമോ? എങ്കിലും ട്യൂഷനെ പൂർണ്ണമായി തള്ളിക്കളയുന്നില്ല. ചില വിഷയങ്ങൾ കുട്ടികൾക്ക് വേണ്ടത്ര ഗ്രഹിക്കാൻ കഴിയാതെ വന്നാൽ ആ വിഷയത്തിൽമാത്രം ട്യൂഷനൊക്കെ ആവാം.

> **' ഭാരതത്തിലെ സ്കൂൾ വിദ്യാർത്ഥിക ളിൽ 10 മുതൽ 14 ശതമാനത്തിന് പഠന വൈകല്യമുണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇതിനെ വേണ്ട രീതിയിൽ അഭിമുഖീ കരിക്കുന്നതിന് ഭൂരി പക്ഷം സ്ക്കൂളുകളും പരാജയമാണെന്ന് പറയാതെ വയ്യ. '**

പക്ഷേ ഒന്നോർക്കണം. എത്രപഠിച്ചാലും ഒരു ദിവസം ശരാശരി 7 മണിക്കൂർ ഉറക്കം എന്നത് കുട്ടിക്ക് പ്രധാനമാണ്. ഉറക്കം കുറയുന്നതോടെ പഠനം വീണ്ടും കീറാമുട്ടിയാകും.

ഇത്രയുമൊക്കെ ആയാൽ കുട്ടി മിടുക്കനാവും എന്നതിന് ഒരു സംശയവും ഇല്ല. എന്നാൽ ഇതിലേറെ ചെയ്തിട്ടും കുട്ടികൾ പഠനത്തിൽ പിന്നോട്ടുപോയാൽ അവിടെ പഠന വൈകല്യത്തിന്റെ സാന്നിദ്ധ്യം സംശയിക്കണം

### പഠനവൈകല്യം

ഭാരതത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ 10 മുതൽ 14 ശതമാനത്തിന് പഠനവൈകല്യമുണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇതിനെ വേണ്ട രീതിയിൽ അഭിമുഖീകരിക്കുന്നതിന് ഭൂരിപക്ഷം സ്ക്കൂളുകളും പരാജയമാണെന്ന് പറയാതെ വയ്യ.

പഠനവൈകല്യമെന്നാൽ ഭാഷ ഉപയോഗിക്കുന്നതിന്, സംസാരിക്കുന്നതിന്, എഴുതുന്നതിനുള്ള ആശയ കുഴപ്പം, ശ്രദ്ധിക്കാനും, ചിന്തിക്കാനും, സംസാരിക്കാനും, വായിക്കാനും, എഴുതാനും, കണക്കുകൂട്ടാനും ഉള്ള കഴിവ് കുറവ് ഒക്കെയാ



ണ്.സാധാരണ നിലയിലുള്ള പഠനം അവർക്ക് ബുദ്ധിമുട്ടാണ്. മറ്റെല്ലാക്കര്യങ്ങളിലും മിടുക്കരുമായിരിക്കും. ഇതുകാരണം ക്ലാസിൽ കുട്ടി ഉഴപ്പനായും ഉത്തരവാദിത്വബോധം ഇല്ലാത്തവനായും ഉത്സാഹമില്ലാത്തവനായും മുദ്രകുത്തപ്പെടും. അധ്യാപകരുടെ ശിക്ഷയും സഹ പാഠികളുടെ കളിയാക്കലും സ്ഥിരമായി കിട്ടും.

ഇങ്ങനെയുളള കുട്ടികളെ ആദ്യമേതന്നെ ശ്രദ്ധിച്ചാൽ എല്ലാം മാറ്റിയെടുക്കാവുന്നതേയുള്ളു വീട്ടിൽതന്നെ കണ്ടെത്താൻ എളുപ്പവുമാണ്. പഠനവൈകല്യങ്ങൾ പ്രധാനമായും നാലു തരത്തിലാണ് കാണപ്പെടുന്നത്.

**1. ഡിസ്‌ലക്‌സിയ (വായനാ വൈകല്യം)**

വായിക്കുന്നതിനുളള ബുദ്ധിമുട്ടാണ് ഡിസ്‌ലക്‌സിയ ഇതുള്ളവർക്ക് ഉച്ചാരണം ശരിയാവില്ല. ഇടത്തും വലത്തും സംശയം, വാക്കുകളോ അക്ഷരങ്ങളോ തിരിച്ച് വായിക്കും.

ഉദാ: ന/ധ, ലത/തല

സാവധാനത്തിലായിരിക്കും വായന ചില വാക്കുകളോ അക്ഷരങ്ങളോ ഒക്കെ ഒഴിവാക്കിക്കളയുകയും ഇല്ലാത്ത ചില തൊക്കെ കൂട്ടിച്ചേർക്കുകയും ചെയ്തേക്കാം.

**2. ഡിസ്ഗ്രാഫിയ (രചനാ വൈകല്യം)**

ഡിസ്ഗ്രാഫിയക്കാർ എഴുതുന്നത് നമുക്ക് വായിക്കാൻ അത്ര എളുപ്പമാവില്ല. വരയും പേജും അക്ഷരവും തമ്മിലൊന്നും ഒരു ബന്ധവും കാണില്ല. അക്ഷരരൂപങ്ങൾ തെറ്റും, ഇടയ്ക്കുള്ള അകലം വ്യത്യസ്ഥവുമാകാം. ശ്രദ്ധമില്ലാതെയും സാവധാനത്തിലുമാവും എഴുതുന്നത്.

**3. ഡിസ്കാൽക്കുലിയ (ഗണന വൈകല്യം)**

ഡിസ്കാൽക്കുലിയ കുട്ടികൾക്ക് വസ്തുക്കളുടെ സൈസ്, കളർ, ഷേപ്പ് ഇവയിലൊന്നും അത്ര ബോധ്യം ഉണ്ടാവില്ല. അക്കങ്ങളും അവയുടെ രൂപങ്ങളും യോജിപ്പിച്ച് കാണുന്നതിന് കഴിവ് നന്നേ കുറവായിരിക്കും. ദൈനം ദിനകാര്യങ്ങളിലെ സാധാരണ കണക്കുകൂട്ടലുകൾ പോലും ദുഷ്കരമായിരിക്കും.

**4. ഡിസ്പ്രാക്സിയ (പ്രയോഗ/പ്രവർത്തന വൈകല്യം)**

ശരിക്കും പരിചിതമല്ലാത്ത കാര്യങ്ങൾ പെട്ടെന്ന് ചെയ്യുന്നതിനുള്ള കഴിവില്ലായ്മയാണിത്. സ്കൂൾ പി.ടി, ഗയിമുകൾ എല്ലാം ഇവരെ നന്നായി ബുദ്ധിമുട്ടിക്കും. ഇവർക്ക് 'ഷോർട്ട് ടേം' മെമ്മറി ആയിരിക്കും ശക്തം .ദിശാബോധവും കുറവായിരിക്കും. ഇവരുടെ ജീവതത്തിൽ സമയക്രമീകരണം ഉണ്ടാക്കിയെടുക്കാൻ വളരെ ബുദ്ധിമുട്ടും. രാവിലെ കൃത്യസമയത്ത് കുട്ടിയെ സ്കൂളിൽ വിടുക എന്നത് "ഹെർകൂലി യൻ ടാസ്ക്" ആയിരിക്കും.

***അടിവര***

*പരീക്ഷാപ്പേടി സമയത്ത് സ്ഥിരം വിളിച്ചുകൊണ്ടിരുന്ന ഒരു +2 ക്കാരി റിസൾട്ടു വരും മുമ്പ് വീണ്ടും വിളിച്ചു. പരീക്ഷ കഴിഞ്ഞതിൽപ്പിന്നെ ഉറങ്ങാനേ കഴിഞ്ഞിട്ടില്ലെന്ന്*

*"എന്തിനാ പേടിക്കുന്നത് ? നന്നായി എഴുതിയിട്ടുണ്ടെന്നല്ലേ പറഞ്ഞത്."*

*"അതേ സാർ....പക്ഷേ റിസൾട്ടു വരുമ്പോൾ..."*

*"റിസൾട്ടു വരുമ്പോൾ ഒന്നും സംഭവിക്കില്ല പേടിക്കാതെ ധൈര്യമായിരിക്കു കുട്ടി*

*"അല്ല സാർ.... പപ്പ!!"*

*"അങ്ങനെയൊന്നും പേടിക്കണ്ട. നന്നായി പാസ്സാകും മാർക്ക് കുറഞ്ഞാലും പപ്പ ഒന്നും പറയില്ല."*

*" പപ്പക്ക് ഒരിക്കൽ അറ്റാക്ക് വന്നിട്ടുള്ളതാ."*

*" മോൾക്ക് മാർക്ക് കുറഞ്ഞൂന്ന്പറഞ്ഞ് പപ്പക്ക് അറ്റാക്കുവരില്ല കുട്ടി... സമാധാനമായിരിക്കൂ."*

*"അതല്ല സാർ... എന്റെ കസ്റ്റൻ വച്ച് മാർക്കൊക്കെ കൂട്ടി നോക്കീട്ട് പപ്പ ഒരു MBBS സീറ്റ് ബുക്ക് ചെയ്തു. 25 ലക്ഷം അഡ്വാൻസും കൊടുത്തു."*

*"????"*

## പ്രഭാഷണം




മാനസീക വൈകല്യങ്ങളും നിയമവും തമ്മിൽ ബന്ധമുണ്ട്. ലോകത്ത് ഏറ്റവും അധികം ആത്മഹത്യ നടക്കുന്നത് ഇന്ത്യയിലാണ്. കേരളമാണ് ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന സംസ്ഥാനം. ഞാൻ ലോ കോളേജിൽ പഠിക്കുവാൻ ചെന്ന അവസരത്തിൽ ഇന്റർവ്യൂ ബോർഡിലെ അദ്ധ്യാപകൻ ചോദിച്ചു ഇന്ത്യൻ പീനൽ കോഡിൽ 'കുറ്റം ചെയ്താൽ ശിക്ഷയില്ല. എന്നാൽ കുറ്റം ചെയ്യുവാൻ ശ്രമിച്ചാൽ ശിക്ഷയുമുണ്ട്' ഏതു കുറ്റമാണെന്ന് അറിയാമോ? എനിക്ക് ഉത്തരം പറയുവാൻ കഴിഞ്ഞില്ലെങ്കിലും ചോദ്യകർത്താവു തന്നെ ഉത്തരം പറഞ്ഞു. 'ആത്മഹത്യ'. ആത്മഹത്യ ചെയ്തു കഴിഞ്ഞാൽ, പിന്നെ ആ ആളിനെതിരേ കേസ് എടുക്കുവാൻ കഴിയില്ലല്ലോ.

ആത്മഹത്യ ചെയ്യുന്ന ആളുകൾക്ക് ക്രിസ്ത്യൻ സഭകൾ കൂദാശപരമായ ശവസംസ്ക്കാരം നിഷേധിക്കുന്നു. അതിൽ പതിയിരിക്കുന്നത് രണ്ട് പ്രധാന അപകടങ്ങളിൽ ഒന്ന് ഇത് ആത്മഹത്യയാണെന്ന് തീരുമാനിക്കുന്നത് എങ്ങനെയാണ്. മരണവും ശവസംസ്ക്കാരവും തമ്മിൽ ഒന്നോ രണ്ടോ ദിവസ വ്യത്യാസം മാത്രമായിരിക്കും. ഇപ്പോൾ മോർച്ചറിയുള്ളതു കൊണ്ട് ദിവസങ്ങൾ കൂടുന്നുണ്ട്. എന്നാൽ ആത്മഹത്യ ചെയ്തതാണെന്ന് പറഞ്ഞാൽ അദ്ദേഹത്തിന് സഭ ആഘോഷകരമായ ശവസംസ്ക്കാരം നിരോധിക്കുന്നു. ഇത് ദുഃഖാർത്ഥരായ കുടുംബങ്ങളെ ആശ്വസിപ്പിക്കുവാൻ കഴിയണം എന്ന സഭയുടെ ഉത്തരവാദിത്വം യാഥാർത്ഥ്യമാക്കുവാൻ കഴിയാതെ പോകുന്നു.

എന്നാൽ 'ആത്മഹത്യ' എന്ന് കരുതി ശവസംസ്ക്കാരം നിഷേധിച്ച വ്യക്തിയുടെത് ഒരാഴ്ച കഴിഞ്ഞ് കൊലപാതകമായിരുന്നു എന്ന് അറിഞ്ഞാൽ എന്തായിരിക്കും സ്ഥിതി. ആത്മഹത്യ എന്നു കരുതിയ എത്രയോ കേസുകളാണ് പിൽക്കാ




# ആത്മഹത്യ

## കൂദാശ നിഷേധിക്കുവാൻ കഴിയുമോ...

■ **ജസ്റ്റീസ് കെ.റ്റി. തോമസ്**

ലത്ത് കൊലപാതകങ്ങളായി തെളിയിക്കപ്പെട്ടിട്ടുള്ളത്.

ഇനിയും ആത്മഹത്യയോ കൊലപാതകമോ അല്ല, അപകടമരണമാണ് എന്ന് തെളിഞ്ഞാലോ?. അത്തരം കേസുകളും ധാരാളം കണ്ടിട്ടുണ്ട്. ഇത്തരം തെളിവുകൾ എല്ലാം തിരിച്ചറിഞ്ഞു കഴിയുമ്പോൾ കുദാശാപരമായ കാര്യങ്ങൾ എല്ലാം കഴിഞ്ഞിരിക്കും. സഭ ഇതിന് നൽകുന്ന ഒരു വിശദീകരണമുണ്ട്. ഒരാൾ മരിക്കുന്നത് നിശ്ചയിക്കുന്നതിനുള്ള അധികാരം ദൈവത്തിനാണുള്ളത്. അല്ലാതെ വ്യക്തികൾക്ക് അല്ല. വ്യക്തി തന്നെ മരണത്തിനുള്ള തീരുമാനം എടുക്കുന്നതു കൊണ്ടാണ് സഭ കൂദാശ നിഷേധിക്കുന്നത്. അവിടെയും ഒരു യുക്തിഭംഗമുണ്ട്. ദൈവം നിശ്ചയിച്ച സമയത്ത് അല്ല എങ്കിൽ ആത്മഹത്യ ചെയ്യുവാൻ പോയ ആൾ മരിക്കുകയില്ല. എനിക്ക് ഇത്തരം ഒത്തിരി കേസുകൾ അറിയാം.

ആത്മഹത്യ ചെയ്യുവാൻ ഇലക്ട്രിക് പോസ്റ്റിൽ കയറിയെങ്കിലും കറന്റു പോയതിനാൽ ആത്മഹത്യ ചെയ്യുവാൻ കഴിയാതെ വന്നു. ആത്മഹത്യ ചെയ്യുവാൻ കയർ കെട്ടി ശ്രമിച്ചെങ്കിലും നല്ല കയർ അല്ലാത്തതിനാൽ പൊട്ടി വീണ സംഭവങ്ങളും ഉണ്ട്. ആത്മഹത്യ ചെയ്യുവാനായി വിഷം കഴിച്ച വ്യക്തി, വിഷം വ്യാജമായതിനാൽ മരിക്കാത്ത സംഭവങ്ങളും ഉണ്ട്.

ആത്മഹത്യ ചെയ്യുവാൻ ആഗ്രഹിച്ചവർക്കും ശ്രമിച്ചവർക്കും ആത്മഹത്യ ചെയ്യുവാൻ കഴിയാതെ വന്ന ധാരാളം സംഭവങ്ങളുണ്ട്. കാരണം ആ സമയം ദൈവം നിശ്ചയിക്കാത്തതു കൊണ്ടാവാം. മരണം നിശ്ചയിക്കുന്നത്. ദൈവമാണ് അത് ഏതു മുഖേന എന്നു നിശ്ചയിക്കുന്നതും ദൈവമാണ്.

എനിക്കും പറയുവാൻ കഴിയും ഇന്നത്തെ 95 ശതമാനം ആത്മഹത്യകളും ആത്മഹത്യാശ്രമങ്ങളും മനോരോഗത്തിന്റെ ഫലമായിട്ടുള്ളതാണ്, അത് ഒരു രോഗമാണ്. ഞാൻ കേട്ടിട്ടുള്ള ആത്മഹത്യാ കേസുകളിൽ ബഹുഭൂരിപക്ഷവും രോഗത്തിന്റെ ഫലമായിട്ടുള്ളതാണ് എന്ന് നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നുകിൽ ഇത് വിഷാദത്തിന്റെ ഫലമാണ്. അല്ലെങ്കിൽ മതിവിഭ്രമത്തിന്റെ ഭാഗമാണ്. അല്ലെങ്കിൽ സംശയത്തിന്റേതുമാകാം.

മാനസിക രോഗത്തിന്റെ പ്രവണതയിൽ നിന്നും കൊലപാതകത്തിന്റെ പ്രവണതകളിലേക്ക് വളരുന്ന രോഗികളുടെ അനേക സംഭവങ്ങൾ കോടതിയിൽ കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഞാനും പ്രാർത്ഥിക്കുന്ന ആളാണ്. പ്രാർത്ഥനകൊണ്ട് മാത്രം മാനസിക രോഗങ്ങൾ മാറും എന്ന ഫിലോസഫിയിൽ വിശ്വസിക്കാത്ത ആളാണ് ഞാൻ. ഒരു പ്രാർത്ഥനാ പുരുഷനോട് വിശ്വാസികൾ ചോദിച്ചു. അങ്ങയുടെ വീടിന് തീപിടിച്ചാൽ എന്തു ചെയ്യും. അദ്ദേഹം പറഞ്ഞു. ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ദൈവം തന്ന കൈകൾ കൊണ്ട് വെള്ളം കോരി ഒഴിച്ച് തീയണക്കുകയും ചെയ്യും. ദൈവത്തോട് പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവം തന്ന എല്ലാ സൗകര്യങ്ങളെയും ഉപയോഗപ്രദമാക്കുവാൻ കഴിയുകയും ചെയ്യണം. മാനസിക രോഗികളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ പ്രതിപുരുഷന്മാരായി വന്നവരാണ് മനോരോഗ വിദഗ്ധന്മാർ. പ്രാർത്ഥനയോടൊപ്പം വിദഗ്ധ ചികിൽസകളും സ്വീകരിക്കുവാൻ കഴിയണം.

ആത്മഹത്യ ചെയ്തവർക്ക് കൂദാശകൾ കൊടുക്കുന്ന സഭകളോട് എനിക്ക് ആദരവുണ്ട്. ശവസംസ്കാരത്തിലെ മുഴുവൻ പ്രാർത്ഥനകൾ നടത്താതെ ആത്മഹത്യ ചെയ്തവരെ സംസ്ക്കരിക്കുന്ന സഭകളും ഉണ്ട്. പ്രാർത്ഥനകൾ ചുരുക്കി ചൊല്ലി ആത്മഹത്യ ചെയ്യുന്നവരെ സംസ്ക്കരിക്കുന്ന രീതി തിരുത്തപ്പെടേണ്ടതാണ്. കാരണം

**ഇന്നത്തെ 95 ശതമാനം ആത്മഹത്യകളും ആത്മഹത്യാശ്രമങ്ങളും മനോരോഗത്തിന്റെ ഫലമായിട്ടുള്ളതാണ്, അത് ഒരു രോഗമാണ്. ഞാൻ കേട്ടിട്ടുള്ള ആത്മഹത്യാ കേസുകളിൽ ബഹുഭൂരിപക്ഷവും രോഗത്തിന്റെ ഫലമായിട്ടുള്ളതാണ് എന്ന് നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.**

ആത്മഹത്യചെയ്തപ്പോൾ മരിച്ചത് ദൈവനിശ്ചയപ്രകാരമാണ്. ഈ ദൈവ നിശ്ചയം ആത്മഹത്യയോ അല്ലയോ എന്ന് തീരുമാനിച്ച് അറിഞ്ഞുവരുമ്പോൾ കൂദാശ വീണ്ടും കൊടുക്കുവാൻ കഴിയുമോ?. രണ്ടാമത് ഒരു ശവസംസ്ക്കാരത്തിന് കഴിയുമോ?. ചിലപ്പോൾ മനോരോഗത്തിന്റെ ഫലമായിട്ടുണ്ടായതാവാം ആത്മഹത്യ. മനോരോഗത്തിന്റെ ഫലമല്ലെങ്കിൽ തന്നെ വലിയ കുറ്റകൃത്യങ്ങൾ ചെയ്തവർ മാനസിക നില തകർന്ന് ആത്മഹത്യക്ക് ശ്രമിച്ച സംഭവങ്ങളും ഉണ്ട്. അതിനാൽ മനോരോഗവും ആത്മഹത്യകളും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് സഭകൾ പ്രാധാന്യം നൽകണം.

'മനോരോഗ രംഗത്ത് '1996-ന് ശേഷമാണ് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്. സഭകൾ അത് അറിഞ്ഞിരിക്കേണ്ടതാണ്. മനോരോഗം ഡയബറ്റിക്ക്സിനേക്കാളും വൃക്കരോഗത്തേക്കാളും ഭേദമാക്കുവാൻ കഴിയാവുന്ന ഒന്നായി വിദഗ്ധ മനോരോഗ ചികിൽസകർ സമർത്ഥിക്കുന്നു. കൃത്യമായി മരുന്നു കഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ സാധാരണ രോഗികളെക്കാൾ ആരോഗ്യമുള്ളവരായി കാണുവാൻ കഴിയും. ഓർത്തിരിക്കണം, ഒരു മനോരോഗിയും സമ്മതിക്കുകയില്ല തനിക്ക് മനോരോഗം ഉണ്ടെന്ന്. ഇതാണ് മനോരോഗിയും മറ്റു രോഗികളും തമ്മിലുള്ള വ്യത്യാസം. ഇത്തരം സാഹചര്യത്തിൽ മനോരോഗിയെ ശരിയായി ശുശ്രൂഷിച്ച് മരുന്നു കഴിപ്പിക്കുവാൻ വീട്ടുകാർ ഉത്സാഹിപ്പിക്കണം. മനോരോഗ വിദഗ്ധർ മനോരോഗങ്ങളെക്കുറിച്ചു മാത്രം പഠിക്കുന്നവരല്ല മനോരോഗികളെ ചികിത്സിച്ച് ഭേദമാക്കുവാനുള്ള തന്ത്രങ്ങൾ കൂടി പഠിപ്പിക്കുന്നവരാണ്. മനോരോഗിയെ ചികിൽസിച്ച് സാന്ത്വനപ്പെടുത്തി സാധാരണ പൗരനായി ഉയർത്തുവാൻ കഴിയും.

ഞാൻ ഇന്നും രാവിലെ അഞ്ചു മരുന്ന് കഴിച്ചു. അഞ്ചുതരം മരുന്നു കഴിക്കുന്ന ആളാണ് ഞാൻ. എനിക്ക് മരിക്കണമെന്ന് തോന്നുന്നങ്കിൽ മരുന്ന് കഴിക്കുന്നത് നിർത്തിയാൽ മതി. പക്ഷെ സൗഖ്യത്തിനും ആരോഗ്യത്തിനുമായി മരുന്ന് കഴിച്ചുകൊണ്ട് ജീവിക്കുന്നു. മനോരോഗികൾക്ക് മരുന്ന് നിഷേധിക്കുവാൻ ഇടവരരുത്. അത് കൃത്യമായി നൽകുവാൻ സാധിക്കണം.

മതപ്രബോധന രംഗത്ത് മനോരോഗ ചികിൽസയുടെ പുതിയ സാധ്യകൾ തിരിച്ച് അറിഞ്ഞ് ജനങ്ങളെ പ്രബോധിപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഉണ്ട്. ഇന്ത്യൻ ഭരണഘടനയുടെ കാതലായ ഒരു വകുപ്പ് പറഞ്ഞ് എന്റെ പ്രഭാഷണം അവസാനിപ്പിക്കാം.

51 എ. എല്ലാ ഇന്ത്യൻ പൗരന്മാരും ആവശ്യമായ ഒരു പൗരധർമ്മം, ശാസ്ത്രീയ മനോഭാവം, അന്വേഷണം ബോധം വളർത്തി എടുക്കുവാനുള്ള ഉത്തരവാദിത്വം ഓരോ ഇന്ത്യൻ പൗരന്റെയും കടമയാണ്.

എല്ലാ പൗരന്മാരുടെയും അവകാശങ്ങളെക്കുറിച്ച് നമുക്ക് അറിയാം. എന്നാൽ പൗര ധർമ്മത്തെക്കുറിച്ച് അധികം ചിന്തിക്കാറില്ല. ശാസ്ത്രീയമായ രീതിയിൽ മുമ്പോട്ട് പോകുവാൻ സാധിച്ചാൽ ശാസ്ത്രത്തിന്റെ സത്ഗുണങ്ങൾ ഉൾക്കൊള്ളുവാൻ കഴിയും.

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾ ശാശ്വതീകരിക്കപ്പെടേണ്ട പ്രബോധനങ്ങളാണ്. അത് ഒരു കാലഘട്ടത്തിലേക്ക് മാത്രം പറഞ്ഞതല്ല. അവ നിത്യമായി നിലനിൽക്കേണ്ടതാണ്. ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ കൊടുത്ത്, ശാസ്ത്രീയമായ പരിവേഷങ്ങൾ നൽകി ആധുനികവൽക്കരിക്കുവാനുള്ള ഉത്തരവാദിത്തമാണ് നമുക്കുള്ളത്. ആ നിലയിൽ മനോരോഗികളുടെ പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയാണെങ്കിൽ അനേകരുടെ മനസ്സിലുള്ള പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരം നൽകുവാൻ കഴിയും. മാനസിക സംഘർഷം, പിരിമുറുക്കം, കുടുംബ പ്രശ്നങ്ങൾ എന്നിവ എല്ലാം പരിഹരിക്കുവാൻ കഴിയും. ടിബി, ടൈഫോയ്ഡ് എന്നിവയെല്ലാം ഇന്ന് ഭേദമായി തുടങ്ങി. വൈദ്യ ശാസ്ത്രത്തിന്റെ ഫലമായി ദൈവത്തിന്റെ നടത്തിപ്പിന്റെ ഫലമായി വൈദ്യശാസ്ത്രം രോഗവിമുക്തി പകരുവാൻ അവസരം നൽകുന്നു. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മനോരോഗ ചികിൽസാ രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ. ഒരു മനോരോഗി 90 ശതമാനവും സാധാരണ രീതിയിലുള്ള ജീവിതം നയിക്കുവാൻ പ്രാപ്തമായി കൊണ്ടിരിക്കുന്നു എന്നതാണ് മനോരോഗ രംഗത്തെ വിപ്ലവകരമായമാറ്റം. സഭകളും ഇത്തരം മാറ്റങ്ങളെ തിരിച്ചറിഞ്ഞ് മനോരോഗ രംഗത്ത് പ്രവർത്തനം വ്യാപിപ്പിക്കുവാൻ ശ്രമിക്കണം.

*(വിപാസന സെന്റർ ഉദ്ഘാടന സമ്മേളനത്തിൽ ചെയ്ത മുഖ്യപ്രഭാഷണം, 26.5.2015)*

*തയ്യാറാക്കിയത്:-*
**ഫാ. കരിങ്ങാട്ടിൽ**

# വിപാസന പദ്ധതി

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശക്തീകരണ വിഭാഗത്തിന്റെയും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കുടുംബ ജീവിതത്തെ ശക്തീകരിക്കുക, ആത്മഹത്യകൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ വൈകാരിക സഹായ പദ്ധതി (Emotional Support Programme) ആരംഭിച്ചു.

വൈകാരിക പ്രതിസന്ധി നേരിടുന്നവരെ ടെലിഫോൺ ഹെൽപ്പ് ലൈനിലൂടെ സാന്ത്വനിപ്പിക്കുക, ആത്മഹത്യകളും അപകട മരണങ്ങളും നടന്ന കുടുംബങ്ങളെ സമാശ്വാസിപ്പിക്കുക, പരിശീലന-ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് വിപാസനയുടെ ലക്ഷ്യങ്ങൾ.

ഇതിനായി സഭയിലെ ആധ്യാത്മിക പ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ സഭകളുടെയും മത വിഭാഗങ്ങളുടെയും യുവജന-വനിതാ സംഘടനകൾ തുടങ്ങിയവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതാണ്.

പ്രത്യേക പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകർ ടെലിഫോൺ ഹെൽപ്പ് ലൈനിലും പരിശീലന-ബോധവത്ക്കരണ പരിപാടികളിലും സഹായിക്കുകയും നേതൃത്വം നൽകുകയും ചെയ്യും.

വിപാസനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ടെലിഫോൺ ഹെൽപ്പ് ലൈൻ സ്ഥാപിക്കുന്നതിനും ഓഫീസ് സൗകര്യം ക്രമീകരിച്ചിരിക്കുന്നത് കോട്ടയം സി.എം.എസ്. കോളജ് ജംഗ്ഷനിലുള്ള MGOCSM Student Centre ൽ ആണ്.

വിപാസന സെന്ററിന്റെ കൂദാശയും പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ നിർവ്വഹിച്ചു.

Director, VIPASSANA, MGOCSM
Student Centre, CMC College
Junction, Kottayam-1, Kerala

*Contact :*
Mob 07025067695,
vipassana.mohe@gmail.com



# സൺഡേസ്ക്കൂൾ വാർത്തകൾ

പ്രിയ സ്നേഹിതരെ,

കരുണാമയനായ ദൈവത്തിന്റെ അദൃശ്യകരങ്ങളിൽ എന്നെ തന്നെ സമർപ്പിച്ചുകൊണ്ട്, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ തിരുമേനിയുടെ കല്പനയനുസരിച്ച് മെയ് 4-ന് ബലഹീനനായ ഞാൻ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ പുതിയ ഡയറക്ടർ ജനറലായി ചുമതലയേറ്റു. ഗുരുക്കന്മാരുടെ ഗുരുവായ വന്ദ്യ ജോഷാച്ചന്റെ കീഴിൽ ബാഹ്യകേരള റീജിയന്റെ (OSSAE-OKR) ഡയറക്ടറായി പ്രവർത്തിച്ച പത്തുവർഷത്തെ അനുഭവങ്ങളും, ബഹു. ഒ.തോമസച്ചനോടൊപ്പം കഴിഞ്ഞ അഞ്ചു വർഷങ്ങളായി പാഠ്യപദ്ധതി തയ്യാറാക്കുന്ന കമ്മിറ്റിയിൽ പ്രവർത്തിച്ച പരിചയവും സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ പ്രവർത്തന രീതി കുറെയൊക്കെ മനസ്സിലാക്കുവാൻ എന്നെ സഹായിച്ചിട്ടുണ്ട്. എങ്കിലും മഹാരഥന്മാരായ മുൻഗാമികൾ സ്തുത്യർഹമായി നിർവ്വഹിച്ചിരുന്ന ഈ ഉത്തരവാദിത്തം അല്പം ഭയത്തോടെയാണ് ഞാൻ ഏറ്റെടുത്തിരിക്കുന്നത്.

നമ്മുടെ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും, അദ്ധ്യാപക വൃന്ദത്തിന്റെയും, വിദ്യാർത്ഥി സമൂഹത്തിന്റെയും പ്രാർത്ഥനാ പൂർവ്വമായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

1. അർദ്ധവാർഷിക പരീക്ഷ ജൂൺ 28 നാണല്ലോ. ഒ.എസ്.എസ്.എ.ഇ. പ്രസിദ്ധീകരിച്ചിരിക്കുന്ന സ്ക്കീം ഓഫ് വർക്കനുസരിച്ചുള്ള പാഠഭാഗങ്ങൾ ഇതിനകം പഠിപ്പിച്ചു തീരുമല്ലോ. എല്ലാ സണ്ടേസ്ക്കൂളുകളിലും ഈ പരീക്ഷ ഉച്ചയ്ക്കു ശേഷം മാത്രമേ നടത്താവൂ എന്ന് അറിയിക്കുന്നു.

2. എല്ലാ ഭദ്രാസനങ്ങളിലും ഇതിനകം തെരഞ്ഞെടുപ്പുകൾ പൂർത്തിയായി എന്നു വിശ്വസിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഭദ്രാസന ഡയറക്ടറന്മാർ, ഭദ്രാസന സെക്രട്ടറിമാർ, ഇൻസ്പെക്ടറന്മാർ, ഡിസ്ട്രിക്റ്റ് സെക്രട്ടറിമാർ എന്നിവരോടുള്ള ആദരവും നന്ദിയുമറിയിക്കുകയും, പുതുതായി തിരഞ്ഞെടുക്കപ്പെട്ട സ്ഥാനികളെ അനുമോദിക്കുകയും ചെയ്യുന്നു. പുതിയ ഭാരവാഹികൾ ദൈവത്തിലാശ്രയിച്ചും, സഭയെ സ്നേഹിച്ചും, കുട്ടികളെ കരുതിയും തങ്ങളുടെ ചുമതലകൾ യഥാവിധി ഏറ്റെടുക്കണമെന്നു താല്പര്യപ്പെടുന്നു. സംയുക്ത എക്സിക്യൂട്ടീവ് കമ്മറ്റിയുടെ യോഗം ജൂൺ 12-13 ന് പഴയ സെമിനാരിയിലെ സോഫിയാ സെന്ററിൽ നടത്തപ്പെടുന്നതാണ്.

3. പുതിയ കരികുലം അനുസരിച്ചുള്ള പാഠപുസ്തകങ്ങൾ എല്ലാവർക്കും ലഭിച്ചു കാണുമല്ലോ. പത്താം ക്ലാസ്സിലെ ടെക്സ്റ്റ് ബുക്കിന്റെ രണ്ടാം ഭാഗം അർദ്ധവാർഷിക പരീക്ഷയ്ക്കു മുൻപായി ലഭ്യമാക്കുന്നതാണ്. 4 മുതൽ 10 വരെയുള്ള ക്ലാസ്സിലേക്കുമുള്ള അദ്ധ്യാപക സഹായി തയ്യാറായിക്കൊണ്ടിരിക്കുന്നു. ഒ.വി.ബി.എസിന്റെ കരിക്കുലം പരിഷ്ക്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

*പ്രാർത്ഥനയോടെ.*

**റെജി മാത്യു അച്ചൻ**

## ഭദ്രാസന ഡയറക്ടർ



മലങ്കര ഓർത്തഡോക്സ് സുറിയനി സഭയുടെ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ തൃശൂർ ഭദ്രാസന ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ട മാരാങ്കോട്ട് സെന്റ് ജോർജ് പള്ളി ഇടവകാംഗം വി. സി. ചെറിയാൻ. മലങ്കരസഭ മാസികയുടെ സീനയർ പ്രൊമോട്ടർ, സഭാ മാനേജിംഗ് കമ്മറ്റിയംഗം, പ്രാർത്ഥനായോഗത്തിന്റെ തൃശൂർ ഭദ്രാസന സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

## വിജയികൾ



സൺഡേസ്ക്കൂൾ സഹപാഠ്യമത്സരത്തിൽ നോർത്ത് സോൺ സബ് ജൂനിയർ വിഭാഗം സിംഗിൾ സോങ്ങിന് ഒന്നാം സ്ഥാനം നേടിയ ആരോൺ ജേക്കബ് ജോൺ. കൊച്ചി ഭദ്രാസനത്തിൽപ്പെട്ട മുളന്തുരുത്തി മാർത്തോമ്മൻ പള്ളി അംഗം.



സൺഡേസ്ക്കൂൾ സഹപാഠ്യമത്സരത്തിൽ നോർത്ത് സോൺ സബ് ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിന് ഒന്നാം സ്ഥാനം നേടിയ അലീന ബെന്നി. കൊച്ചി ഭദ്രാസനത്തിൽപ്പെട്ട മുളന്തുരുത്തി മാർത്തോമ്മൻ പള്ളി അംഗം.

## റാങ്ക് നേടി



മഹാത്മാഗാന്ധി സർവകലാശാലയിൽ (സ്ക്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്) എൽ.എൽ.എം. (ക്രിമിനൽ ലോ) പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ഗിഫ്റ്റി മറിയം ജോസഫ്. മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗവും കല്ലുമല, മുറിമലയിൽ അഡ്വക്കേറ്റ് ബിജോ മാത്യു ജോയുടെ ഭാര്യയുമാണ്.

# നേർവഴി

ദൈനംദിന ജീവിതത്തിൽ നിരന്തരം വിമർശനമുനകളെ അഭിമുഖീകരിക്കേണ്ടി വരുന്നവരാണ് നാമോരോരുത്തരും. ഏതൊരു ജീവിതമേഖലയിലായാലും വിമർശനങ്ങളെ മാറ്റി നിർത്തിക്കൊണ്ടുള്ള മുന്നോട്ടുപോകൽ അസാദ്ധ്യമാണ്. അദ്ധ്യാപകനായാലും, എഴുത്തുകാരനായാലും, പ്രഭാഷകനായാലും, ഡോക്ടറായാലും, വക്കീലായാലും, എൻജിനീയറായാലും, ഗവൺമെന്റു ഉദ്യോഗസ്ഥനായാലും, പ്രൈവറ്റ് കമ്പനി ജീവനക്കാരനായാലും, പുരോഹിതനായാലും, വീട്ടമ്മയായാലും വിമർശനങ്ങളും, കുറ്റ വിചാരണകളും ജീവിതത്തിൽ സുനിശ്ചിതം. വിമർശനങ്ങളോടുള്ള നമ്മുടെ സമീപനമെന്താണ്? വിമർശനങ്ങൾ നമ്മെ വളർത്തുകയാണോ, തളർത്തുകയാണോ ചെയ്യുന്നത്?




ഷാജൻ വളവിൽ

### ബാറ്റ്കൊണ്ട് വിമർശനങ്ങളുടെ നാവടച്ച സച്ചിൻ ടെൻഡുൽക്കർ

22 വർഷക്കാലം ഇന്ത്യൻ ക്രിക്കറ്റിലെ രാജാവായിരുന്ന, സെഞ്ചറികളിൽ സെഞ്ചറി തീർത്ത, മുപ്പത്തിനാലായിരത്തിലധികം റൺസ് സ്വന്തം പേരിലുള്ള റെക്കോർഡുകളുടെ സ്വന്തം രാജകുമാരൻ സച്ചിൻ രമേശ് ടെൻടുൽക്കറിന് ക്രിക്കറ്റ് കരിയറിലുട നീളം വിമർശനങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. 2007 ലോകകപ്പിൽ ഇന്ത്യ ദയനീയമായി പുറത്തായപ്പോൾ സച്ചിന്റെ വിരമിക്കലിന് വേണ്ടിയുള്ള മുറവിളി അതിന്റെ പാരതമ്യതയിലെത്തി. ക്രിക്കറ്റിന്റെ സാങ്കേതികതയെക്കുറിച്ച് വലിയ ഗ്രാഹ്യമൊന്നുമില്ലാത്തവർ സച്ചിന്റെ ഫൂട്ട്വർക്കിലെ (foot work) പിഴവുകളെക്കുറിച്ച് ചാനലുകളിൽ വാതോരാതെ സംസാരിച്ചു. അതിന് അദ്ദേഹം മറുപടി കൊടുത്തത് സൗത്ത് ആഫ്രിക്കയ്ക്കെതിരെയുള്ള ഏകദിനത്തിൽ ഡബിൾ സെഞ്ചുറി റിക്കോർഡ് കുറിച്ചുകൊണ്ടാണ്. 2008-ൽ അദ്ദേഹം ഏകദിനത്തിലും, ടെസ്റ്റിലും ആയിരം റൺസാണ് അടിച്ചു കൂട്ടിയത്. 2007-ലോകകപ്പിന് ശേഷം വിരമിക്കണമെന്ന് പലരും ആവശ്യപ്പെട്ട സച്ചിൻ 2011-ന് ലോകകപ്പ് എടുത്ത ഇന്ത്യൻ ടീമിലെ വിജയ ശിൽപികളിലൊരാളായി.

### റോക്ക് ആന്റ് റോളിന്റെ രാജാവ് എൽവീസ് ആരോൺ പ്രസ്‌ലി (Elvis Aron)

റോക്ക് ആന്റ് റോളിന്റെ രാജാവ് എന്നറിയപ്പെടുന്ന ഇരുപതാം നൂറ്റാണ്ടു കണ്ട വളരെ പ്രസിദ്ധനായ അമേരിക്കൻ സംഗീതജ്ഞനും, അഭിനേതാവുമായിരുന്നു എൻവിസ് പ്രസ്‌ലി. അദ്ദേഹത്തിന്റെ പേര് 14 തവണ ഗ്രാമി അവാർഡിന് നോമിനേറ്റ് ചെയ്യപ്പെടുകയും, 3 പ്രാവശ്യം അവാർഡ് ലഭിക്കുകയും ചെയ്തു. 36-ാമത്തെ വയസ്സിൽ ഗ്രാമി ലൈഫ് റ്റൈം അച്ചീവ്മെന്റ് അവാർഡ് (Gramy Life Time Aachievement Award) നേടി. അദ്ദേഹത്തിന്റെ മ്യൂസിക് കരിയറിന്റെ ആരംഭത്തിൽ ഗ്രാൻഡ് ഓലെ ഓപ്രേയുടെ (Grand Ole Opray) മാനേജർ ഇപ്രകാരം പറഞ്ഞുകൊണ്ട് എൻവിസിനെ വിമർശിക്കുകയുണ്ടായി, "നീ ഒട്ടുംതന്നെ മെച്ചപ്പെടുന്നില്ല, തിരിച്ചുപോയി ഒരു ട്രെക്ക് ഡ്രൈവറാകാൻ നോക്കുക." (Yount aint going nowhere, son. You ought to go back to driving a truck").

### ടെലിഫോണിന്റെ വരവും, വിമർശനങ്ങളും

ലോകവാർത്താവിനിമയ വിസ്ഫോടനത്തിന് തുടക്കം കുറിച്ചു കൊണ്ടെത്തിയ ടെലിഫോണിന്റെ വരവിൽ വിമർശനത്തിന്റെ വാക്ശരങ്ങൾ തൊടുത്തുവിട്ടവർ ഏറെയാണ്. 1876-ൽ ബ്രിട്ടണിലെ ചില സാങ്കേതിക വിദഗ്ദർ ടെലിഫോണിന്റെ കണ്ടുപിടിത്തത്തെക്കുറിച്ചഭിപ്രായപ്പെട്ടതിങ്ങനെയാണ്.

"അമേരിക്കക്കാർക്ക് ടെലിഫോൺ ഉപകാരപ്രദമായിരിക്കും. പക്ഷേ നമുക്കതിന്റെ ആവശ്യമില്ല. നമുക്കിവിടെ ആവശ്യത്തിന് സന്ദേശവാഹകരുണ്ട്." (The telephone may be appropriate for our American Cousins, but not here, we have an adquate supply of messenger boys.")

വെസ്റ്റേൺ യൂണിയൻ അതേ വർഷം തന്നെ ഗ്രഹാംബെല്ലിന്റെ കണ്ടുപിടിത്തത്തെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"അലക്സാണ്ടർ ഗ്രഹാംബെല്ലിന്റെ കണ്ടുപിടിത്തത്തിന് പേറ്റന്റ് നൽകാൻ നമ്മൾ തയ്യാറല്ല എന്നറിയിച്ചിട്ടുണ്ട്. പൊതുജനം ഇത്രയും സങ്കീർണ്ണമായൊരു ഉപകരണം ഉപയോഗിക്കാൻ ഒരു കാലത്തും തയ്യാറാവുകയില്ല."

# വിമർശനങ്ങളെ വിജയമാക്കാൻ



(We have declined to give the patent on Alexander Graham Bell's invention. The public cannot be trusted to master such complicated instrument.)

ആ കാലഘട്ടത്തിലെ അമേരിക്കൻ പ്രസിഡന്റായിരുന്ന റൂഥർ ഫോർഡ് ഹെയർ (Rutherford Hayer) 1877-ൽ ടെലിഫോൺ ആദ്യമായി ഉപയോഗിച്ചതിന് ശേഷം അഭിപ്രായപ്പെട്ടതിങ്ങനെയാണ്. "ഇതൊരു അത്ഭുതകരമായ കണ്ടുപിടിത്തം തന്നെയാണ്. പക്ഷേ ആര് ഇതുപയോഗിക്കാൻ തയ്യാറാകും? (This is amazing invention, but who would ever want to use one of them.)

വിമർശനങ്ങളിലണഞ്ഞു പോകാതെ തെളിഞ്ഞു നിന്ന ടെലിഫോണെന്ന പുതിയ കണ്ടുപിടിത്തം വാർത്താവിനിമയ ലോകത്തെ വൻ സ്ഫോടനത്തിന് ആരംഭ കാരണങ്ങളിലൊന്നായി മാറി.

### വിമർശനങ്ങൾ വളർത്തുമോ?

വിമർശനങ്ങളെ പൂർണ്ണമായും തള്ളിക്കളയാൻ വരട്ടെ. വിമർശനങ്ങൾക്ക് അതിന്റേതായ ചില നല്ല വശങ്ങൾകൂടിയുണ്ട്. നമ്മുടെ വളർച്ചയുടെ പാതയിൽ മുതൽക്കൂട്ടുകളായി വിമർശനങ്ങളെ നമുക്ക് കൂടെ നിർത്തുവാൻ സാധിക്കും. ഇതിന് നമ്മെ സഹായിക്കുന്നത് വിമർശനങ്ങളോടുള്ള നമ്മുടെ സമീപനവും, മനോഭാവവുമാണ്. വിമർശനങ്ങൾ നമുക്ക് സഹായകമാകുന്നതിങ്ങനെ....

വിമർശനങ്ങൾ പുരോഗമനപരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്നു.

വ്യത്യസ്ഥമായ കാഴ്ചപ്പാടുകൾ പ്രദാനം ചെയ്യുന്നു.

അപ്രീയസത്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാനുള്ള കഴിവ് വളർത്തുവാൻ സഹായിക്കുന്നു.

ക്ഷമയുടെയും, സമാധാനത്തിന്റെയും പരിശീലനത്തിന് വേദിയൊരുക്കുന്നു.

വികാരത്തിലധിഷ്ഠിതമായി ശരിയെന്നു കരുതുന്നവയെ ചോദ്യം ചെയ്യുന്നു.

സമചിത്തതയോടുള്ള ചിന്താശൈലി ആർജ്ജിച്ചെടുക്കുവാൻ സഹായകമാകുന്നു.

തെറ്റുകളെ ശരിയാക്കുവാനുള്ള അവസരമൊരുക്കുന്നു.

വ്യത്യസ്ഥരായ വ്യക്തികളുമായും, ചിന്താധാരകളുമായി പൊരുത്തപ്പെട്ടു പോകുവാനുള്ള പരിശീലനമാകുന്നു.

വിമർശനങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടികൾ സൃഷ്ടിക്കുന്നു.

വിമർശനത്തിന്റെ പ്രാധാന്യത്തെയും,

## സോഷ്യൽ നെറ്റ്വർക്ക് ചെയ്യുന്നവർക്കായി പത്തുകല്പനകൾ



- ദിവസവും നിശ്ചിത സമയപരിധിയിൽ കൂടുതലായി സോഷ്യൽ നെറ്റ് വർക്കിനായി സമയം ചെലവഴിക്കരുത്.
- സ്വകാര്യതയ്ക്ക് ഭംഗം വരുത്തുന്നവയൊന്നും പോസ്റ്റ് ചെയ്യാതിരിക്കുക.
- യഥാർത്ഥ ലോകത്ത് നേരിട്ടറിയുന്നവരും, വിശ്വസ്തരുമായവരെ മാത്രം സുഹൃത്തുക്കളായി തെരഞ്ഞെടുക്കുക
- നിങ്ങളുടെയും, കുടുംബാംഗങ്ങളുടെയും ഫോട്ടോകൾ, മൊബൈൽ ഫോൺ നമ്പർ, അഡ്രസ്സ് തുടങ്ങിയവ പോസ്റ്റ് ചെയ്യാതിരിക്കുക.
- നിങ്ങളുടെ മാതാപിതാക്കളേയും, കുടുംബാംഗങ്ങളേയും അറിയിക്കാൻ നിങ്ങൾ മടിക്കുന്നതൊന്നും പോസ്റ്റ് ചെയ്യാതിരിക്കുക.
- മറ്റുള്ളവരുടെ സ്വകാര്യതയിൽ അതിക്രമിച്ചു കടക്കാതിരിക്കുക.
- നെറ്റ് വർക്കിംഗ് സൈറ്റുകളിൽ പ്രത്യക്ഷപ്പെടുന്നതെല്ലാം അനുകരിക്കാനുള്ള പ്രവണത മാറ്റുക.
- മറ്റുള്ളവരെ താഴ്ത്തിക്കെട്ടുന്നതും, അവഹേളിക്കുന്നതും, പ്രത്യേകിച്ച് ജാതിമത നിന്ദാർഹമായ അഭിപ്രായ പ്രകടനങ്ങളും ഒഴിവാക്കുക.
- അസത്യം പോസ്റ്റ് ചെയ്യാതിരിക്കുക. അത് അവസാനം സത്യവത്ക്കരിക്കപ്പെട്ടേക്കാം.
- മറ്റുള്ളവരുടെ സ്വകാര്യതയ്ക്ക് ഭ്രംശം വരുത്തുന്ന ചിത്രങ്ങളും വിശദാംശങ്ങളും പോസ്റ്റ് ചെയ്യാതിരിക്കുക.

പ്രസക്തിയേയും കുറിച്ച് വ്യക്തമായ ഗ്രാഹ്യമുണ്ടായിരുന്ന വിൻസ്റ്റൺ ചർച്ചിൽ (Winston Churchill) അഭിപ്രായപ്പെട്ടതിങ്ങനെയാണ്. "വിമർശനങ്ങൾ അംഗീകരിക്കപ്പെടണമെന്നില്ല, പക്ഷേ അത്യാവശ്യമാണ്. മനുഷ്യ ശരീരത്തിലെ വേദനപോലെയാണ് വിമർശനങ്ങൾ. അനാരോഗ്യകരമായ അവസ്ഥയിലേക്കത് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. (Criticism may not be agreeable, but is necessary. It fulfills the same function as pain in the human body. It calls attention to an unhealthy state of things.")

### വിമർശനങ്ങളിൽ തളരാതിരിക്കാൻ

വിമർശനങ്ങളോട് വൈകാരികമായൊരു അകൽച്ച പാലിക്കുക

വിമർശനങ്ങൾ നമ്മെ വൈകാരികമായി ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വിമർശനങ്ങളെ വ്യക്തിപരമായ കുറ്റപ്പെടുത്തലുകളായി കാണാതിരിക്കുക. നമ്മുടെ വ്യത്യസ്ഥങ്ങളായ ജീവിത മേഖലകളിലുള്ള പുരോഗതിക്കും വളർച്ചയ്ക്കും വിമർശനങ്ങൾ സഹായകമായേക്കും എന്നും വിശ്വസിക്കുക. തള്ളേണ്ടവയെ തള്ളുവാനും, കൊള്ളേണ്ടവയെ കൊള്ളുവാനും പരിശീലിക്കണം.

**അനാരോഗ്യകരമായ വിമർശനങ്ങളെ തള്ളിക്കളയുക**

വിമർശനങ്ങളെ നാം വിവേചനബുദ്ധിയോടെ സമീപിക്കണം. വിമർശനത്തിന്റെ പിന്നിലെ ഉദ്ദേശശുദ്ധി മനസ്സിലാക്കാൻ ശ്രമിക്കുന്നത് നല്ലതായിരിക്കും. ചില വിമർശനങ്ങൾ, വെറും അസൂയയുടെയും മാത്സര്യത്തിന്റെയും, സ്വാർത്ഥതയുടെയും ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. നെല്ലും പതിരും വേർതിരിക്കാനുള്ള വിവേചനബുദ്ധിയാണിവിടെ ആവശ്യം.

**വിശ്വസ്തരുടെ സഹായത്തോടെ വമർശനങ്ങളെ അവലോകനം ചെയ്യുക.**

വിമർശനങ്ങളെക്കുറിച്ച് വിശ്വസ്തരായ വ്യക്തികളുമായി ചർച്ച ചെയ്യുന്നതും, ഒരവലോകനത്തിന് വിധേയമാക്കുന്നതും വളരെ നല്ലതാണ്. നിങ്ങൾക്കു മുമ്പിൽ മറഞ്ഞിരിക്കുന്ന പല സത്യങ്ങളിലേക്കുമത് വഴി തുറക്കും.

**വളർച്ചയ്ക്കുള്ള ഒരവസരമായി വിമർശനങ്ങളെ വീക്ഷിക്കുക**

വിമർശനങ്ങളിൽ പ്രത്യക്ഷവും പരോക്ഷവുമായ സത്യങ്ങളുണ്ട്. വിമർശനങ്ങളെ എങ്ങനെ നമ്മുടെ വളർച്ചയിൽ സഹായകമാക്കി മാറ്റാം എന്നു നാം ചിന്തിക്കണം. നമ്മളാരും പൂർണ്ണരല്ല എന്ന് ആദ്യം തന്നെ അംഗീകരിക്കണം. ഇത് മറ്റുള്ളവരുടെ അഭിപ്രായങ്ങളിലെ സത്യങ്ങൾ കാണുവാൻ നമ്മുടെ കണ്ണുകൾ തുറപ്പിക്കും.

**നിങ്ങൾക്ക് കാണുവാൻ സാധിക്കാത്ത പലതും മറ്റുള്ളവർക്ക് കാണുവാൻ സാധിക്കുമെന്ന് അംഗീകരിക്കുക.**

നമ്മുടെ വ്യക്തിത്വത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ഒരുപോലെ ബോധവാന്മാരായിരിക്കുക അസാധ്യമാണ്. നാം നമ്മിൽ കാണാതെ പോകുന്നതു പലതും മറ്റുള്ളവർക്ക് ദൃശ്യവും, അനുഭവവേദ്യവുമാണ്. വിമർശനത്തിലെ ഏതൊക്കെ കാര്യങ്ങൾ വളർച്ചയ്ക്ക് ഉപകാരപ്രദമെന്ന് കണ്ടെത്തുകയും , അവയ്ക്കനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.

**മനോഭാവങ്ങളിൽ മാറ്റം വരുത്തുക**

വിമർശനങ്ങളിൽ തളർന്നുപോകാതെ വേണ്ട മാറ്റങ്ങൾക്ക് തയ്യാറാകുന്ന ഒരു മനസ്സ് നാം വളർത്തിയെടുക്കണം. വിമർശിക്കപ്പെട്ടു എന്നു കരുതി ലോകം അവസാനിക്കാൻ പോകുന്നില്ല. മനോഭാവമാണ് ഇവിടെ മുഖ്യം എല്ലാം ശുഭാപ്തി വിശ്വാസത്തോടെ സമീപിക്കുന്നയാൾക്ക് വിമർശനങ്ങൾ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി പരിണമിക്കും.

### വിമർശനത്തിന്റെ പല മുഖങ്ങൾ

ദൈനംദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന വമർശകരെ നമുക്കു പൊതുവായി മൂന്നായി തിരിക്കാം.

**കോച്ചുകൾ (Coaches)**

ഇത്തരക്കാർ നിങ്ങളുടെ വളർച്ചയെ ആത്മാർത്ഥമായി കാംക്ഷിക്കുന്നവരാണ്. അവർക്ക് മറ്റു സ്വാർത്ഥ താൽപര്യങ്ങളൊന്നുമില്ല. നിങ്ങളിലെ കഴിവുകൾ പരിപോഷിപ്പിക്കാൻ അവർ ആത്മാർത്ഥമായി പരശ്രമിക്കുകയും, വേണ്ട നിർദ്ദേശങ്ങൾ തരുകയും ചെയ്യുന്നു. തെറ്റുകൾ ചൂണ്ടിക്കാട്ടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരുടെ വിമർശനങ്ങളെ നാം താൽപര്യത്തോടെ സമീപിക്കണം.

**വിമർശകർ (Critics)**

വിമർശകർക്ക് നിങ്ങളോട് പ്രത്യേക താൽപര്യമോ, താൽപര്യക്കുറവോ ഇല്ല. അവർ വ്യത്യസ്ഥമായ വീക്ഷണ കോണുകളിലൂടെ വസ്തുക്കൾ ദർശിക്കുകയും, ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഇത്തരക്കാർക്ക് സ്വാർത്ഥ താൽപര്യങ്ങളൊ വ്യക്തിപരമായ മറ്റു ലക്ഷ്യങ്ങളോ ഒന്നുമില്ല. വെറും ദൗത്യ നിർവ്വഹണം മാത്രമാണിവിടെ നടക്കുന്നത്. വിമർശകരെ നാം ബഹുമാനിക്കുകയും, അവരുടെ അഭിപ്രായങ്ങളെ വിലമതിക്കുകയും ചെയ്യണം.

**ട്രോൾസ് (Trolls):**

കുട്ടികളെ ഭയപ്പെടുത്തുവാനായി കഥകളിലും മറ്റും പ്രത്യക്ഷപ്പെടുന്ന കുട്ടിഭൂതങ്ങളാണ് ട്രോളുകൾ. ഇവിടെ ട്രോളുകൾ വിമർശനത്തിലൂടെ വേദന നൽകുന്നവരാണ്. നിങ്ങളെ വേദനപ്പിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം ഇത്തരക്കാരുമായി ചർച്ച ചെയ്യുന്നത് അത്ര എളുപ്പമല്ല. ഇവർ ചില അവസരങ്ങളിൽ അന്യായമായ വ്യക്തിഹത്യയ്ക്കും, സൽപ്പേരിനും കളങ്കം വരുത്തുവാനും മുതിർന്നേക്കാം. ഇവരുമായി വലിയ ബന്ധം പുലർത്താതിരിക്കുന്നതാണ് നല്ലത്. അവരുടെ അഭിപ്രായത്തെ എളിമയോടെ ശ്രവിക്കുകയും, തർക്കിക്കുവാൻ സമയം കളയാതിരിക്കുകയും ചെയ്യുക. ചില അവസരങ്ങളിൽ ഇത്തരം വിമർശനങ്ങൾക്ക് ചെവി കൊടുക്കാതിരിക്കുന്നതും നല്ലതാണ്.

**ഉപസംഹാരം**

വിമർശിക്കുന്നതും വിമർശിക്കപ്പെടുന്നതും മനുഷ്യ സഹജമാണ്. വിമർശിക്കപ്പെടുമ്പോഴും ഓർക്കാൻ ചില ആപ്തവാക്യങ്ങൾ.

**വിമർശിക്കുമ്പോൾ...**

"വിമർശനങ്ങൾ ഒരുമഴപോലെ വ്യക്തിയുടെ ജീവിത വളർച്ചയെ പരിപോഷിപ്പിക്കുന്നതായിരിക്കണം. വ്യക്തിയുടെ അസ്തിത്വത്തിന്റെ വേരുകൾ നശിപ്പിക്കുന്നവയായിരിക്കരുത്."

"വിമർശനങ്ങളിലെ ആദ്യ ഘടകം അനുകമ്പയാണ്"

"നിങ്ങളുടെ സുഹൃത്തുക്കളെ അസഭ്യം പറഞ്ഞിട്ട്, അതവർ വിമർശനമായി കരുതണമെന്ന് ആവശ്യപ്പെടരുത്."

**വിമർശിക്കപ്പെടുമ്പോൾ...**

"ഞാൻ വിമർശനങ്ങളെ ഇഷ്ടപ്പെടുന്നു. അത് എന്നെ ശക്തനാക്കുന്നു"

"മാഹാത്മ്യത്തിന്റെ അവസാനത്തെ തെളിവ് അമർഷമില്ലാതെ വിമർശനം സഹിക്കുവാനുള്ള കഴിവാണ്."

■

# മിഷൻ സൺഡേ ആചരിക്കണം

## ■ പരിശുദ്ധ കാതോലിക്കാ ബാവാ

**കോട്ടയം:** മലങ്കര സഭയിലെ എല്ലാ പള്ളികളിലും ജൂലൈ 5 മിഷൻ സൺഡേ ആയി ആചരിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്ക് അയച്ച കല്പനയിൽ ആഹ്വാനം ചെയ്തു. കല്പനയിൽ നിന്നും: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' എന്ന് നമ്മുടെ കർത്താവ് ശിഷ്യഗണങ്ങളോടു പറഞ്ഞ വാക്ക് ഇന്നും സഭയ്ക്കുള്ള സന്ദേശമാണ്. ക്രിസ്തുവിലൂടെ കൈവന്ന രക്ഷയും തന്നിലൂടെ ആവിഷ്കരിക്കപ്പെട്ട ദൈവീക സ്നേഹത്തിന്റെ ശുശ്രൂഷയും ജീവിതത്തിലും പ്രവൃത്തിയിലും അന്വർത്ഥമാക്കി നമ്മുടെ കർത്താവിനെ സാക്ഷിക്കുവാൻ പരിശുദ്ധ സഭ നിയമിക്കപ്പെട്ടിരിക്കുന്നു. കുഷ്ഠരോഗികൾ, എയ്ഡ്സ് രോഗികൾ, അവരുടെ മക്കൾ, കാൻസർ രോഗികൾ, അനാഥർ, നിരാലംബർ, വൃദ്ധർ എന്നിവർക്കും, പാർശ്വവൽക്കരിക്കപ്പെട്ട മറ്റനേകർക്കും ആശ്വാസവും ആലംബവുമായ അനേക സ്ഥാപനങ്ങൾ ഈ ദൗത്യസാക്ഷാത്കാരത്തിന്റെ സാക്ഷ്യഗോപുരങ്ങളാണ്.

യാച്ചാരം, പൂന-ദേഹുറോഡ്, കാരാശ്ശേരി, കലഹണ്ടി, ഇറ്റാർസി, മക്കോഡിയാ, കുണിഗൽ, ബാംഗ്ലൂർ, ഭിലായ്, തുടങ്ങിയ സ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളിലൂടെയുള്ള ആതുരസേവന പ്രവർത്തനങ്ങൾ ദൈവകൃപയാൽ അനുഗ്രഹകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ആൻഡമാൻസ് മിഷന്റെ പ്രവർത്തന കേന്ദ്ര കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കൂദാശ ചെയ്യുകയുണ്ടായി. കോട്ടയത്ത് അമയന്നൂരിൽ ആരംഭിക്കുന്ന വികലാംഗ ഭവന്റെ പണികൾ പൂർത്തിയായിവരുന്നു. ദൈവത്തിന്റെ അളവറ്റ കൃപയും സഭാമക്കളുടെ പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങളുമാണ് ഇവയുടെ വിജയത്തിന്റെ പിന്നിലെ പ്രേരണാശക്തി. വൈദീകരുടെ പ്രോത്സാഹനവും മിഷനെപ്പറ്റിയുള്ള സഭാമക്കളുടെ താല്പര്യവുമാണ് ഓരോ വർഷവും മിഷൻസൺഡേ കവർ പിരിവ് വർദ്ധിച്ചുവരുന്നതിന്റെ കാരണം. ഈ വർഷം മുൻ വർഷത്തേക്കാൾ 1,86,134.62 രൂപാ അധികം ലഭിച്ചു എന്നത് സന്തോഷകരമാണ്.

പ്രിയരെ, ഈ വർഷത്തെ മിഷൻ സൺഡേ 2015 ജൂലൈ മാസം 5-ാം തീയതിയാണ്. പരിശുദ്ധ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി അന്നേ ദിവസം പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേദിന പിരിവ് മുൻവർഷത്തേക്കാൾ അധികമായി നൽകുകയും ചെയ്യണം. കവർപിരിവും മിഷൻ സൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് മിഷൻബോർഡ് പ്രസിഡന്റ്

അഭിവന്ദ്യ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ പേർക്ക് സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-3, കേരളം എന്ന വിലാസത്തിൽ അയച്ചു കൊടുക്കണം. ■


## മലങ്കരസഭ മാസിക

### പരസ്യ നിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 25,000 |
| Front Inside (Colour) | : | 20,000 |
| Back Inside (Colour) | : | 20,000 |
| Inner Page (Colour) | | |
| Full " | : | 15,000 |
| Half " | : | 8,000 |
| Quarter " | : | 5,000 |
| Minimum (Col.) 9x4 c.m. | : | 2,500 |
| Favours Block (Stamp) | : | 1500 |
| Full page (B&W) | : | 8000 |
| Half page (B&W) | : | 5000 |
| Quarter page (B&W) | : | 3000 |
| Matrimonial (Minimum) | : | 1000 |
| Minimum (B&W) 9x4 c.m. | : | 1250 |
| Favours Block (B&W) (Stamp) | : | 750 |

Malankara Sabha Magazine
Devalokam Kottayam-04
Ph:0481-2573234, malankarasabha1946@gmail.com


## മലങ്കരസഭാ മാസിക


- മലങ്കരസഭാ മാസികയിലേക്ക് വരിസംഖ്യ, പരസ്യം ഇനത്തിൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർ 0481-2573234 എന്ന നമ്പരിൽ വിളിച്ചറിയിക്കണം.

  [Bank -S.B.T Devalokam,
  Account Name & Number
  - MALANKARA SABHA
  (57017053203)
  IFSC Code - SBT R 0000820]

- എല്ലാ മാസവും 10-ന് മലങ്കരസഭാ മാസിക കോട്ടയത്തു നിന്നും പോസ്റ്റു ചെയ്യുന്നു.
- ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വരുന്നവർ അതതു പോസ്റ്റാഫീസുമായി ബന്ധപ്പെടണം.
- മലങ്കരസഭാ മാസിക സംബന്ധമായ പരാതികൾ രാവിലെ 10 മുതൽ 4 വരെ 0481-2573234 എന്ന നമ്പറിൽ അറിയിക്കാവുന്നതാണ്.
- ലേഖനങ്ങൾ പേജ്മേക്കറിൽ (pmd) ML-TT Revathy Font ൽ അയച്ചു തരണം. A4 മൂന്നു പേജിൽ കവിയരുത്.
- പരസ്യപേജ് ലേ-ഔട്ട് ചെയ്ത് PDF-ൽ അതതുമാസം 25-നു മുമ്പ് നൽകണം.


Malankara Sabha Masika
Catholicate Aramana
Devalokam, Kottayam-686004

malankarasabha1946@gmail.com
sabhamasika@yahoo.com



# യൂഹാനോൻ മാർ സേവേറിയോസ്

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ചരമത്തിന്റെ സിൽവർ ജൂബിലി വർഷമാണ് 2015 എന്നുള്ളത് ഏറെ പ്രസക്തമാണ്. അനേകം പട്ടക്കാരുടെയും ചില മേല്പട്ടക്കാരുടെയും ഗുരുസ്ഥാനീയനായ അദ്ദേഹം ആദരപൂർവ്വം അനുസ്മരിക്കപ്പെടുന്ന വ്യക്തിയാണ്. ബിരുദധാരിയൊന്നുമല്ലായിരുന്നെങ്കിലും, അദ്ദേഹത്തെ മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്, വ്യക്തിമാഹാത്മ്യം കൊണ്ടാണ്. സുറിയാനി ഭാഷാ പണ്ഡിതൻ, ആരാധനാശാസ്ത്രത്തെപ്പറ്റി ആധികാരികമായി പ്രതിപാദിക്കത്തക്ക അവഗാഹം നേടിയ ആത്മീയ പിതാവ്, സഭയിലും സമൂഹത്തിലുമുള്ള ചലനങ്ങളെയും പ്രവണതകളെയും സൂക്ഷ്മ നിരീക്ഷണം നടത്തി വസ്തുനിഷ്ഠമായി വിലയിരുത്തൽ നടത്തുന്ന പ്രവാചക ശബ്ദം, ലാളിത്യത്തിന്റെയും സൗമ്യതയുടെയും പര്യായം, പ്രകടനപരമല്ലാത്തതും പൗരസ്ത്യ പാരമ്പര്യത്തിൽ നിന്ന് ഉരുത്തിരിഞ്ഞതുമായ ആദ്ധ്യാത്മികതയുടെ ഉടമ, ഇതെല്ലാമായിരുന്നു ആ പിതാവ്. ഇടവക ജനങ്ങളെ ആത്മാർത്ഥമായ സ്നേഹിക്കയും അവർക്കുവേണ്ടി ജീവിക്കയും ചെയ്ത ഒരു ഉത്തമ അജപാലകനായി അദ്ദേഹം അനുസ്മരിക്കപ്പെടും.

> ‘ഇടവക ജനങ്ങളെ ആത്മാർത്ഥമായ സ്നേഹിക്കയും അവർക്കുവേണ്ടി ജീവിക്കയും ചെയ്ത ഒരു ഉത്തമ അജപാലകനായി അദ്ദേഹം അനുസ്മരിക്കപ്പെടും.’

## ജീവിതരേഖ

പുതുപ്പള്ളി, തൃക്കോതമംഗലം നരിമറ്റത്തിൽ വറുഗീസ് അവിരായുടെയും മറിയാമ്മയുടെയും മകനായി 1920 ജനുവരി 14-ന് ജനിച്ചു. മാമോദീസായിൽ നൽകിയ പേര്. യോഹന്നാൻ. വാകത്താനത്ത് പ്രൈമറി വിദ്യാഭ്യാസവും, പുതുപ്പള്ളി സ്കൂളിൽ ഹൈസ്കൂൾ പഠനവും നടത്തി. സുറിയാനിയിലുള്ള പ്രാഥമിക വിദ്യാഭ്യാസം, തുടർ പഠനം ഔഗേൻ മാർ തീമോത്തിയോസ് (പിന്നീട് ഔഗേൻ പ്രഥമൻ കാതോലിക്കാ) തിരുമേനിയുടെ കീഴിലായിരുന്നു. പിൽക്കാലത്ത് മല്പാൻ പദവിയിലേക്ക് ഉയരുവാൻ തക്ക അഭ്യസനം ലഭിച്ചു 1943 ഏപ്രിൽ 7-ന് ശെമ്മാശനായി. അതേവർഷം ജൂലായ് 7-ന് കശ്ശീശാ പട്ടവും സ്വീകരിച്ചു.

1947-ൽ ചെറിയ മഠത്തിൽ സി. ജെ. സ്ക്കറിയാ മല്പാനച്ചൻ സെമിനാരിയിൽ നിന്ന് വിരമിച്ചപ്പോൾ തൽസ്ഥാനത്തേക്ക് എൻ.എ. യോഹന്നാനച്ചൻ നിയമിതനായി. തുടർന്ന് ദീർഘമായ രണ്ടു ദശകത്തോളം സെമിനാരി അദ്ധ്യാപകനായി പ്രവർത്തിച്ചു. പാമ്പാടി ദയറാച്ചാപ്പൽ, പള്ളം സെഹിയോൻ, അമയന്നൂർ, കാരാട്ടുകുന്നേൽ എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

1966 ആഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്താ ആയിത്തീർന്നു. തുടർന്ന് കൊച്ചി ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് കൊരട്ടി അരമനയിൽ ആസ്ഥാനമാക്കി. കാൽനൂറ്റാണ്ടുകാലത്തോളം ഭദ്രാസന ചുമതല ഭംഗിയായി നിർവ്വഹിച്ച് 1990 മെയ് 16-ന് കാലം ചെയ്തു. കൊരട്ടി അരമനച്ചാപ്പലിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

## എന്റെ വ്യക്തിബന്ധം

നാലു പതിറ്റാണ്ടു കാലത്തെ ആത്മബന്ധമാണ് എനിക്കദ്ദേഹത്തോടുള്ളത്. അദ്ദേഹം പള്ളം കാരമൂട് പള്ളിയിൽ വികാരിയായിരിക്കുന്ന സമയത്ത് ഒരിക്കൽ ബാവാതിരുമേനിയെ കാണാൻ പഴയസെമിനാരിയിൽ എത്തി. അപ്പോഴാണ് ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നത്. എന്നാൽ പള്ളം ഇടവകക്കാരനും, കോളേജ് വിദ്യാർത്ഥിയുമായ ചിറയിൽ സി.കെ. തോമസ് ശെമ്മാശനിൽ നിന്ന് (ഇദ്ദേഹം പിന്നീട് ഒറീസ്സായിൽ സേവനം അനുഷ്ഠിക്കുമ്പോൾ ഒരു കാറപകടത്തിൽ മകനോടൊപ്പം മരിച്ചുപോയി) അവരുടെ വികാരി യോഹന്നാൻ അച്ചനെപ്പറ്റി വളരെയേറെ പ്രശംസാവാക്കുകൾ കേട്ടിട്ടുണ്ട്. ആ ശെമ്മാശനെ ദൈവിക ശുശ്രൂഷയ്ക്കു സമർപ്പിക്കാനുള്ള പ്രേര

ണയും പ്രചോദനവും വികാരി അച്ചനിൽ നിന്നാണ് പ്രധാനമായും ഉണ്ടായത് എന്ന് എന്നോടു പറഞ്ഞിട്ടുള്ളതു ഞാൻ ഓർക്കുന്നു. 1954-ൽ അദ്ധ്യാപകനായി ഞാൻ എത്തുമ്പോഴാണ് മല്പാനച്ചനുമായി കൂടുതൽ അടുക്കുന്നതിനും ആത്മീയ ബന്ധം ദൃഢപ്പെടുത്തുന്നതിനും ഇടയായത്. അന്ന് എം.ഡി. സെമിനാരിയിലാണ് വൈദികാഭ്യസനം. മല്പാനച്ചൻ താമസിച്ചിരുന്നത് ഏലിയാ ചാപ്പലിനോടു ചേർന്ന് അതിന്റെ തെക്കുവശത്തുള്ള ഒരു കൊച്ചുമുറിയിൽ ആയിരുന്നു. അന്ന് ആകെ ആറ് അദ്ധ്യാപകരും, നാലു ക്ലാസ്സുകളിലുമായി മുപ്പതിൽ താഴെ വിദ്യാർത്ഥികളുമേ ഉണ്ടായിരുന്നുള്ളു. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി പ്രിൻസിപ്പലായും ഫാ. കെ. ഫീലിപ്പോസ് (പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ്) വൈസ് പ്രിൻസിപ്പലുമാണ്. ദീർഘകാലമായി നിലനിന്നു പോന്ന വൈസ് പ്രിൻസിപ്പൽ തസ്തിക നിറുത്തലാക്കിയത് ഫാ. ജേക്കബ് കുര്യൻ പ്രിൻസിപ്പൽ ആയി വന്ന കാലം മുതലാണ്.

അന്ന് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ടോയ്‌ലറ്റും കുളിസ്ഥലവും ഒരുമിച്ചായിരുന്നു. താഴെ ഒരു ചെറിയ കുളമുണ്ടായിരുന്നതുകൊണ്ട് അവിടെപ്പോയാണ് കുളി നടത്തിയത്. ഞാനും എം.വി. ജോർജ് ചെമ്മാച്ചനും (പന്നീട് ഗീവർഗീസ് മാർ ഒസ്താത്തിയോസ്) അച്ചന്മാരാകുന്നതിനു മുമ്പ് കുർബാന തക്സായും, കൂദാശ ക്രമങ്ങളും പഠിച്ചത് മല്പാനച്ചന്റെ അടുക്കലാണ്. എല്ലാ കാര്യങ്ങളും വിശദമായും വ്യക്തമായും പറഞ്ഞു തരും. രണ്ടു പേരും ആദ്യ കുർബാന അർപ്പിച്ചത് മല്പാനച്ചന്റെ സാന്നിധ്യത്തിലാണ്. എന്റെ വിവാഹത്തിന് മല്പാനച്ചൻ സന്നിഹിതനായിരുന്നു. എം.വി. ജോർജ് ചെമ്മാച്ചൻ പ്രസംഗം നടത്തി. വിവാഹം ആശിർവദിച്ചത് പാമ്പാടിത്തിരുമേനിയും പാറേട്ടെ തിരുമേനിയും ഒരുമിച്ചാണ്.

അക്കാലത്ത് കൺവൻഷൻ വേദികളിൽ ഞാനും എം.വി. ജോർജ്ജച്ചനും അവഭാജ്യഘടകങ്ങളായിരുന്നു. തിരിച്ച് സെമിനാരിയിലെത്തുമ്പോൾ മല്പാനച്ചൻ വിവരങ്ങൾ ചോദിച്ചറിയും. എപ്പോഴും പ്രോത്സാഹനത്തിന്റെ വാക്കുകൾ പറഞ്ഞിരുന്നു. ഞാൻ പ്രസംഗവിഷയത്തെക്കുറിച്ച്



യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ചരമ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത കേരളാ ഗവർണർ പി. സദാശിവം, പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ എന്നിവരെ സ്വീകരിച്ചപ്പോൾ...

മല്പാനച്ചനുമായി ചർച്ച ചെയ്യും. ഒരു ജ്യേഷ്ഠ സഹോദരൻ കണക്കെ എനിക്കു പ്രോത്സാഹനങ്ങൾ നൽകിയിരുന്നു. 1960 മുതൽ സെമിനാരി പ്രവർത്തനം പഴയ സെമിനാരിയിലേക്കു മാറ്റി. അപ്പോൾ മിക്ക ദിവസവും ഞാൻ അച്ചന്റെ മുറിയിൽ പോവുകയും ആശയവിനിമയം നടത്തുകയും ചെയ്തുപോന്നു. പുരോഗമനപരമായ ആശയങ്ങൾ ഉൾക്കൊണ്ട ഒരു പിതാവായിട്ടാണ് ഞാൻ കണ്ടത്. അതേ സമയം പുതുമയ്ക്കുവേണ്ടിയുള്ള മാറ്റങ്ങളെ അദ്ദേഹം എതിർത്തു.

1958-ൽ സഭ യോജിച്ചപ്പോൾ പാത്രിയർക്കീസുഭാഗത്ത് നടത്തിയിരുന്ന മലേക്കുരിശിലെ സെമിനാരി നിറുത്തുകയും അവിടെ പഠിപ്പിച്ചിരുന്ന വടവുകോട് ഞാർത്താങ്കൽ കോരുത് മല്പാനച്ചൻ കോട്ടയം സെമിനാരിയിൽ ചേരുകയും ചെയ്തു. അപ്പോൾ രണ്ടു മല്പാന്മാരുടെ സാന്നിധ്യം സെമിനാരിക്കുണ്ടായി. കോരുതച്ചൻ പ്രധാനമായും ആരാധനാ സംഗീതത്തിൽ ശ്രദ്ധവച്ചു. യോഹന്നാനച്ചൻ സുറിയാനി ഭാഷയും ശുശ്രൂഷാക്രമങ്ങളും പഠിപ്പിച്ചു. രാത്രികാലങ്ങളിൽ മിക്കപ്പോഴും ഞങ്ങൾ ഒരുമിച്ചു സമ്മേളിക്കുമായിരുന്നു. യഥാർത്ഥ ക്രിസ്തീയ കൂട്ടായ്മയുടെ മാധുര്യം അനുഭവവേദ്യമാകുന്ന അവസരങ്ങൾ എന്നു വിശേഷിപ്പിക്കാം.

1966-ൽ യോഹന്നാനച്ചൻ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. സ്ഥാനാഭിഷേകം കോലഞ്ചേരി പള്ളിയിൽ വച്ച് ഔഗേൻ ബാവായുടെ നേതൃത്വത്തിൽ നടന്നു. ശുശ്രൂഷകളിൽ ബാവായെ സഹായിക്കാൻ കോനാട്ട് അബ്രഹാം മല്പാനച്ചൻ സന്നിഹിതനായിരുന്നു. ശുശ്രൂഷയെ സംബന്ധിച്ചുള്ള വിശദീകരണങ്ങളും നിർദ്ദേശങ്ങളും നൽകാൻ നിയുക്തനായത് ഞാൻ ആയിരുന്നു. അതുപോലെയുള്ള മറ്റുപല അവസരങ്ങളിലും ഈ ദൗത്യം നിർവഹിക്കാനുള്ള ഭാഗ്യം എനിക്കു

**സുറിയാനി ഭാഷയിൽ മഹാപണ്ഡിതനായ ഔഗേൻ ബാവായിൽ നിന്നു പഠിക്കുന്നതിനും, അദ്ദേഹത്തിൽ നിന്നും പട്ടം ഏൽക്കുന്നതിനുമുള്ള ഭാഗ്യം കഥാപുരുഷനുണ്ടായി. മഹാപരിശുദ്ധനായ പാമ്പാടിത്തിരുമേനിയുടെ ശിഷ്യത്വവും ഒരർത്ഥത്തിൽ അവകാശപ്പെടാം. ഇപ്രകാരമെല്ലാം കരുപ്പിടിപ്പിക്കപ്പെട്ട ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സേവേറിയോസ് തിരുമേനി.**

ണ്ടായിട്ടുണ്ട്. യൂഹാനോൻ സേവേറിയോസ് തിരുമേനി കൊച്ചി ഭദ്രാസനത്തിന്റെ ചുമതലയേറ്റ് ആസ്ഥാനം കൊരട്ടിയിലാക്കി.

ഭദ്രാസനത്തിലെ പല പൊതുസമ്മേളനങ്ങളിലും പ്രസംഗിക്കാനും ക്ലാസ്സുകൾ എടുക്കാനും എന്നെ ക്ഷണിച്ചിട്ടുണ്ട്. വൈദിക സമ്മേളനത്തിൽതന്നെ രണ്ടു പ്രാവശ്യം സംബന്ധിച്ചത് ഓർക്കുന്നു. അവിടെയെത്തുമ്പോൾ ഊഷ്മളമായ ആതിഥ്യമാണ്. ഭക്ഷണം, കിടപ്പ്, ഇങ്ങനെ എല്ലാ കാര്യങ്ങളിലും തിരുമേനിയുടെ ശ്രദ്ധ പതിയുമായിരുന്നു. ദീർഘകാല സൗഹൃദത്തിന്റെ ഊഷ്മളത അവിടെ പ്രകടമാവും. കുറച്ചു കാലം പരുമല സെമിനാരിയിൽ വിശ്രമിച്ച് കബറിങ്കലെ പ്രാർത്ഥനയിൽ ശരണപ്പെട്ടു. അന്ന് ഞാൻ പല പ്രാവശ്യം തിരുമേനിയെ സന്ദർശിച്ചത് ഓർക്കുന്നു. 24 വർഷത്തെ ഭദ്രാസന ശുശ്രൂഷയ്ക്ക് ശേഷം 1990 മെയ് 16-ന് അദ്ദേഹം ശാശ്വത ഭവനത്തിലേക്കു യാത്രയായി. കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ച് "ബ്ശ്ലോമോ" 'സമാധാനത്താലെ പോവുക' എന്നാശംസിച്ചു. കൊരട്ടിയിൽ ചെല്ലുമ്പോഴെല്ലാം ആ കബറിങ്കൽ എത്തി ബന്ധം അയവിറക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്.

**അദ്ദേഹത്തിന്റെ സവിശേഷതകളും സംഭാവനകളും:**

സഭയിലെ ആത്മീയ തേജോഗോളങ്ങളായിരുന്ന മൂന്നു സഭാ പിതാക്കന്മാരോട് അടുത്തു ജീവിക്കാനും അവരിൽ നിന്നു പ്രോത്സാഹനങ്ങളും ഉത്തേജനങ്ങളും ഉൾക്കൊള്ളുവാനും കഴിഞ്ഞത് കഥാപുരുഷന്റെ മാഹാഭാഗ്യമാണ്. ആ മൂന്നു പിതാക്കൾ, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പ. ഔഗേൻ പ്രഥമൻ ബാവാ, പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ. ഗീവർഗീസ് ദ്വിതീയൻ ബാവാ പട്ടംകൊട നടത്തുമ്പോഴും പള്ളി കൂദാശ നടത്തുമ്പോഴുമൊക്കെ യോഹന്നാൻ അച്ചന്റെ (സ്മര്യപുരുഷന്റെ) സാന്നിധ്യം ഉറപ്പാക്കുമായിരുന്നു. പ്രുമിയോൻ വായിക്കുന്നതിനും (അന്ന് സുറിയാനിയിൽ നിന്ന് മലയാളത്തിലേക്കു തത്സമയം പരിഭാഷപ്പെടുത്തുകയായിരുന്നു) ശുശ്രൂഷയുടെ ഓരോ ഭാഗവും ക്രമമായും കൃത്യമായും നിർവഹിക്കാൻ അച്ചൻ സഹായിച്ചിരുന്നു. സുറിയാനി ഭാഷയിൽ മഹാപണ്ഡിതനായ ഔഗേൻ ബാവായിൽ നിന്നു പഠിക്കുന്നതിനും, അദ്ദേഹത്തിൽ നിന്നും പട്ടം ഏൽക്കുന്നതിനുമുള്ള ഭാഗ്യം കഥാപുരുഷനുണ്ടായി. മഹാപരിശുദ്ധനായ പാമ്പാടിത്തിരുമേനിയുടെ ശിഷ്യത്വവും ഒരർത്ഥത്തിൽ അവകാശപ്പെടാം. ഇപ്രകാരമെല്ലാം കരുപ്പിടിപ്പിക്കപ്പെട്ട ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു സേവേറിയോസ് തിരുമേനി.

> **വൈദികനായിരിക്കുമ്പോഴും മെത്രാപ്പോലീത്താ ആയിത്തീർന്നപ്പോഴും തന്റെ സ്ഥായിയാ ഭാവത്തിന് ഒരു മാറ്റവും സംഭവിച്ചില്ല. വേഷത്തിലും ഭാവത്തിലും പെരുമാറ്റത്തിലും, എല്ലാം എളിമയും ലാളിത്യവും പ്രതിഫലിച്ചിരുന്നു.**

**സവിശേഷതകളും സംഭാവനകളും**

**1) എളിമയുടെയും ലാളിത്യത്തിന്റെയും മൂർത്തീഭാവം:**

വൈദികനായിരിക്കുമ്പോഴും മെത്രാപ്പോലീത്താ ആയിത്തീർന്നപ്പോഴും തന്റെ സ്ഥായിയായ ഭാവത്തിന് ഒരു മാറ്റവും സംഭവിച്ചില്ല. വേഷത്തിലും ഭാവത്തിലും പെരുമാറ്റത്തിലും, എല്ലാം എളിമയും ലാളിത്യവും പ്രതിഫലിച്ചിരുന്നു. അറിവിന്റെ ആഴമോ ആത്മീയതയുടെ പൊരുളോ വിളിച്ചറിയിക്കുന്നതല്ല അദ്ദേഹത്തിന്റെ പെരുമാറ്റം. ആഡംബരത്തിന്റെ അകമ്പടിയോ പ്രകടനമോ കൂടാതെ ലാളിത്യത്തിന്റെ പര്യായമായി അദ്ദേഹം വർത്തിച്ചു. ഒരാൾ രേഖപ്പെടുത്തുന്നു: "ജീവിതത്തിൽ എളിമയുടെ മേന്മയെന്തെന്ന് അദ്ദേഹത്തിന്റെ കൂടെ വസിച്ചിട്ടുള്ളവർക്ക് അറിയാം". ചിലരുടെ ജീവിതത്തിൽ മെത്രാപ്പോലീത്താ സ്ഥാനത്ത് അവരോധിക്കപ്പെടുമ്പോൾ വലുതായ മാറ്റം പ്രത്യക്ഷപ്പെടും. അധികാരത്തിന്റെ ശബ്ദവും, ഗരിമയുടെ പ്രകടനവുമെല്ലാം ഉണ്ടാകുന്നു. അറിവിന്റെ ഭണ്ഡാരമായി സ്വയം അവകാശപ്പെടും. ഇതൊക്കെ കണ്ടറിഞ്ഞിട്ടുള്ള എനിക്ക് സേവേറിയോസ് തിരുമേനി എത്ര വ്യത്യസ്തനായിരുന്നു എന്ന് സാക്ഷിക്കാൻ കഴിയും.

അദ്ദേഹത്തിന്റെ സൗമ്യഭാവവും ക്ഷമാശീലവും എന്നെ ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. എത്ര പ്രകോപനപരമായ സാഹചര്യമായാലും സമചിത്തത വെടിയാതെ സൗമ്യഭാവത്തോടെ വർത്തിക്കാൻ അദ്ദേഹത്തിനു കഴിയും. കോപിഷ്ഠനായി ഒരിക്കൽ പോലും ഞാൻ കണ്ടിട്ടില്ല. കോപിക്കുന്നവരെ മൗനം കൊണ്ട് കീഴ്പ്പെടുത്തുവാനുള്ള നിശ്ചയ ദാർഢ്യം അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. പദവികൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി മോഹിക്കയോ, അടവുകൾ പ്രയോഗിക്കുകയോ ഒന്നും ആ ജീവിതത്തിലില്ല. മറ്റുള്ളവരുടെ ശ്രദ്ധയിലേക്കു പതിയുവാൻ കുത്സിതമായ പലതും ചെയ്യുന്നവരെ നാം കണ്ടുമുട്ടാറുണ്ട്. തന്റെ സാന്നിദ്ധ്യം ആരെങ്കിലും അറിയണമെന്നോ, ആദരവു കൈവരിക്കണമെന്നോ ആഗ്രഹിക്കാത്ത ഉത്തമ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

**2. ഒരു പ്രവാചക ശബ്ദമായിരുന്നു:**

യിസ്രായേലിലെ പ്രവാചകന്മാർ സമൂഹത്തെ സൂക്ഷ്മനിരീക്ഷണം നടത്തി, അതിലെ തിന്മകൾക്കും അനീതിക്കും എതിരെ ധീരതയോടെ ശബ്ദമുയർത്തിയിരുന്നു. ആമോസ്, മീഖാ, യെശയ്യാവ് തുടങ്ങിയ പ്രവാചകന്മാർ യിസ്രായേല്യ ജനത്തിന്റെ പരാജയങ്ങളെയും പോരായ്മകളെയും ചൂണ്ടികാണിച്ചുകൊണ്ട് പരിവർത്തനത്തിനു വിധേയരാകുവാൻ ജനത്തെ ആഹ്വാനം ചെയ്തു. അത് ദൈവം അവർക്കു നൽകിയ ദൗത്യമെന്ന് അവർ വിശ്വസിച്ചു. അവർക്കുണ്ടാകാവുന്ന ഭവിഷ്യത്തുകളെ അവർ കണക്കിലെടുത്തില്ല. അനീതിക്കും അധർമ്മത്തിനും ഈശ്വര നിന്ദയ്ക്കുമെതിരെ അവർ ആഞ്ഞടിച്ചു. ആ പ്രവാചക നിരയിൽ അവസാനത്തേതായിരുന്നു യോഹന്നാൻ സ്നാപകൻ.

മേൽപ്പറഞ്ഞ വിധത്തിൽ പ്രവാചക തുല്യമായിരുന്നു സേവേറിയോസ് തിരുമേനിയുടെ തൂലികയിൽ നിന്നു വന്ന സന്ദേശങ്ങൾ. തികച്ചും വിമർശനാത്മകമായിരുന്നു. ചില പ്രസ്താവനകൾ ശ്രദ്ധിക്കാം. "പള്ളിയിൽ കെങ്കേമമായ ആഘോഷകുർബ്ബാനയും, മൂന്നിന്മേൽ കുർബാന മുതൽ പതിമൂന്നിന്മേൽ കുർബാന വരെയുള്ള പരിപാടികളും നടത്തുവാൻ മുതിരുമെങ്കിലും, കുർബാനയിൽ സംബന്ധിക്കാത്തവരും അത് അനുഭവിക്കാത്തവരുമായ

ഒരു വിഭാഗമാണ് ഭവനങ്ങളിൽഅടിഞ്ഞുകൂടി കിടക്കുന്നത്. കുർബാനയിൽ വിശ്വാസമില്ലാത്തവരെ സഹവിശ്വാസികളായി കണക്കാക്കുന്നതിനും മടിയില്ല."

കുറെക്കൂടെ കൂർത്തമുനയുള്ള വിമർശനം കാണാം: "പള്ളിയും തിരുബലിയും വേണ്ടാത്ത കുറെ പ്രമാണികളെക്കൊണ്ടും കമ്മറ്റിക്കാരെക്കൊണ്ടും അവരുടെ തലച്ചോറിൽ നിന്നിറങ്ങുന്ന പ്ലാനുകളെക്കൊണ്ടും സഭയെ കെട്ടിപ്പണിയാൻ സാധിക്കുമെന്നു വിചാരിക്കുന്നുവെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിൽത്തന്നെയാണ് കഴിയുന്നതെന്നു ധൈര്യമായി പറയുവാൻ കഴിയും". ആമോസ് പ്രവാചകന്റെ ആത്മാവിൽ പ്രസ്താവിക്കുന്നു. "പാവപ്പെട്ടവൻ അഞ്ചു രൂപാ കുടിശിഖ കൊടുക്കാനുണ്ടെങ്കിൽ അവന്റെ നേരെ കണ്ണുരുട്ടുകയും, അവന്റെ ആത്മീയാവശ്യങ്ങൾ മുടക്കുകയും ചെയ്യുന്നതിന് മടിക്കാത്തവർ, പള്ളിയിൽ കയറാത്തവരെയും അസന്മാർഗ്ഗികളെയും കുടിശ്ശിഖക്കാരായി കണക്കാക്കാത്തതെന്തെന്നു മനസ്സിലാകുന്നില്ല. ഒന്നിലധികം ഭാര്യമാരുള്ളവർക്കു ട്രസ്റ്റികളാകുന്നതിനും കള്ളുഷാപ്പുടമകൾക്ക് കമ്മറ്റിക്കാരാകുന്നതിനും, പള്ളിയകത്തേക്ക് പ്രവേശിക്കാത്തവർക്ക് സമുദായ മാനേജിംഗ് കമ്മറ്റിയിൽ കയറിപ്പറ്റുന്നതിനും പ്രയാസമില്ലെന്നു വന്നാൽ, അങ്ങനെയുള്ള ഒരു സഭ നിലനില്ക്കുന്നതായിട്ടുള്ളതാണ് അത്ഭുതമായിട്ടുള്ളത്."

അധിക സഞ്ചാരമൊന്നും അദ്ദേഹം ചെയ്തില്ല, എങ്കിലും സഭയിലെ ഏതു കോണിലെയും സംഭാവ വികാസങ്ങളും നടപടികളും അദ്ദേഹം അറിഞ്ഞുകൊണ്ടിരുന്നു. അനാശാസ്യങ്ങളായ പ്രവണതകളെ വിമർശിക്കുന്നതിൽ ശ്രദ്ധിച്ചുപോന്നു. അതിൽ അദ്ദേഹത്തിന്റെ നീതിബോധവും, ധാർമ്മിക രോഷവും പ്രകടമാകും. സഭയോടുള്ള സ്നേഹവും, അതിന്റെ വിശുദ്ധിയും ഔന്നത്യവും കാത്തുസൂക്ഷിക്കണമെന്നുള്ള താല്പര്യവുമാണ് വിമർശനങ്ങളുടെ പിന്നിലെ ചേതോവികാരം. അതുകൊണ്ടാണ് പ്രവാചക ശബ്ദമെന്ന് വിശേഷിപ്പിച്ചത്.

**2. ആരാധനാശാസ്ത്രത്തിന്റെ അധികാരിക ശബ്ദം:**

ആരാധനാപരവും, ശുശ്രൂഷാ സംബന്ധിയുമായ എല്ലാ കാര്യങ്ങളിലും അദ്ദേഹം തികഞ്ഞ പണ്ഡിതനായിരുന്നു. തന്റെ ഗുരുക്കന്മാരിൽ എന്നു നേരിട്ട് പഠിച്ചവനും, സ്വന്തം ബുദ്ധിയും യുക്തിയും കൊണ്ട് വിശകലനം ചെയ്ത് ഉറപ്പാക്കിയതുമായ നിർണ്ണയങ്ങളാണ് അദ്ദേഹം മുറുകെ പിടിച്ചത്. പൗരാണികതയുടെ പേരിൽ ഒരു കാര്യം അന്ധമായി പിന്തുടരുകയല്ല, കാര്യകാരണസഹിതം അതിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ് അതിൽ ഉറച്ചു നിൽക്കുന്ന ശൈലി അദ്ദേഹം പിന്തുടർന്നു. ഏതൊക്കെ അപ്രധാനം, ഏതൊക്കെ അനിവാര്യം എന്നുള്ള വിവേചനം അദ്ദേഹം നടത്തുമായിരുന്നു. എഴുതി വച്ചിരിക്കുന്നതൊക്കെ അപ്പാടെ കണ്ണുമടച്ചു പിന്തുടരുന്ന സമീപനമല്ല. ഏതൊക്കെ ഏതു സാഹചര്യത്തിൽ രൂപപ്പെട്ടു; ഇന്ന് ഏതൊക്കെ പ്രസക്തമാണ് എന്നുള്ള രാജ്യഗ്രാഹ്യ വിവേചനാശക്തി ഉണ്ടായിരുന്ന ശ്രേഷ്ഠ മല്പാനായിരുന്നു അദ്ദേഹം. കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം ഗദ്യത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ കേവലം വർണ്ണനകളും ചിത്രീകരണങ്ങളുമായ ചില പാട്ടുകൾ വിട്ടുകളഞ്ഞു. എന്നാൽ അവപാട്ടുകളായി പരിഭാഷപ്പെടുത്തിയവർ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ശുശ്രൂഷാസംവിധാനം-എന്ന അദ്ദേഹത്തിന്റെ കൃതി വൈദികർക്ക് വലിയ ഒരനുഗ്രഹമുണ്ട്. അനുഷ്ഠാന പ്രധാനമായ നമ്മുടെ ശുശ്രൂഷകൾക്ക് പലതിനെപ്പറ്റി സംശയവും ദുരൂഹതയും ഉയർന്നെന്നു വരാം. അപ്പോൾ കയ്യിലുള്ള ഈ പുസ്തകമാണ് വഴികാട്ടിയായി മാറുന്നത്. വളരെ ലളിതമായും ആർക്കും മനസ്സിലാക്കാവുന്ന വ്യക്തതയിലുമാണ് വിശദീകരണങ്ങളും മാർഗ്ഗദർശനങ്ങളും നൽകിയിട്ടുള്ളത്. തെക്കും വടക്കും പ്രദേശങ്ങളിൽ ചില അനുഷ്ഠാനങ്ങളിൽ വ്യത്യാസങ്ങൾ പുലർത്തുന്നുണ്ട്. അക്കാര്യവും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ആരാധന അകൃത്രിമമായിരിക്കണമെന്ന നിർബ്ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. ജനശ്രദ്ധ ആകർഷിക്കാൻ ചില പൊടിക്കൈകളൊക്കെ പ്രയോഗിക്കുന്ന രീതി ചിലർക്കുണ്ട്. അതിനു വലിച്ചു നീട്ടുകയും, കൂട്ടിച്ചേർക്കുകയും ഒക്കെ ചെയ്തുവരും. അത്തരം പ്രവണതകളെ തിരുമേനി വെറുത്തു. ആരാധന ദൈവാഭിമുഖമായ കൃത്യമെന്നുള്ള പ്രാഥമിക സങ്കല്പം സുപ്രധാമാണ്.

**3. ഉത്തമനായ ഒരു അജപാലകൻ**

വൈദിക സെമിനാരിയാണ് തന്റെ പ്രഥമ പ്രവർത്തന വേദി എന്നു വിശ്വസിച്ചതുകൊണ്ട് ഇടവക ശുശ്രൂഷകളിൽ അധികകാലം ചെലവിട്ടിട്ടില്ല. എന്നാൽ കോട്ടയം ഭദ്രാസനത്തിലെ നാലു പള്ളികളിൽ അദ്ദേഹത്തിന്റെ സേവനം ലഭിച്ചിട്ടുണ്ട്. ആ ഇടവകക്കാർ വളരെ അഭിനന്ദനത്തോടും കൃതജ്ഞതയോടുമാണ് അദ്ദേഹത്തിന്റെ സേവനത്തെ അനുസ്മരിക്കുന്നത്.

അർപ്പണബോധത്തോടും ജനങ്ങളോടുള്ള നിർവ്യാജ സ്നേഹത്തോടും അദ്ദേഹം ശുശ്രൂഷ ചെയ്തു. ധനമോഹ

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

**കോലഞ്ചേരി :-** ഏഴാം മാർത്തോമ്മായുടെ 242-ാം ഓർമ്മ ജൂലൈ 5-ന് കോലഞ്ചേരി പള്ളി.

**പത്തനാപുരം:-** സഖറിയാ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 18-ാം ഓർമ്മ ജൂലൈ 7-ന് പത്തനാപുരം മൗണ്ട് താബോർ ദയറായിൽ പള്ളിയിൽ.

**കോട്ടയം:-** എം.ഡി. സെമിനാരി സ്ഥാപകൻ മലങ്കരസഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 106-ാം ഓർമ്മ ജൂലൈ 12-ന് കോട്ടയം പഴയ സെമിനാരിയിൽ.

**റാന്നി:-** ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ 16-ാം ഓർമ്മ ജൂലൈ 23-ന് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ.



മോ, വ്യക്തിപരമായ എന്തെങ്കിലും നേട്ടങ്ങളോ തന്റെ പ്രവർത്തന ലക്ഷ്യത്തിൽ കടന്നുവരാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അച്ചനായിരുന്നപ്പോഴും മെത്രാപ്പോലീത്താ ആയപ്പോഴും സമ്പാദ്യമൊന്നും അദ്ദേഹത്തിനില്ലായിരുന്നു.

ഒരു ഇടയശ്രേഷ്ഠൻ എപ്പോഴും ജനങ്ങൾക്കു സംപ്രാപ്യനായിരിക്കണം. പ്രശ്നങ്ങളും പ്രയാസങ്ങളുമായി കടന്നുവന്ന് ആശ്വാസവും പരിഹാരവും കണ്ടെത്തുവാൻ സാധിക്കുന്ന അനുഭവമുണ്ടാകണം. ജനങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഇടയൻ അവരുമായി അടുത്ത സമ്പർക്കം പുലർത്തുവാൻ ശ്രമിക്കും.

മല്പാനച്ചനിൽ നിന്നു ലഭിച്ച പ്രചോദനവും പ്രോത്സാഹനവും ചില യുവാക്കളെ വൈദിക ശുശ്രൂഷയ്ക്കു പ്രേരിപ്പിക്കുവാൻ കാരണമായിട്ടുള്ളതറിയാം. നിശ്ശബ്ദവും എന്നാൽ ഉത്തേജനം വരുത്തുന്നതുമായിരുന്നു പ്രവർത്തനശൈലി. വചനശുശ്രൂഷ അദ്ദേഹം ഗൗരവമായിട്ടെടുത്തു. ഇടവകയെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്കാവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകി.

മെത്രാപ്പോലീത്താ എന്ന നിലയിൽ ഭദ്രാസനത്തിലെ വൈദികരുമായി ഉത്തമബന്ധം പുലർത്തി. എല്ലാവർക്കും ഒരു പിതാവായി അദ്ദേഹം വർത്തിച്ചു. വൈദികരുടെ ക്ഷേമം അന്വേഷിക്കയും, അവരുടെ സേവനങ്ങളെ പ്രോത്സാഹിപ്പിക്കയും ചെയ്തു. രണ്ടു പ്രാവശ്യം വൈദികസമ്മേളനത്തിൽ ഞാൻ പോയി ക്ലാസ്സുകൾ എടുത്തിട്ടുള്ളത് ഓർക്കുന്നു. വൈദികരിൽ നിന്ന് പരാതികളോ പിറുപിറുപ്പോ ഉണ്ടായതായി അറിവില്ല. എല്ലാവരെയും പിതൃതുല്യം അദ്ദേഹം സ്നേഹിച്ചു. അദ്ദേഹം ഒരു വേദശാസ്ത്രപാരംഗതനോ, ഉജ്ജ്വല വാഗ്മിയോ, ഭരണ ധുരന്ധരനോ ഒന്നുമായിരുന്നില്ല. എല്ലാവർക്കും ഉത്തമനായ ഒരു ആത്മീയ പിതാവായിരുന്നു.

4. ഒരു ധ്യാനഗുരു: അദ്ദേഹം ഒരു കൺവൻഷൻ പ്രസംഗകനല്ലായിരുന്നു. എന്നാൽ ഉത്തമനായ ഒരു ധ്യാനഗുരു ആയിരുന്നു. ബുധനാഴ്ച തോറും സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് സെമിനാരിയിൽ ധ്യാനപ്രസംഗം ഉണ്ട്. അത് അദ്ധ്യാപകർ മൂപ്പനനുസരിച്ച് നടത്തുകയായിരുന്നു പതിവ്. മല്പാനച്ചൻ ഒരിക്കലും തന്റെ ചുമതല മുടക്കുമായിരുന്നില്ല. കടിച്ചാൽ പൊട്ടാത്ത സിദ്ധാന്തങ്ങളോ ദുർഗ്രഹങ്ങളായ ആശയങ്ങളോ അവതരിപ്പിക്കാറില്ല. തിരുവചനത്തെ ആധാരമാക്കി ലളിതമായും ആത്മിക ജീവിതത്തിന് പ്രസക്തവുമായ ഉപദേശങ്ങൾ അവതരിപ്പിച്ചുപോന്നു. പ്രായോഗികതയ്ക്കാണ് പ്രാധാന്യം നൽകിയിരുന്നത്. ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഉള്ള അവസരങ്ങൾ പ്രസംഗത്തിനു പിന്നാലെ ഉണ്ടാകും. അതിനാവശ്യമായ നിർദേശങ്ങളും നമുക്കു ലഭിക്കും.

എനിക്ക് ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ ആയരുന്നു അദ്ദേഹം വർത്തിച്ചത്. തുടരെത്തുടരെയുള്ള എന്റെ രോഗങ്ങളും ജീവിതത്തിന്റെ മറ്റു പ്രശ്നങ്ങളുമൊക്കെയായി കഴിയുമ്പോൾ മല്പാനച്ചൻ ഒരു ഉത്തമസഹോദരനെപ്പോലെ സാന്ത്വനം നൽകുകയും അടുത്ത ബന്ധം പുലർത്തുകയും ചെയ്തുപോന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ എന്റെ വിനീത പ്രണാമം.

*(സി.എസ്.എസ്. ഉടൻ പ്രസിദ്ധീകരിക്കുന്ന ഫാ. ഡോ. റ്റി. ജെ. ജോഷ്വായുടെ 'എന്റെ ആത്മീയ ജീവിതത്തിൽ, ഊർജ്ജം പകർന്ന പിതാക്കന്മാർ' എന്ന ഗ്രന്ഥത്തിൽ നിന്നും).*




**ചെങ്ങന്നൂർ:** +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 100% മാർക്കു വാങ്ങിയ അനീറ്റാ സൂസൻ ബാബു. ചെങ്ങന്നൂർ കടവിൽ തോപ്പിൽ കെ. ജെ. സാബുവിന്റെയും മിനിമോൾ സാബുവിന്റെയും മകൾ. ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് ഇടവകാംഗമാണ്.

*Advt.*


## പ്രത്യാശാ കൗൺസലിംഗ് കോഴ്സ്

**കോട്ടയം:** ഓർത്തഡോക്സ് സെമിനാരിയിലെ പ്രത്യാശ കൗൺസലിംഗ് സെന്ററിന്റെ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമാ ഇൻ പാസ്റ്ററൽ കൗൺസിലിംഗിന്റെ 15-ാമത് ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോമും പ്രോസ്പക്ടസും തപാലിൽ ലഭിക്കാൻ സെക്രട്ടറി, സോഫിയ സെന്റർ, ഓർത്തഡോക്സ് സെമിനാരി, പി.ബി. നമ്പർ 98, കോട്ടയം -1 എന്ന വിലാസത്തിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് ഫാ. ഡോ. ഒ. തോമസ് 9497107740, ഫാ. വർഗീസ് ജോസഫ് - 9447803277 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 30.


IInd Death Anniversary
(17-06-2015)



**Kolady House**
Eranahipalam,
Calicut

*Inserted by:*
Sorrowing Family

**K. GEORGE JOSEPH**



**പള്ളികൾ മനോഹരമാക്കൂ**

Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...

**ഫോൺ: 0481-2571126, 2574183**
**0484-3292390 മൊബൈൽ: 9447259003**

**എം.എ. കയർ ഹൗസ്**

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**

# ജൂലൈ – 5, മിഷൻ സൺഡേ

**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**


മുൻപതിവുപോലെ ഈ വർഷത്തെ മിഷൻ സൺഡേ പിരിവും വിജയിപ്പിക്കണമെ. നിങ്ങൾ ഏവരുടേയും പ്രാർത്ഥനയാലും സഹകരണത്താലും ഓരോ വർഷവും പിരിവുതുക വർദ്ധിച്ചുവരുന്നു. ഈ വർഷത്തെ വരവ് **86,11,753.42** രൂപയാണ്. ദൈവകൃപയാൽ എല്ലായിടത്തുമുള്ള മിഷൻ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നു. പ്രവർത്തകരുടെ കുറവ് മിഷൻ പ്രവർത്തനത്തെ ബാധിച്ചു തുടങ്ങി. ദൈവവേല ആഗ്രഹിക്കുന്ന യുവതീ-യുവാക്കൾ മുന്നോട്ടു വരുവാനായി പ്രാർത്ഥിക്കണം. മാവേലിക്കര സെന്റ് പോൾസ് എം.റ്റി.സി.യിൽ Bachelor of Missiology(B.Miss) എന്ന ത്രിവത്സര ഡിഗ്രി കോഴ്സ് ആരംഭിക്കുവാൻ സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അനുവാദം ലഭിച്ചിരുന്നുവെങ്കിലും വിദ്യാർത്ഥികളെ ലഭിക്കാഞ്ഞതിനാൽ കോഴ്സ് ആരംഭിച്ചില്ല. മാവേലിക്കര എം.റ്റി.സി.യിൽ നടന്നുവരുന്ന ത്രിവത്സര ഡിപ്ലോമാ കോഴ്സിന്റെ 18–ാമത് ബാച്ച് 2015 ജൂണിൽ ആരംഭിക്കും. +2 പാസ്സായവർക്ക് ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാം. അനുയോജ്യരായവരെ കണ്ടുപിടിച്ച് മാവേലിക്കര മിഷൻ സെന്ററുമായി ബന്ധപ്പെടുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.


പുതുതായി കോട്ടയത്ത് അമയന്നൂരും, ചെങ്ങന്നൂരിനടുത്ത് തട്ടയ്ക്കാട്ടും ആരംഭിച്ച മിഷൻ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഉത്തരാഖണ്ഡ് പ്രകൃതിദുരന്തത്തിൽ നാശം സംഭവിച്ച ഗ്രാമങ്ങളിൽ ഒന്നായ ഗാവണിയിൽ മലങ്കരസഭ മുപ്പത്തിമൂന്ന് ഭവനങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി കൈമാറ്റം ചെയ്യുവാനും ആൻഡമാൻസിൽ പ്രവർത്തനം തുടങ്ങുവാനും സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

ദൈവതിരുനാമ മഹത്വത്തിനും പ: സഭയുടെ സുവിശേഷ സാക്ഷ്യത്തിനും നിർദ്ധനരായ അനേകരുടെ ആശ്വാസത്തിനും അനുഗ്രഹത്തിനുമായി പ: സഭ നടത്തിവരുന്ന എല്ലാ മിഷൻ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും തുടർന്നും ഭംഗിയായി കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്വം നമുക്കേവർക്കുമുണ്ടല്ലോ.

പ: സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹകരണം തുടർന്നും ഉണ്ടാകണം.

For Favours Received





Aleyamma Samuel, Mumbai


# NURSING ADMISSION

## B.Sc. NURSING 2015-16

No Donation-Only Govt.Fee.

*Admission started under management merit quota for the course.*



**Eligibility :**

- A pass in the higher secondary examination or equivalent with minimum 50% marks for the optional subjects and aggregate (Physics, Chemistry, and Biology) and English.

The Minimum age for admission shall be 17 years by 31st December.

**Highlights :**

- Exellent and highly qualified teaching faculties.
- Spacious class room with Audio Visual Aids.
- An Excellent library having latest volume of books, journals and magazines.
- Well equipped laboratories with all modern equipments.
- Fully equipped computer lab.
- Comfortable lodging in homely atmosphere.
- Own multispeciality hospitals in Kozhencherry and Punalloor
- Placement cell.

CONTACT:
**POYANIL COLLEGE OF NURSING**
Kozhencherry - 689641, Pathanamthitta Dist.
Ph : 0468 - 2210474, 2261249, 9947426572
email. poyanilcollegeofnursing@gmail.com
Web : www.poyanilcollegeofnursing.in

*Prospectus and application form can be obtained from the office*




Smiley

Wave Length

Elimination

Selfie

Headset

Like

**തീച്ചൂളയിൽ പെടാത്ത ചെറുപ്പക്കാരില്ല. പക്ഷേ ചിലർക്കൊപ്പം ദൈവദൂതനുണ്ട്. സിംഹക്കുഴിയിൽ വീഴുന്ന യൗവ്വനക്കാരനും ഉയിരോടെ മടങ്ങിയെത്തുന്നു. കല്ലേറ് കൊള്ളുന്ന ചെറുപ്പക്കാരന്റെ കണ്ണുകളെ നോക്കുക. അവയിൽ സ്വർഗ്ഗം തുറന്നിരിക്കുന്നത് നിനക്ക് കാണാം.**

**സ്മൈലി.** വാക്കുകൾക്കപ്പുറം വിരിഞ്ഞിറങ്ങുന്ന ഭാവവൈവിധ്യത്തിന്റെ വിസ്മയക്കൂട്ടം. ഒരു തരത്തിൽ നവരസങ്ങളുടെ IT Editions എന്നു പറയാം. ശൃംഗാരം, ഹാസ്യം, കരുണം, രൗദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം എന്നീ രസങ്ങളും അവയുടെ സ്ഥായിഭാവങ്ങളായ രതി, ഹാസം, ശോകം, ക്രോധം, ഉത്സാഹം, ഭയം, ജുഗുപ്സ, വിസ്മയം, ശമം എന്നിവയും മനുഷ്യജീവിതത്തിന്റെ ഗതിവിഗതികളിലെ നിരന്തര സഹയാത്രികരാണ്. (പച്ചാളം ഭാസിയുടെ നാലു രസങ്ങളും വിസ്മരിക്കത്തക്കവയല്ല).

കണ്ടുമുട്ടുന്നവരും കേട്ടുമുട്ടുന്നവരുമെല്ലാം ഉള്ളിലുണർത്തുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ (നിന്റെ ഭാഷയിൽ change of mood) അനുഭവപ്പെടാത്തത് ആർക്കാണ്. ന്യൂനമർദ്ദങ്ങൾ പ്രകൃതിയെ മാത്രമല്ല മനുഷ്യമനസ്സിനെയും സ്വാധീനിക്കുമെന്ന് വായിച്ചതോർക്കുന്നു. ആന്തരിക സന്തുലിതത്വമാണ് നഷ്ടപ്പെടുക. സമാധാനം കെടുന്നു.

അപ്രിയമായ ഒരു വാക്കോ, പ്രവൃത്തിയോ ആരിൽനിന്നെങ്കിലും ഉണ്ടാകുമ്പോൾ നാം അസ്വസ്ഥരാകുന്നു. ഏറെ പ്രിയം വച്ചത് കൈവിട്ട് പോകുമ്പോൾ ദു:ഖിതരാകുന്നു. കോപമുണരുന്നു. മറ്റുചിലപ്പോൾ മോഹിതരാവുന്നു. നിരാശയിലുഴലുന്നു. അസൂയ നീറ്റുന്നു. അലസത ബാധിച്ച് അശുഭവഴിക്ക് വശംവദരാകുന്നു. സ്വന്ത ആത്മാവിനെ നിഹനിക്കുന്നു. സ്മൈലികൾകൊണ്ട് പ്രകടിപ്പിക്കാവുന്നതിലധികമായ ഭാവമാറ്റങ്ങളുടെ തിരതള്ളലുകളിൽ നാം പകച്ചുപോകുന്നു. ഈ അസ്ഥിരത നമ്മെ ഭാരപ്പെടുത്തും. അകബലം നഷ്ടപ്പെടുത്തും. വ്യത്യസ്ത വികാരങ്ങളുടെ ആക്രമണത്തിൽ നാം പതറുന്നു. പലതിനും നാം കീഴ്പ്പെടുന്നു. White Mischief-ന്റെയോ Chivas Regal-ന്റെയോ കെട്ടിറങ്ങുമ്പോൾ നീ ബലമില്ലാത്തവനാകുന്നു. ഒരു pornsite or a masturbation കുമ്പസാരക്കൂട്ടിനോട് അകലാൻ പ്രേരിപ്പിക്കുന്നു. ലജ്ജ വർദ്ധിക്കുന്നു. കൊക്കൈൻ ലഹരി ബാധിച്ച ഒരുപറ്റം യുവാക്കൾ, എൻഡോസൽഫാൻ ബാധിച്ച അവരുടെ സമപ്രായക്കാരെ അറിയാതെ പോകുന്നു. Trai regulations നിന്നെ ഭാരപ്പെടുത്തുമ്പോൾ trolling നിരോധനം ഇല്ലായ്മ ചെയ്യുന്നവരുടെ ശബ്ദം നീ കേൾക്കാതെ പോകുന്നു. അറിവിന്റെയും അറിവില്ലായ്മയുടേതുമായി അങ്ങനെയെന്തെല്ലാം അഴലുകൾ ഉള്ളിൽ കിടന്നു പിടയുന്നുണ്ട് സുഹൃത്തേ! ഒന്നോർക്കണം. തീച്ചൂളയിൽ പെടാത്ത ചെറുപ്പക്കാരില്ല. പക്ഷേ ചിലർക്കൊപ്പം ദൈവദൂതനുണ്ട്. സിംഹക്കുഴിയിൽ വീഴുന്ന യൗവ്വനക്കാരനും ഉയിരോടെ മടങ്ങിയെത്തുന്നു. കല്ലേറ് കൊള്ളുന്ന ചെറുപ്പക്കാരന്റെ കണ്ണുകളെ

നോക്കുക. അവയിൽ സ്വർഗ്ഗം തുറന്നിരിക്കുന്നത് നിനക്ക് കാണാം. അങ്ങനെയെത്ര പേരുടെ ചരിത്രമാണ് തിരുവെഴുത്ത് നൽകുന്നത്. കാമനകളുടെ ചൂളയിൽ എരിയുമ്പോഴും മൃഗീയവാസനകളുടെ പൊട്ടക്കുഴിയിൽ വീണുപോകുമ്പോഴും നിന്ദകളുടെയും തിരസ്ക്കാരങ്ങളുടെയും കല്ലുകൾ വന്നു പതിക്കുമ്പോഴും നിനക്ക് വിടുതലുണ്ട് സഖേ! നിശ്ചയം! പക്ഷെ ഒന്നു മാത്രം നിന്നിൽ നിന്നു ദൈവം പ്രതീക്ഷി ക്കുന്നു. ഒരു പുറപ്പാട്. ശരിക്കും മിസ്രയീമിൽ നിന്നുള്ള ഇറങ്ങിപോക്കുപോലെ തന്നെ. സുഖദുഃഖങ്ങൾക്ക് അധീനമായിരുന്ന നിന്റെ അടിമത്ത ജീവിതത്തിൽ നിന്നൊരു പുറപ്പെടൽ (exodus). അത് അതിജീവനത്തിന്റെ പോരാട്ടമാണ്. വിശപ്പുകളും ദാഹങ്ങളും പരിഭവങ്ങളു മെല്ലാം ചേർന്ന പ്രയാണം. ഈ യാത്രക്കിടയിലാണ് എടുത്തുചാട്ടക്കാരനായ മോശ എന്ന യുവാവ് ഭൂമിയിലെ സർവ്വമനുഷ്യരെക്കാളും സൗമ്യനായി തീരുന്നത്.

എങ്ങനെയാണ് ഒരാൾ ഒറ്റ മുഖമുള്ളവനായിത്തീരുക. സ്മൈലികൾക്ക് അതീതനായിത്തീരുക. വളരെ diplomatic ആയി ഓരോ ദിനവും സ്വയം നീതികരിച്ച് ജീവിക്കുന്ന എന്റെ കാപട്യത്തിന്റെ വിവിധ സ്മൈലികൾ ഇപ്പോൾ എന്നെ വല്ലാതെ ഭാരപ്പെടുത്തുന്നു. സ്വന്ത മുഖത്തേക്കാൾ വലിയ മുഖംമൂടിയില്ല എന്ന് പറഞ്ഞ് നീഷേ ഭയപ്പെടുത്തുന്നു. സത്യത്തിൽ ഒരു മുഖം മാത്രമുള്ളവരെയാണോ ഗുരുക്കൻമാർ എന്നു വിളിക്കേണ്ടത്? നമ്മുടെ കൃത്രിമത്വ ങ്ങളെ തകർക്കുന്ന ഈ 'ഒറ്റമുഖം' (ഭാവാതീതത്വം beyond smilies എന്ന് നിനക്കുവേണ്ടി ഭാഷാന്തരം) അവരെങ്ങനെയാണ് ആർജ്ജിക്കുക? ഇത്രമാത്രം ആന്തരികസ്വച്ഛതയോടെ എങ്ങനെയവർ സ്വയം അഭിമുഖീകരിച്ചു? ഇത്തരം പോരാട്ടങ്ങളിൽ അവർ ഏർപ്പെട്ടിരുന്നില്ലേ? യാതൊന്നും അവരെ മോഹിപ്പിച്ചിട്ടില്ലേ? ആരും അകാരണമായി കുറ്റപ്പെടുത്തിയിട്ടില്ലേ? അപഹസിച്ചിട്ടില്ലേ? നഷ്ടങ്ങൾ ഭവിച്ചിട്ടില്ലേ? ഇവയോടൊക്കെ പ്രതികരിക്കുന്ന നമ്മെപ്പോലെ സമസ്വഭാവികളായ മനുഷ്യരായിരുന്നില്ലേ അവരും? ചോദ്യങ്ങൾ എണ്ണിയാലൊടുങ്ങില്ല!

ഉണ്ട് സഖാവേ, നല്ല പോരാട്ടമുണ്ട് ! ഇനിയുള്ള ഭാഗം വായിച്ചിട്ട്, 'നീ വേറൊരു level ആണ്' എന്നൊരു വടക്കൻ സെൽഫി എടുത്ത് അയയ്ക്കരുത്. സത്യത്തിൽ ഇനി പറയുന്നതാണ് ബ്രോ ശരിക്കും മരണമാസ്സ്! കിഴക്കൻ ക്രൈസ്തവ സന്യാസിമാരൊക്കെ 'unseen warfare' എന്ന് പേരിട്ടാണ് അതിനെ വിളിക്കുക. തിന്മയോടുള്ള നിരന്തര സമരത്തിലൂടെ 'apathea' അല്ലെങ്കിൽ 'disspassionate mind' (മുക്തമാനസം) എന്നൊരു ലക്ഷ്യം അവർക്കുണ്ട്. passion to compassion എന്ന മാർഗ്ഗവും പറയുന്നു. പ്രജ്ഞയിൽ നിന്ന് കരുണയിലേയ്ക്കുള്ള പൂവിടലാണ് അത്. ഈ കമലലോചനത്വം (നനയായ്ക) അഥവാ നിർലേപത്വം (താമരയിതളിലെ ജലകണംപോലെ) ബുദ്ധവിചാരങ്ങളുടെ കാതലാണ്. സുഖദുഃഖങ്ങളിൽ അഭിരമിക്കാതെ കാമക്രോധതാപാദികളെ അടക്കി ജീവിക്കുന്ന 'സ്ഥിതപ്രജ്ഞൻ' ഗീതോപദേശത്തിലെ വെളിച്ചമാണ്. പുസ്തകം വായിക്കുമ്പോൾ താളുകൾ മാത്രമേ മറിയുന്നുള്ളു; വായിക്കുന്നവൻ മറിയുന്നില്ല എന്ന 'ആത്മവിദ്യ'യുടെ പാഠം എത്രവട്ടം സ്കൂൾ തുറന്നാലും നാം പഠിക്കുന്നില്ല. ഓരോ ദിനത്തിന്റെയും emotions നമ്മെ വ്യത്യസ്ത സ്മൈലികളാക്കുന്നു. സുഖം അഹന്തയിലേയ്ക്കും ദുഃഖം നിരാശയിലേക്കും നയിക്കുന്നു. വീഴാതിരിക്കാൻ balance വേണം. സമചിത്തത വീണ്ടെടുക്കണം. പോരാടണം. ബാലൻസ് നഷ്ടപ്പെട്ടാൽ ഏത് നീതിമാനും വീണു പോകും? മുറിവുകൾ ഉണ്ടാകും, യുദ്ധമല്ലേ ? നമ്മുടെ പാപത്തെക്കാൾ വലുതാണ് ദൈവ കരുണ എന്ന തിരിച്ചറിവിന്റെ

**നമ്മെ പരീക്ഷിക്കുന്നവരെ ഉള്ളിൽ പോലും നിന്ദിക്കരുത്. കൂടുതൽ നന്നായി പെരുമാറാൻ അവർ നമ്മെ പരിശീലിപ്പിക്കുകയാണ്.**



മരുന്നു പുരട്ടണം. നിന്റെ കണ്ണുനീരുകൊണ്ട് കുമ്പസാരക്കൂട് കഴുകണം. പ്രാർത്ഥിക്കണം.വ്രതബദ്ധമാകണം ജീവിതം. നന്നായി പ്രയത്നിക്കണം. ധർമ്മപദം പറയു ന്നുണ്ട്, ബഹുഭൂരിപക്ഷവും കരയ്ക്കു ചുറ്റും ഓടുന്നവരാണ്. ചുരുക്കം പേർക്കേ നദി മുറിച്ചു കടക്കണമെന്ന അഭിലാഷം ഉണ്ടാകൂ. അതിലും കുറച്ചു പേർ മാത്രമേ അതിനൊരുങ്ങുന്നുള്ളു. അങ്ങനെ ഒരുങ്ങുന്നവരിൽ അപൂർവ്വമായി ഒരുവൻ മുറിച്ചു കടക്കാൻ പ്രാപ്തനാവുന്നു. ആ ഒരുവനാണ് തഥാഗതൻ. അവബോധത്തിന്റെ മറുകര കണ്ടെത്തിയവൻ. ഭാവാതീതന്മാരുടെ അപൂർവ്വ ഗണത്തിലേക്കുള്ള "സമുദ്രലംഘനം" നിസാരസംഗതിയല്ല. അതാണ് സത്യത്തിൽ ജീവിതത്തിലെ സാരവത്തായ സദ്ഗതി. ഈ "സംഗതി" ഇല്ലാതെ വരുമ്പോഴാണ് ജീവിതത്തിന്റെ സംഗീതവും സാംഗത്യവുമൊക്കെ നഷ്ടപ്പെടുക സഖേ ! ഇളകുന്ന കടലിൽ കൈപിടിച്ചു നടത്തുന്നവന്റെ പേരാണ് ക്രിസ്തു. നമുക്ക് തിരികെയെ ത്താനുള്ള ഇടവും അവൻ തന്നെയാണ്. ഭേദവിചാര ങ്ങളുടെ നിഴൽ സ്പർശമേൽക്കാതെ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും ഒരുപോലെ ഉദിക്കുന്ന ആർദ്രതയുടെ സൂര്യഭാവമാണ് അവന്റെ പിതാവിന്റേത്. ഇറങ്ങിപ്പോയ മക്കൾക്കായി തുറന്നിട്ട കരുണയുടെ ഒരു വാതിൽ എന്നും അപ്പന്റെ ഭവനത്തിലുണ്ട് സഖേ!

തിന്മയോടുള്ള നിരന്തര സമരത്തിൽ നിറയെ പരീക്ഷകളുണ്ട്. ഒരു exam പാസ്സായാലല്ലേ അടുത്ത class-ൽ എത്താനാവു! (ഇനിയിപ്പോൾ 8-ാം ക്ലാസ്സുവരെ തോൽക്കില്ലല്ലോ, മന്ത്രി മാറാത്തിടത്തോളം പത്താം തരം വരെയും തോൽക്കില്ലെന്നും ഉറപ്പാണ്. PG പരീക്ഷയ്ക്കാണെങ്കിൽ കോപ്പിയടിക്കുകയും ചെയ്യാം!) ജീവിത പരീക്ഷകളിൽ ഇതൊന്നും നടപ്പില്ല സുഹൃത്തേ! അവ സ്വയ സംസ്ക്കരണത്തിനു വേണ്ടിയുള്ളതാണ്. ശരിക്കും നമുക്ക് കൂടുതൽ better ആവാനുള്ള അവസരങ്ങളാണ്. നമ്മെ പരീക്ഷി ക്കുന്നവരെ ഉള്ളിൽ പോലും നിന്ദിക്കരുത്. കൂടുതൽ നന്നായി പെരുമാറാൻ അവർ നമ്മെ പരിശീലി പ്പിക്കുകയാണ്. അവർ ചെയ്യുന്നതെന്തെന്ന് അവർ പോലും അറിയുന്നില്ല ! നന്മയാൽ തിന്മയെ ജയിക്കാനുള്ള യുദ്ധങ്ങളാണ് ഇവ. അത് കുരിശോളം എത്തുന്ന പോരാട്ടം തന്നെയാണ്. സകല സ്മൈലികൾക്കുമതീതമാണ് അതിന്റെ ഭാവം. നിസ്തോഭമായി ശിരസ്സുയർത്തുന്ന ഓരോ മനുഷ്യപുത്രന്റേയും മനോഭാവം മറ്റൊന്നായിരിക്കില്ല. നന്മയെ അനുസരിക്കുന്ന വെളിച്ചത്തിന്റെ പോരാളിയുടെ പ്രസന്നമുഖം തന്നെയാണത്. ജീവിത പരീക്ഷകളിൽ നാം കോപ്പിയടിക്കേണ്ടത്(പകർത്തിയെഴുതേണ്ടത്) ആന്തരികസ്വഛതയുടെ തലയെടുപ്പുള്ള ഈ ക്രിസ്തു ജീവിതമാണ് സഖേ! കാരണം അതിനു മാത്രമാണ് സനാതനമായ ഒരു ഉയിർത്തെഴുന്നേൽപ്പുള്ളത്! ■



# ദൈവീകരണം
## സാധ്യതകളും പരിമിതികളും

■ ഫാ. ഡോ. ഒ. തോമസ്
പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം

പൗരസ്ത്യ പിതാക്കന്മാർ ആഴമേറിയ ദൈവാനുഭവത്തിൽ രൂപപ്പെടുത്തിയ 'ദൈവീകരണം' എന്ന മഹത്തായ ദർശനത്തിനു പരിമിതികൾ ഉണ്ട് എന്ന് സൂചിപ്പിക്കുമ്പോൾ അത് അവിവേകമല്ലേ എന്ന് ചിന്തിക്കുന്നവർ കണ്ടേക്കാം. എന്നാൽ പ്രായോഗികതലത്തിലുള്ള പരിമിതികൾ ചൂണ്ടിക്കാട്ടുന്നത് ദൈവീകരണമെന്ന പ്രക്രിയയ്ക്ക് ആക്കം കൂട്ടാനുള്ള സദുദ്ദേശമാണുള്ളതെന്ന് ആമുഖമായി പ്രസ്താവിക്കട്ടെ.

### എന്താണ് ദൈവീകരണം?

വിശുദ്ധനായ പത്രോസ് ശ്ലീഹായുടെ 2-ാംലേഖനം 1-ാം അദ്ധ്യായം 4-ാം വാക്യമാണ് ദൈവീകരണത്തിന് ആധാരമായി പൊതുവെ ചൂണ്ടിക്കാട്ടുന്നത് "ഇതിനാൽ നിങ്ങൾ ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞു ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു. (To be partakers of divine nature) ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന് ദൈവസ്വഭാവത്തിൽ പങ്കുചേരാനുള്ള മഹത്തായ ഭാഗ്യമാണ് ലഭിച്ചിരിക്കുന്നത്. പാശ്ചാത്യദൈവശാസ്ത്രത്തിൽ Beatific Vision അഥവാ ദൈവദർശനത്തിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നതെങ്കിൽ പൗരസ്ത്യ ദർശനത്തിൽ ദൈവസ്വഭാവത്തിൽ പങ്കുചേരുന്ന Deification, Theosis എന്നൊക്കെ മറുപേരുള്ള ദൈവീകരണത്തിനാണെന്ന് പണ്ഡിതനായ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മനുഷ്യൻ ദൈവമായി ത്തീരുന്നു എന്ന് ഇതിനാൽ അർത്ഥ മാക്കുന്നില്ല. അതേസമയം ദൈവസ്വഭാവ ത്തിൽ പങ്കാളികളാകുന്നുണ്ട്. ഇതിന് അല്പംകൂടി വിശദീകരണം ആവശ്യമുണ്ടെന്ന് തോന്നുന്നു. St. John of Damascus എന്ന് പിതാവ് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. ദൈവം എന്ന വാക്കിന്റെ ഗ്രീക്കു മൂലപദമായ 'theos' ന് ദൈവത്വത്തിലെ ഉണ്മ അഥവാ സാരാംശം എന്ന അർത്ഥമില്ലാ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ദൈവത്വത്തിലെ (Energy) ഊർജ്ജത്തെയാണ് അതു സൂചിപ്പിക്കുന്നതത്രെ. ഓടുക, കാണുക, എറിയുക തുടങ്ങി ക്രിയാ പദങ്ങളിലെ അർത്ഥധ്വനിയാണ് THEOS എന്ന പദത്തിലുള്ളത്. വിശുദ്ധനായ നിസ്സായിലെ മാർ ഗ്രീഗോറിയോസ് ഈ തരത്തിൽ ദൈവത്വത്തിന് ഒരു വേർതിരിവ് വരുത്തിയിട്ടുണ്ട്. അതായത് ദൈവം തന്റെ ഉണ്മയിൽ (being) എപ്പോഴുംമനുഷ്യബുദ്ധിക്ക് അതീതനായിരിക്കും; തന്റെ ഊർജ്ജം അഥവാ പ്രവർത്തിയിലൂടെ (Energia) യുള്ള വെളിപ്പെടുത്തലുകളാണ് മനുഷ്യർക്ക് ലഭിച്ചിരിക്കുന്നത് എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ദൈവത്തിന്റെ മനുഷ്യാവതാരത്തിലും ഈ Energy അഥവാ ഊർജ്ജമാണ്ക്രിസ്തുവിൽ വിശ്വാസികൾക്ക് വെളിവായി ലഭിച്ചിരിക്കുന്നത്. ഈ ആശയത്തോട് വിയോജിപ്പുള്ളവരും ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഉണ്ട്. തൽക്കാലം അതവിടെ നിൽക്കട്ടെ.

### ദൈവസാദൃശ്യവും സ്വരൂപവും ദൈവീകരണമായിട്ടുള്ള ബന്ധം

ദൈവസ്വഭാവത്തിൽ പങ്കുചേരാനുള്ള സൗഭാഗ്യം സൃഷ്ടിയിൽ തന്നെ മനുഷ്യന് നൽകിയിരിക്കുന്നു. 'ദൈവസാദൃശ്യവും സ്വരൂപവും' (Image and likeness) സൃഷ്ടിയിൽ മനുഷ്യന് മാത്രമേ ദൈവം നൽകിയിട്ടുള്ളൂ. സർവ്വസൃഷ്ടിയേയും പ്രതിനിധീകരിച്ചുകൊണ്ട് ദൈവ മുൻപാകെ നിൽക്കുവാനും ദൈവ സ്വഭാവത്തിൽ പങ്കുചേരുവാനുള്ള സാധ്യതകളെ വികലമാക്കിയത് പാപത്തിൽ വീണുപോയതു മൂലമാണ്. മനുഷ്യനെ ആ സാദ്ധ്യതകളിലേക്കു തിരികെകൊണ്ടു വന്ന് ദൈവ സ്വഭാവത്തിൽ പങ്കുചേരുമ്പോൾ അവൻ എങ്ങനെയായിരിക്കുമെന്ന് മനുഷ്യാവതാരംചെയ്ത ക്രിസ്തു നമുക്ക് വെളിപ്പെടുത്തിത്തന്നു. മനുഷ്യന്റെ സ്വന്തപരിശ്രമത്താൽ ഈ വളർച്ച സാദ്ധ്യമല്ല. ദൈവത്വം മനുഷ്യത്വത്തിലേക്ക് തുളച്ചിറങ്ങിച്ചെല്ലുമ്പോഴാണ് (Interpen etration) മനുഷ്യസ്വഭാവത്തിന് ഈ രൂപാന്തരം ഉണ്ടാക്കുന്നത്. മനുഷ്യന് എത്തിച്ചേരാവുന്ന

വളർച്ചയുടെ പൂർണ്ണ രൂപമാണ് ക്രിസ്തുവിൽ നാം ദർശിക്കുന്നത്. ത്രിത്വത്തിൽ രണ്ടാമനായ ആദിയും അന്തവുമില്ലാത്ത ക്രിസ്തുവിന്റെ ഉണ്മ നമുക്ക് അജ്ഞാതമായിരിക്കുമ്പോൾ തന്നെ ക്രിസ്തുവിൽ വെളിവാകപ്പെട്ട നന്മ നമുക്കും സ്വാംശീകരിക്കാൻ സാധിക്കും എന്ന് ദൈവീകരണം നമ്മെ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ ഓരോ ക്രിസ്തുവായി പരിണമിക്കാനുള്ള സാദ്ധ്യത മനുഷ്യവതാരം നമുക്ക് ഒരുക്കി തന്നു. ക്രിസ്തുവിൽ ഇരുട്ട് അഥവാ തിന്മ ഒട്ടും തന്നെയില്ലായിരുന്നു. അനുകമ്പയുള്ള സ്നേഹം, കരുണ, ദയ, ദീർഘക്ഷമ, കുരിശിനോളം താഴ്ത്തപ്പെടുവാനുള്ള താഴ്മ, സഹിഷ്ണത ഇവയെല്ലാം ആർജ്ജിക്കുവാൻ ദൈവീകരണ പ്രക്രിയയിൽ കൂടി വിശ്വാസികൾക്ക് സാദ്ധ്യമാകുന്നു. ക്രിസ്തുവിന്റെ ശരീമായ സഭ ഇതിനുള്ള മുഖാന്തിരമായി ലോകത്തിൽ നിലനിൽക്കുന്നു.

**ആദ്ധ്യാത്മിക ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമായി "ദൈവീകരണത്തെ" എന്തുകൊണ്ട് ഉയർത്തിക്കാട്ടുന്നു?**

വിശുദ്ധ വേദപുസ്തകത്തിൽ ഇതിനോടു സമമായിട്ടോ, ഇതിനേക്കാൾ മെച്ചമായിട്ടോ മറ്റു ചിന്തകളും ആശയങ്ങളും ഇല്ലേ? "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസ്സാന്തരപ്പെടുവിൻ" എന്നു പ്രസംഗിച്ചുകൊണ്ടാണ് യേശു തമ്പുരാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത്. (വി. മത്തായി 4:17). ഒട്ടേറെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മാനങ്ങളുള്ള ദൈവരാജ്യസ്ഥാപനം ആത്മീയതയുടെ ആത്യന്തികലക്ഷ്യമായി കാണാമായിരു ന്നില്ലേ? 'നിങ്ങളുടെ പിതാവ് സൽഗുണ സമ്പൂർണ്ണ നായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരായിരിപ്പിൻ' (വി.മത്തായി 5:48). ഇതും മറ്റൊരു ആത്യന്തികലക്ഷ്യം ആക്കാമായിരുന്നു. പുതിയ സൃഷ്ടി, (II Cori 5:17) പുതിയ ആകാശവുംപുതിയ ഭൂമിയും, (വെളിപാട് 21:1) ദൈവസ്നേഹത്തിലുള്ള വളർച്ച (വി. യോഹ.15:12-14; 1 യോഹ 4:9, 16, 20) തുടങ്ങി പല ആശയ ങ്ങളും ആത്മീയതയുടെ അവസാനവാക്കായി പ്രതിഷ്ഠിക്കാ മായിരുന്നു. എല്ലാ പൗരസ്ത്യപിതാക്കന്മാരും ഇതിനേക്കാളൊക്കെ ഏറെ ഇഷ്ടപ്പെട്ടത് ''ദൈവീകരണത്തിന്റെ വ്യാപ്തിയിലും പരിധിയിലും ഉൾപ്പെട്ടതായിരുന്നിരിക്കണം. മറ്റൊന്ന് ചൂണ്ടിക്കാട്ടുവാനുള്ളത്, ക്രൈസ്തവസഭയുടെ ആരംഭകാലങ്ങളിൽ നിലവിലുള്ള ശക്തമായ ദാർശനിക തത്വങ്ങളോടു അർത്ഥവത്തായി പ്രതികരിക്കുവാൻ "ദൈവീകരണം" എന്ന ആശയമാണ് ഏറ്റവും യുക്തമായത് എന്ന് പിതാക്കന്മാർ മനസ്സിലാക്കിയിരിക്കണം. പരിശുദ്ധനായ പത്രോസ് ശ്ലീഹായുടെ 2-ാം ലേഖനം തന്നെ ആ കാലത്തു ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു "ജ്ഞാനവാദത്തോടുള്ള" ഒരു പ്രതികരണമായി കണക്കാക്കപ്പെടുന്നുണ്ട്. ആദ്യ മൂന്നു നാലു നൂറ്റാണ്ടുകളിൽ താത്വിക മായി വളരെ ശക്തി പ്രാപിച്ചു നിന്ന ഒന്നായിരുന്നു ജ്ഞാനവാദം. ചിലർക്ക് പ്രത്യേകമായ ദൈവീക ബന്ധത്തിനുള്ള നൽവരം ഉണ്ടെന്ന് ഉറപ്പിച്ചുമിരുന്നു. ആ കാലഘട്ടത്തിൽ ചിലർക്കു മാത്രം ലഭിക്കുന്ന ദൈവിക ബന്ധത്തിനുപരി, എല്ലാവർക്കും ദൈവിക സ്വഭാവത്തിൽ പങ്കുചേരാനാവുന്ന അതിമഹത്തായ ദാർശനികഭാവവും, ദൈവശാസ്ത്രചിന്തയും കൂട്ടിയിണക്കിയ "ദൈവീകരണത്തിന്" കരുത്തുള്ളതുകൊണ്ടായിരിക്കാം പൗരസ്ത്യ പിതാക്കന്മാർ ഈ ചിന്തയ്ക്ക് വലിയ ഊന്നൽ നൽകിയത്. അതേപ്പറ്റി കൂടുതൽ പരിചിന്തനം ഇനിയും ആവശ്യമായിരിക്കുന്നു.

**ദൈവീകരണത്തിലുള്ള സാദ്ധ്യതകൾ**

കേവലം ഒരു തത്വചിന്തയെന്നതിലുപരി മനുഷ്യ ജീവിതത്തെ പ്രത്യേകിച്ചും ക്രിസ്തു വിശ്വാസികളെ ആഴമായി രൂപപ്പെടുത്തുന്ന സാദ്ധ്യതകളാണ് ദൈവീകരണത്തിൽ ഏറെ പ്രസക്തമായി കണ്ടത്. പ്രായോഗിക ജീവിതത്തിലും



> **ദൈവം നമ്മിലും നാം ദൈവത്തിലും വസിക്കുന്ന അവസ്ഥയാണ് ഏറ്റം ഭാഗ്യകരമായത്. ദൈവം നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുകയും, ലോകത്തിലെ സമസ്ത ദുഃഖങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുകയും ചെയ്യുന്ന വിദൂരത്തിലുള്ള ശക്തിയാണ് പലർക്കും ദൈവം.**

സംഗതമായ അത്തരം ചിന്തകളെ നാം ഉൾക്കൊള്ളേണ്ടി യിരിക്കുന്നു.

**a) ദൈവവുമായി ഏറ്റവും അടുത്ത ബന്ധം സാദ്ധ്യമായിത്തീരുന്നു**

ദൈവം നമ്മിലും നാം ദൈവത്തിലും വസിക്കുന്ന അവസ്ഥയാണ് ഏറ്റം ഭാഗ്യകരമായത്. ദൈവം നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുകയും, ലോകത്തിലെ സമസ്ത ദുഃഖങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുകയും ചെയ്യുന്ന വിദൂരത്തിലുള്ള ശക്തിയാണ് പലർക്കും ദൈവം. ദൈവീകരണത്തിൽ ദൈവവുമായുള്ള ഈ അകൽച്ച വളരെ കുറയുന്നു. മനുഷ്യാവതാരത്തിൽ തന്നെ നമുക്കു ലഭിച്ച വാഗ്ദാനമാണ് അവൻ നമ്മോടുകൂടെ എന്നർത്ഥമുള്ള "ഇമ്മാനുവേലായി തീർന്നത് ". നമ്മുടെ കൂടെ നടക്കും എന്നർത്ഥത്തിലേ പലരും അതിനെ കാണാറുള്ളു. എന്നാൽ ദൈവീക

*ശേഷം 42-ാം പേജിൽ*

**സ്വപ്നങ്ങൾ തകർന്ന് ഹൃദയ വേദനയോടെ എത്തുന്ന ക്യാൻസർ രോഗികൾക്ക് സാന്ത്വനം പകർന്നുകൊണ്ട് മൂന്നു പതിറ്റാണ്ടായി ക്യാൻസർ ചികിത്സാ രംഗത്ത് ആഗോള പ്രശസ്തനായ ഡോ. വി. പി. ഗംഗാധരൻ രോഗികളുടെ സുഹൃത്തും വഴികാട്ടിയുമാണ്. ക്യാൻസർ ചികിത്സയിലെ തന്റെ അനുഭവങ്ങൾ പങ്കിടുന്നു.**

# ക്യാൻസർ രോഗികൾക്ക് കൈത്താങ്ങലായി ഡോ. വി. പി. ഗംഗാധരൻ



**ക്യാൻസർ ചികിത്സാ രംഗത്തേയ്ക്ക് വരുവാനുള്ള കാരണം?**

മെഡിസിൻ, റേഡിയോതെറാപ്പി എന്നിവ ഐശ്ചിക വിഷയങ്ങളാക്കി ഡൽഹി എയിംസിൽ എം.ഡി യ്ക്ക് അപേക്ഷ അയച്ചു. എം.ഡി. റേഡിയോതെറാപ്പിക്കാണ് അഡ്മിഷൻ കിട്ടിയത്. പഠനത്തിന്റെ ആദ്യ സമയങ്ങൾ വളരെ പ്രയാസമായിരുന്നു. സാങ്കേതിക വശങ്ങളിലുള്ള പഠനമാണ് എന്ന തോന്നലാണ് ആദ്യം ഉണ്ടായത്. പഠനം തുടരണമോ എന്ന് ചിന്തിച്ചു. എന്നാൽ രണ്ടാം വർഷമായപ്പോൾ വിഷയം മനസ്സിലേക്ക് ചേക്കേറി. അടയാറിൽ പിന്നീട് പഠനം നടത്തി. സത്യത്തിൽ ഈ മേഖലയിലേക്ക് കടന്നു വരുവാൻ അടയാർ ജീവിതമാണ് മാനസികമായി എന്നെ തയ്യാറെടുപ്പിച്ചത്. 30 വർഷത്തോട് അടുക്കുന്നു ഈ മേഖലയിലായിട്ട്. കുറഞ്ഞത് 200 ക്യാൻസർ രോഗികളെ ഒരു ദിവസം പരിശോധിക്കുന്നുണ്ട്.

**ക്യാൻസർ നിയന്ത്രിച്ച് ജീവിതം നയിക്കാം എന്ന മഹത്തായ സന്ദേശം കേരളത്തിന് നൽകി...**

ക്യാൻസർ രോഗി മാത്രമാണ്, 'രക്ഷപെടുവാൻ എത്ര സാധ്യതയുണ്ട്' എന്ന് ചോദിക്കുന്നത്. അസുഖം മാറുന്നതുപോലെ പ്രധാനപ്പെട്ടതാണ് 'രോഗവുമായി ജീവിക്കുക' എന്നത് (living with the disease). ക്യാൻസർ ബാധിച്ച് ആശുപത്രിയിൽ കഴിയുന്ന രോഗിയുടെ ചിത്രം ഏവരുടേയും മനസ്സിൽ ഉണ്ടാവും. എന്നാൽ ക്യാൻസർ നിയന്ത്രിച്ച്/ഭേദമായി ജീവിക്കുന്ന വ്യക്തിയെ ആരും കാണുന്നില്ല. മറ്റ് രോഗങ്ങൾ നിയന്ത്രിച്ച് ബുദ്ധിമുട്ടി ജീവിക്കുന്ന ആളുകളുണ്ട്. എന്നാൽ ക്യാൻസർ നിയന്ത്രിച്ച് സുഖമായി ജീവിക്കുന്ന അനേകം ആളുകളുണ്ട്. സൗഖ്യം മാത്രമല്ല രോഗം നിയന്ത്രിച്ച് ജീവിക്കുന്നതും പ്രധാനമാണ്.

**ക്യാൻസർ രോഗ നിർണ്ണയം, ക്യാൻസർ ചികിത്സ, പ്രതിരോധം എന്നിവയിൽ കേരളം മുന്നേറുന്നുണ്ടോ?**

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു പക്ഷേ ആശാവഹമാണ് എന്ന് ചിന്തിച്ചേക്കാം. എന്നാൽ സാക്ഷരത, സാങ്കേതിക മികവ് തുടങ്ങിയവയിൽ മുൻപന്തിയിലാണെങ്കിലും ക്യാൻസർ പ്രതിരോധം, രോഗ നിർണ്ണയം തുടങ്ങിയവയിൽ വൻ പുരോഗതിയില്ല.

കേരളീയർ പ്രമേഹ ചികിത്സയുടെ കാര്യത്തിൽ ബോധവാൻമാരാണ്. എന്നാൽ ക്യാൻസർ പ്രതിരോധത്തിൽ ഈ താത്പര്യം കാണുന്നില്ല. പല ക്യാൻസറുകളും പ്രതിരോധിക്കാൻ സാധിക്കുന്നതാണ്. പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയുടെ ടെസ്റ്റുകൾ എല്ലാ മാസവും നടത്തുമ്പോഴും ക്യാൻസറിനെപ്പറ്റി ചിന്തിക്കുന്നില്ല.

**കേരളത്തിൽ ക്യാൻസർ ചികിത്സ സൗജന്യമാക്കും എന്ന് പറയുന്നത് പ്രായോഗികമാണോ?**

ഒറ്റവാക്കിൽ തന്നെ പറയാം-പ്രായോഗികമല്ല. ഇവിടെയാണ് എൻ.ജി.ഒ. കളുടെ പ്രസക്തി. ഇപ്പോൾ ഗവൺമെന്റ് 50,000 രൂപ രോഗികൾക്ക് വേണ്ടി ചെലവഴിക്കും, പെൻഷൻ നൽകും എന്നൊക്കെ പറയുന്നുണ്ട്. ഈ അൻപതിനായിരം രൂപ കൊണ്ട്

എന്ത് സംഭവിക്കും എന്ന് ചിന്തിക്കുന്നില്ല. അൻപതിനായിരം രൂപ ചെലവഴിച്ചു കഴിഞ്ഞാൽ പിന്നീട് എന്ത് എന്നും ചിന്തിക്കുന്നില്ല. ഇന്റേണൽ ഓഡിറ്റ് നിർബന്ധമാക്കണം. ഉത്തരവാദിത്തമായിട്ട് കാര്യങ്ങൾ ചെയ്യുന്നതായി കാണുന്നില്ല. ഏതായാലും ഇപ്പോഴുള്ള സിസ്റ്റത്തിൽ നിന്നുകൊണ്ട് ഗവണ്മെന്റിന് ക്യാൻസർ ചികിത്സ സൗജന്യമാക്കുവാൻ കഴിയില്ല എന്നതാണ് എന്റെ അഭിപ്രായം.

**പ്രൈവറ്റ് ആശുപത്രികളിലെ ഡോക്ടർമാർ ചികിത്സാകാര്യങ്ങളിലുൾപ്പെടെ ആശുപത്രി മാനേജ്മെന്റിന്റെ സമ്മർദ്ദത്തിലാണ് എന്ന് പറഞ്ഞാൽ നിഷേധിക്കുമോ?**

വ്യക്തിപരമായേ മറുപടി പറയാൻ കഴിയൂ. മാനേജ്മെന്റിനെ തൃപ്തിപ്പെടുത്തികൊണ്ട് മാത്രം പ്രവർത്തിക്കും എന്ന തത്ത്വം ഒരിക്കലും പ്രാവർത്തികമാക്കില്ല. എന്റേതായ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താൻ ഒരിക്കലും അനുവദിക്കില്ല. മൾട്ടി നാഷണൽ ആശുപത്രികൾ ഒരിക്കലും രോഗികളുടെ എണ്ണം കൂടുന്നതിൽ താത്പര്യമുള്ളവരായിരിക്കില്ല. രോഗികളുടെ എണ്ണം കുറച്ചുകൊണ്ട് കൂടുതൽ ലാഭമുണ്ടാക്കുക എന്നതിൽ ശ്രദ്ധ പതിപ്പിക്കും. ആശുപത്രി ശുചിയായി സൂക്ഷിക്കുവാനും, മാനേജ്മെന്റിനെ സംബന്ധിച്ചും രോഗികളുടെ എണ്ണം കുറയുകയാണ് എളുപ്പം. എന്നാൽ എന്റെ അടുക്കൽ എത്ര രോഗികൾ വന്നാലും അവരെ കാണും, പരിശോധിക്കും എന്നതാണ് എന്റെ രീതി. നമുക്ക് വ്യക്തിപരമായ താത്പര്യങ്ങൾ ഉണ്ടാവാൻ പാടില്ല. ഡോക്ടറുടെ നിലപാട് ധാർമ്മികമായി നിലനിൽക്കുന്നതാവണം.



**ഒരു ഡോക്ടറെന്നെ നിലയിൽ സ്തബ്ദനായിപ്പോയ, നിരാശനായ സംഭവങ്ങൾ...**

ഉണ്ടായിട്ടുണ്ട്. വിചാരിക്കാത്ത ചില കാര്യങ്ങൾ മൂലം രോഗി മരിക്കുമ്പോൾ -പ്രത്യേകിച്ച് ആദ്യ സമയത്ത് -വല്ലാതെ തളർന്നു പോയിട്ടുണ്ട്. നമ്മുടെ നിസ്സഹായാവസ്ഥ ബോധ്യപ്പെടും. എന്നാൽ പഠിച്ച ശാസ്ത്രത്തിനപ്പുറം പറ്റില്ല എന്ന തിരിച്ചറിവ് വരണം. കൂടാതെ ഇതിനും മുകളിൽ ഏതോ വലിയ ശക്തി ഉണ്ട് എന്ന ചിന്തയും ഉള്ളിൽ വളരണം. ഇത് നമ്മെ സഹായിക്കും. രക്ഷപെടുത്തിവിട്ട രോഗിയുടെ ബന്ധുക്കൾ സന്തോഷം പ്രകടിപ്പിക്കുന്നതിനേക്കാൾ ചികിത്സിച്ച് ഒടുവിൽ മരിച്ചുപോയ രോഗിയുടെ ബന്ധുക്കൾ നാളുകൾക്ക് ശേഷം കാണുമ്പോൾ സന്തോഷത്തോടെ സമീപിക്കുന്നതാണ് എന്നെ സംബന്ധിച്ച് വലിയ സന്തോഷം. വർഷങ്ങൾക്ക് മുൻപ് മരിച്ചുപോയ വ്യക്തിയുടെ അടുത്ത ബന്ധുക്കൾ ചരമ വാർഷിക ദിനത്തിൽ വിളിച്ച്, 'കർമ്മം ചെയ്യുവാൻ പോകുകയാണ്, പ്രാർത്ഥിക്കണം' എന്ന് പറയുമ്പോൾ... അത് വല്ലാത്ത ആശ്വാസമാണ്. നമ്മുടെ നിസ്സഹായാവസ്ഥ അവർക്ക് ബോധ്യപ്പെടും. ഞാൻ ഈശ്വര വിശ്വാസിയാണ് എന്നും തൊഴുതിട്ടേ പോകാറുള്ളൂ.

**സ്വാധീനിച്ച വ്യക്തികൾ**

മാതാപിതാക്കളാണ്. പ്രത്യേകിച്ച് പിതാവ്. തൊഴിലിനോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥത എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. തൊഴിലിൽ സമയ കണക്ക് നോക്കിയിരുന്നില്ല. അതുപോലെ ഗുണത്തിന് പ്രാധാന്യം നൽകുമ്പോഴും ജോലി പൂർത്തീകരിക്കുവാൻ ശ്രദ്ധാലു ആയിരുന്നു. ജോലി സംസ്ക്കാരം അച്ഛനാണ് പഠിപ്പിച്ചത്. പഠനത്തിനും ആഹാരത്തിനും പൈസ ചെലവാക്കുന്നതിൽ കണക്ക് ചോദിച്ചിരുന്നില്ല. മദ്യപിക്കരുതെന്നോ പുകവലിക്കരുതെന്നോ പറയില്ലായിരുന്നു എന്നാൽ മദ്യപിക്കുകയോ പുകവലിയ്ക്കുകയോ ചെയ്യുമ്പോൾ പറഞ്ഞിട്ട് വേണം എന്ന് അച്ഛൻ പറയുമായിരുന്നു. ഇത് എന്നെ ഇരുത്തി ചിന്തിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ രംഗത്ത് ഡോ. മാത്യു പാറയ്ക്കൽ എന്റെ വഴികാട്ടിയാണ്. അടയാറിലെ ഡയറക്ടറായിരുന്ന ഡോ. ശാന്ത, ഡോ. കൃഷ്ണമൂർത്തി എന്നിവരുടെ അർപ്പണബോധം ആരാധനയോടെ നോക്കി നിന്നിട്ടുണ്ട്.

**സ്റ്റെതസ്ക്കോപ്പേന്തിയ വിശുദ്ധൻ എന്ന് രോഗികൾ വിളിക്കുന്നു; സ്നേഹപൂർവ്വമായ വാക്കുകൾ കൊണ്ടാണ് ചികിത്സിക്കുന്നതെന്നും കേൾക്കുന്നു...**

ക്യാൻസർ ചികിത്സയ്ക്ക് വരുന്ന രോഗികളും അവരുടെ ബന്ധുക്കളും ജീവിതം അവസാനിച്ചു എന്ന് കരുതുന്നവരാണ്. ക്യാൻസറാണ് എന്നറിയുന്ന നിമിഷം 90% ആളുകളും തകർന്നു പോകും. ആ സമയം അവരെ

*ശേഷം 44-ാം പേജിൽ*

## ഡോ. വി. പി. ഗംഗാധരൻ



**1954**-ആഗസ്റ്റ് 7-ന് ജനനം. പിതാവ് എം.എൻ പദ്മനാഭൻ നായർ. മാതാവ് സരസ്വതി അമ്മ. കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് 1978-ൽ എം.ബി.ബി.എസ്.

ഡൽഹി AIIMS-ൽ നിന്ന് റേഡിയോ തെറാപ്പിയിലും കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് ജനറൽ മെഡിസിനിലും എം.ഡി. അഡയാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മെഡിക്കൽ ഓങ്കോളജിയിൽ ഡി.എം., അമേരിക്കയിലും യു.കെയിലും ഉപരിപഠനം.

കേരളത്തിലെ ആദ്യ മെഡിക്കൽ ഓങ്കോളജിസ്റ്റ്, തിരുവനന്തപുരം RCC-യിൽ കേരളത്തിലെ ആദ്യ മെഡിക്കൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റ് സ്ഥാപിച്ചു.

റോട്ടറി ക്ലബ് എക്സലൻസ് അവാർഡുകൾ, കേരള സിറ്റിസൺസ് ഫോറം കർമ്മശ്രേഷ്ഠാ പുരസ്കാരം, പഴശ്ശി വിദ്യാഭൂഷണം അവാർഡ്, മലങ്കര ഓർത്തഡോക്സ് സഭയുടെ അലക്സിയോസ് മാർ തേവോദോസിയോസ് എക്സലൻസി അവാർഡുൾപ്പെടെ 50 ഓളം അവാർഡുകൾ.

ഡോ. വി.പി. ഗംഗാധരന്റെ കൃതിയായ 'ജീവിതം എന്ന അത്ഭുതം' 2004-ൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ ആദ്യ വനിതാ യൂറോളജിസ്റ്റായ ഡോ. കെ. ചിത്രതാരയാണ് ഭാര്യ.

**- ഫാ. ദീപു ഫിലിപ്പ്**

*deepu.ellalayil@gmail.com*



# വേദമൊഴികൾ

# Breaking The Word

ഫാ. ഫിലിപ്പ് തരകൻ തേവലക്കര

**2015 ജൂൺ 14**
**പെന്തിക്കോസ്തിക്കു ശേഷം മൂന്നാം ഞായർ**
**വി: യോഹന്നാൻ 6:35 – 46**

വി. യോഹന്നാൻ സുവിശേഷം ആറാമധ്യായം 'യേശു ജീവന്റെ അപ്പമാകുന്നു' എന്ന വിഷയമാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. നാലു ഭാഗങ്ങൾ ഈ അദ്ധ്യായത്തിൽ വ്യക്തമായി നമുക്ക് കാണാം.

a) അപ്പം വർദ്ധിപ്പിച്ചു പുരുഷാരത്തെ തൃപ്തരാക്കുന്നു (1–15). b) യേശു തടാകത്തിലെ ജലപരപ്പിൽ നടക്കുന്നു (16–21). c) വി. കുർബ്ബാനയെ ക്കുറിച്ചുള്ള (ജീവന്റെ അപ്പം) പ്രഭാഷണം (22–59), d) യഹൂദൻമാരുടെയും ശിഷ്യൻമാരുടെയും പ്രതികരണം (60–71)

പ്രസ്തുത വിഭജനമനുസരിച്ച് മൂന്നാം ഭാഗത്ത് ഉൾപ്പെടുന്നതാണ് പ്രതിപാദ്യവിഷയം.

**1. സംതൃപ്തമായ ജീവിതത്തെക്കുറിച്ചുള്ള വീക്ഷണം.**

"ഞാനാകുന്നു ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല" (വി.യോഹ:6:35) വിശപ്പും ദാഹവും ആർത്തിയുടെ പ്രതീകമാണ്. ആഗ്രഹം അതിരുകടക്കുന്ന ഭാവമാണ് ആർത്തി. അവസാനിക്കാത്ത വിശപ്പും അവസാനിക്കാത്ത ദാഹവും ആർത്തിയെ പ്രതിനിധാനം ചെയ്യുന്നു. ആരോഗ്യവാനായ വ്യക്തിക്ക് വിശപ്പും ദാഹവും കാണാം. എന്നാൽ അവസാനിക്കാത്ത വിശപ്പും ദാഹവും ആരോഗ്യത്തെ അപകടപ്പെടുത്തുന്നു. ആർത്തി അപകടത്തെ കുറിക്കുന്നു. ഭക്ഷണകാര്യത്തിൽ മാത്രമല്ല ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും ആർത്തി അപകടകരമായി ബാധിക്കും. ആർത്തിയുടെ ഉറവിടം പിശാചാണ്. മോഹത്തിന്റെ തുടർഭാഗമാണ് ആർത്തി. ഹൗവ്വായിൽ പിശാച് സൃഷ്ടിക്കുന്നത് ഈ ഭാവമാണ്. അതോടു കൂടി അവൾ ദൈവത്തെ മറക്കുന്നു. ഉത്തരവാദിത്തങ്ങളെയും ധർമ്മത്തെയും വിസ്മരിക്കുന്നു. അവളും അവളുടെ ജീവിതവും, ജീവിക്കുന്ന ആവാസ വ്യവസ്ഥയും അവളുടെ ബന്ധങ്ങളും അപകടത്തിലാകുന്നു. മരുഭൂമിയിൽ ഉപവാസം കഴിഞ്ഞു വരുന്ന ക്രിസ്തുവിന്റെ മനസ്സിൽ ഈ വിഷവിത്ത് വിതറാനാണ് കല്ലുകളെ അപ്പമാക്കുക എന്ന ആഹ്വാനത്തിലൂടെ പിശാച് ശ്രമിക്കുന്നത്. പഴയ നിയമത്തിന്റെ ആരംഭത്തിലും സുവിശേഷത്തിന്റെ ആരംഭത്തിലും ആർത്തിയുടെ മാസ്മരികതയുമായി കടന്നുവരുന്ന പിശാചിനെ കാണാം. പഴയ നിയമത്തിൽ ആർത്തിക്ക് ഹൗവ്വ വിധേയപ്പെടുമ്പോൾ അതിനെ എങ്ങനെ പ്രതിരോധിക്കണമെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. യേശുവിന്റെ ഞാനാകുന്നു എന്ന പ്രസ്താവനകളിൽ ആദ്യത്തേത്താണ് ഞാൻ ജീവന്റെ അപ്പമാകുന്നു എന്നുള്ളത്. തന്റെ പ്രഥമമായ ദൗത്യം പിശാചിനെ പ്രതിരോധിച്ച് സംതൃപ്തമായ ജീവിതത്തിലൂടെ നിത്യ ജീവനിലേക്ക് മനുഷ്യനെ നയിക്കുക എന്നതാണെന്ന് വ്യക്തമാകുന്നു.

സംതൃപ്തമായ ജീവിതം കെട്ടിപ്പടുക്കണമെങ്കിൽ ഈശ്വരബന്ധം സജീവമാകണം. ജീവന്റെ അപ്പം ഭക്ഷിക്കുക എന്നാൽ ആത്മശരീര മനസ്സുകൾ ക്രിസ്തുവിൽ ചേരുക എന്നതാണ്. ഭക്ഷണം ഒരു വ്യക്തിയിൽ ഓജസ്സ് വർദ്ധിപ്പിക്കുന്നതുപോലെ നിത്യജീവൻ നൽകുന്ന വിശുദ്ധ കുർബ്ബാന അനുഭവം ഒരു വ്യക്തിയുടെ സമഗ്രമായ ജീവിത വളർച്ചയെ സ്വാധീനിക്കുന്നു.

സ്വന്തം കുഞ്ഞിനെ കാണുമ്പോൾ മാതാപിതാക്കൾ പ്രസന്നരാകുന്നതുപോലെ നമ്മിലും ഈശ്വരൻ പ്രസാദിക്കണം. വിശുദ്ധിയും വെടിപ്പുമാണ് ജീവന്റെ അപ്പസ്വീകരണത്തിന് ഒരു വ്യക്തി പ്രാപിക്കേണ്ടത്. വിശുദ്ധി നിലനിർത്തണമെങ്കിൽ ജാഗ്രത അനിവാര്യതയാണ്. സംതൃപ്തമായ ജീവിതത്തിന് ജാഗ്രതയുള്ള ജീവിതം അനിവാര്യമാണ്. "ഗുണസംക്രമണം" എന്ന വാക്ക് തത്ത്വശാസ്ത്രത്തിൽ ഉപയോഗിക്കുന്നുണ്ട്. അതായത് ഓരോ വ്യക്തിയുടെ ജീവിതത്തിൽ എന്തെങ്കിലും നേടാൻ അല്ലെങ്കിൽ ആരെങ്കിലും ആയിത്തീരാൻ ആഗ്രഹിക്കുന്നു. മഹാത്മാഗാന്ധിയാണ് സ്വാധീനിക്കുന്നതെങ്കിൽ മഹാത്മാഗാന്ധിയെ പോലെ ആയിത്തീരാൻ ആഗ്രഹിക്കും. ആരുടെ യെങ്കിലും ഗുണത്തെയോ ദോഷത്തെയോ സ്വീകരിച്ച് തന്നെ അതേപോലെ മാറ്റിയെടുക്കുന്ന പ്രക്രിയയാണ് ഗുണസംക്രമണം എന്ന് പറയുന്നത്. ഓരോ ക്രിസ്തു ഭക്തനും ക്രിസ്തുവിനെപോലെ ആയിത്തീരണം. പ്രസ്തുത സംക്രമണം സംതൃപ്തമായ ജീവിതമാണ് പ്രദാനം ചെയ്യുന്നത്.

**2. ആശ്വാസം നൽകുന്ന ക്രിസ്തു സാന്നിധ്യം.**

എന്റെ അടുക്കൽ വരുന്നവനെ ഞാൻ
ഒരു നാളും തള്ളിക്കളയുന്നില്ല (വി:യോഹ:6:37)

നിരാസത്തിന്റെ മൂർത്ത ഭാവമാണ് തള്ളിക്കളയൽ. ഭൗമബന്ധങ്ങൾ ചില കൊടുക്കൽ വാങ്ങലുകളിൽ അധിഷ്ഠിതമാണ്. ഇവയിലെ ഏറ്റുക്കുറച്ചിലുകൾ ബന്ധങ്ങളെ ബാധിക്കും. തകരുന്ന ബന്ധങ്ങൾ ഇതിന്റെ ദുരന്തമാണ്. പ്രകൃതിക്ഷോഭങ്ങളെക്കാൾ വലുതാണ് തകരുന്ന ബന്ധങ്ങൾ ഇന്ന് സൃഷ്ടിക്കുന്ന ദുരന്തങ്ങൾ. നിസ്വാർത്ഥ സ്നേഹമാണ് (Agape) ദൈവം മനുഷ്യന് നൽകിയത്. അവിടെ ദൈവത്തിൽ നിന്ന് കൊടുക്കൽ



മാത്രമേയുള്ളു. ഉപാധികൾക്കപ്പുറമായി ദൈവം മനുഷ്യനെ സ്നേഹിച്ചു. അവിടെ തിരസ്ക്കരണത്തേക്കാൾ ഉൾക്കൊള്ളലുകൾ മാത്രമേയുള്ളു. ചുങ്കക്കാരും, വേശ്യകളും, അംഗഹീനരും, വേദപണ്ഡിതരും, മീൻപിടുത്തക്കാരും ക്രിസ്തുവിൽ ചേർന്നു വരുന്നു.

തന്റെ അടുക്കൽ വരുന്ന ആരെയും അവിടുന്ന് നിരസിക്കുന്നില്ല. പിന്നെയോ അവരെ നഷ്ടപ്പെടുത്താതെ കാത്തു സൂക്ഷിക്കുകയും അവസാനനാളിൽ പിതാവിന് സമർപ്പിക്കുകയും ചെയ്യുന്നു. (1 കൊരി:15:28)

നിത്യ ലോകത്തേക്കുള്ള കൂട്ടിച്ചേർക്കലാണ് ക്രിസ്തുവിൽ നിറവേറുന്നത്. ഉൾക്കൊള്ളലിന്റെ ഭാഷയിൽ ക്രിസ്തുവിലേക്കുള്ള വഴി വിശാലമാണ്. ക്രിസ്തുവിൽ എത്തിച്ചേരുന്ന വഴി ത്യാഗത്തിന്റേതുമാണ്. ആശ്വസിക്കുവാൻ ഒരിടം ആഗ്രഹിക്കാത്ത ആരും ഈ ലോകത്തിലില്ല. ആശ്വാസത്തിന്റെ ഉറവിടമാണ് ക്രിസ്തു. ക്രിസ്തുവിൽ ആശ്വസിക്കുവാൻ പുറപ്പെടുന്നവൻ വിനയത്തോടെ ചെല്ലണം. വിനയാത് യാത്രി പാത്ര താം എന്ന പ്രസിദ്ധമായ ചൊല്ലുണ്ട്. വിനയത്തിലൂടെയോ ആദ്ധ്യാത്മികമായ ഉയർച്ചയുണ്ടാകും. വിനയമുണ്ടെന്ന് ഭാവിക്കുന്നവരുടെ ലോകമാണിത്. അതി വിനല്ലേ ധൂർത്താഃ -അതി വിനയവാൻ സൂത്രശാലിയാണ് സൂത്രങ്ങളുമായ് ക്രിസ്തു സന്നിധിയിലെത്താൻ കഴിയില്ല. അനന്യാസിനും സഫീറയ്ക്കും ആ യാത്ര പൂർത്തീകരി ക്കാൻ കഴിയാത്തത് അതുകൊണ്ടാണ് യൂദയ്ക്ക് തന്റെ ജീവിതം അർത്ഥപൂർണ്ണമാക്കാൻ സാധിക്കാത്തതും അതുകൊണ്ടാണ്.

സത്സംഗം നല്ല മാനസികാന്തരീക്ഷം സൃഷ്ടിക്കും. നല്ല ഗുരുക്കൻമാരുടെ സാന്നിധ്യം അസ്വസ്ഥ മനസ്സുകൾക്ക് ആശ്വാസമാകുന്നത്. ഈ അർത്ഥത്തിലാണ്. കൽക്കരി തൊട്ടാൽ കൈകൾ കറുക്കും എന്ന് പറയുന്നതുപോലെ ദുഷ്ടസംസർഗ്ഗം മനുഷ്യനെ അസ്വസ്ഥനാക്കും. ആശ്വാസത്തിന്റെ സ്രോതസ്സായ ക്രിസ്തു സാന്നിധ്യം അസ്വസ്ഥ മനസ്സുകൾക്ക് ആശ്വാസം നൽകും. അപൂർണ്ണമായ മനുഷ്യൻ പൂർണ്ണനായ ദൈവത്തിൽ അഭയം കണ്ടെത്തുന്നതാണ് ഉചിതം.

ആവശ്യങ്ങൾക്ക് അനുസൃതമായി പ്രതികരിക്കുന്നവരുടെ എണ്ണം കുറയുമ്പോൾ ക്രിസ്തു വ്യത്യസ്തനാകുന്നു. ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രതികരിക്കാത്ത താണ് ഇന്നിന്റെ വിഷയം. കുഞ്ഞുങ്ങൾക്ക് സ്നേഹം നൽകേണ്ടിടത്ത് Mobile, പണം തുടങ്ങിയവ നൽകിയതിനാൽ അസ്വസ്ഥരായി ജീവിക്കുന്ന നിരവധി കുഞ്ഞുങ്ങളെ നമുക്ക് കാണുവാൻ സാധിക്കും. ബിസിനസ്സ് തിരക്കുകൾക്കിടയിൽ വീട്ടിൽ നിന്ന് ഒരു നല്ല ആശ്വാസ വചനം കിട്ടാത്ത എത്രയോ പേർ വിഷമത്തോടെ ജീവിക്കുന്നു. യേശുവിൽ ഓരോരുത്തർക്കും ലഭിക്കുന്ന ആശ്വാസം നമ്മുടെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് അവൻ പ്രതികരിക്കുന്നു എന്നുള്ളതാണ്.

ക്രിസ്തു സമീപ്യത്തിലേക്ക് മനുഷ്യനെ നയിക്കുക എന്നത് കൗദാശിക ധർമ്മമാണ്. വി. മാമോ ദീസായിലൂടെ ക്രിസ്തുവിന്റെ ആഹ്വാനം ഓരോ ക്രിസ്ത്യാനിയും ഏറ്റെടുക്കുന്നു. ആരാധന ജീവിതം ആ ആഹ്വാനത്തിന് കരുത്തും ശക്തിയും പകരും.

**2015 ജൂൺ 21**

## പെന്തിക്കോസ്തിക്കുശേഷം നാലാം ഞായർ

**വി: ലൂക്കോ 10:1–16**

യേശുതമ്പുരാൻ തനിക്ക് മുൻപായി അയക്കുവാൻ എഴുപതുപേരെ തെരഞ്ഞെടുക്കുന്ന വിവരം വി : ലൂക്കോസ് മാത്രമേ പ്രതിപാദിക്കുന്നുള്ളു. ചില കയ്യെഴുത്തു പ്രതികളിൽ എഴുപത്തി രണ്ടു പേരെന്ന് പരാമർശിക്കുന്നുമുണ്ട്. യഹൂദ പശ്ചാത്തലത്തിൽ എഴുപത് എന്ന സംഖ്യയ്ക്ക് പ്രാധാന്യമുണ്ട്. മോശയുടെ സഹായികൾ എഴുപതു പേരുണ്ട്. (സംഖ്യ 11) സാന്നിദ്രിം സംഘത്തിലും എഴുപതു പേരുണ്ട്. പഴയ നിയമനത്തിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്റ്റുജിന്റ് എന്ന പദത്തിന്റെ അർത്ഥം എഴുപത് എന്നാണ്. ദൈവ രാജ്യ സന്ദേശം സമൂഹത്തിൽ ഉണർത്തി യേശുവിന് വഴിയൊരുക്കാൻ എഴുപത് പേരെ സജ്ജരാക്കുന്നതാണ് പ്രതിപാദ്യ വിഷയം.

### 1. ക്രിസ്തുവിനെ സമ്മാനിക്കേണ്ട ജീവിതം

എഴുപതു പേരിൽ നിന്ന് യേശുതമ്പുരാൻ പ്രതീക്ഷിക്കു ന്നത് ജീവിതം കൊണ്ട് ക്രിസ്തുവിനെ സമൂഹത്തിന് സമ്മാനിക്കാനുള്ള ആഹ്വാനമാണ്. ക്രിസ്തുവിന്റെ പ്രവർത്തന ലക്ഷ്യം ലോകത്തിന്റെ വീണ്ടെടുപ്പും ദൈവരാജ്യ അനുഭവത്തിലേക്കുള്ള ജനത്തിന്റെ വളർച്ചയും ആയിരുന്നു. യേശുവിന്റെ കൈകളായി ഓരോരുവനും മാറേണ്ടതിന്റെ ആവശ്യകത വളരെ ശക്തമായി കാണുന്നു. താൻ ചെല്ലുവാനുള്ള ഓരോ പട്ടണങ്ങളിലേക്കും സ്ഥലങ്ങളിലേക്കും അവരെ തനിക്ക് മുൻപായി ഈരണ്ടായി അയച്ചു. (വി:ലൂക്കോ:10:1) അവരുടെ പ്രവർത്തനം യേശുവിന് വരുവാനായി അവസരവും സ്ഥലവുമൊരുക്കുകയാണ്. യേശുക്രിസ്തുവിന്റെ കാലം കൊണ്ട് അവസാനിക്കുന്ന ശുശ്രൂഷയല്ല ഇത്. യുഗാന്ത്യത്തോളം തുടരേണ്ട ശുശ്രൂഷയാണിത്. Church is The extention of incarnation of The Christ എന്നാണല്ലോ പറയുന്നത്. അതുകൊണ്ട് എഴുപത് പേരിൽകൂടി വ്യാപരിച്ച് തലമുറകളിലൂടെ കൈമാറി ഇന്നിലേക്കും നാളയിലേക്കും തുടരേണ്ട ദൗത്യമാണിത്.

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ നിന്ന് ലോകം പ്രതീക്ഷിക്കുന്നത് ക്രിസ്തുവിനെ തന്നെയാണ്. മറ്റൊരു ബദൽ ഇവിടെയില്ല. ഇത് അത്ര എളുപ്പം കരഗതമാക്കുവാൻ സാധിക്കുകയില്ല. കഷ്ടതയുടെ വഴികളിലൂടെയുള്ള സഞ്ചാരമാണ്.

കടിച്ചുകീറുന്ന ചെന്നായ് ആടിന്റെ ജീവിതത്തിലെ ദുഃഖസ്വപ്നമാണ്. ജീവിതത്തിൽ നിന്ന് ചെന്നായ്ക്കളെ ഒഴിവാക്കിത്തരണമേ എന്നാണ് ഓരോരുവരും പ്രാർത്ഥിക്കുന്നത്. എന്നാൽ ചെന്നായ് ക്കൂട്ടത്തിന്റെ നടുവിലേക്കുള്ള ഇറങ്ങിത്തിരിക്കലാണ് ക്രൈസ്തവ ജീവിതം. ഒരുവശത്ത് ആടിനെ ഇരയാക്കി തീർക്കാൻ ആഗ്രഹിക്കുന്ന ചെന്നായ് മറുവശത്ത് ചെന്നായെ ആടാക്കി തീർക്കാനുള്ള വ്യഗ്രത. ഇവിടെ ചെന്നായ ആടായി മാറണമെങ്കിൽ ആടിന്റെ ധൈര്യവും നിഷ്കളങ്കതയും, ദൗത്യ ബോധവും ധാർമ്മികതയും സംയമനവും പ്രാർത്ഥനയും ശക്തമായിത്തീരണം.

വെള്ളവും സൂര്യപ്രകാശവും ചാണകവും സുഗന്ധം പരത്തുന്ന പൂവായി മാറണമെങ്കിൽ ഒരു ചെടി എത്ര ജാഗ്രതയോടെ ജീവിക്കണം. അതേ ജാഗ്രത ഇവിടെ വേണം എങ്കിലേ വിശ്വാസികളാകുന്ന

പനിനീർപ്പൂക്കൾ നിറയുന്ന പൂന്തോട്ടങ്ങൾ സമൂഹത്തിൽ ഉണരൂ.

കഷ്ടതകളിലും ദൈവീക സ്പർശം തിരിച്ചറിയാൻ ഓരോരുത്തർക്കും സാധിക്കണം. കഷ്ടത നിരാശയുടെ പടുകുഴിയിലേക്കുള്ള വഴിയല്ല. ദൈവത്തിലേക്കുള്ള മടങ്ങിവരവിന്റെ അവസരമാണ്. "യുദ്ധം ചെയ്യുന്നവരുടെ ലക്ഷ്യം വിജയമാണെങ്കിൽ വിജയം കൈവരിക്കാൻ കഷ്ടപ്പാടുകൾ നേരിടേണ്ടിവരുമെന്ന്" വിൻസ്റ്റൻ ചർച്ചിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ കൃപയുണ്ടെങ്കിൽ മനുഷ്യന്റെ ബലഹീനതകൾ ഒന്നുമല്ല. എഴുപതു പേർക്കുമേൽ ദൈവത്തിന്റെ കൃപ ഒഴുകുകയാണ്. ലോകത്തെ മാറ്റിമറിക്കാൻ അവർ പുറപ്പെടുന്നു. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. (യോഹ: 16:33) ലോകത്തെ ജയിക്കുന്ന യേശുവാണ് എഴുപത് പേരുടെ ബലം.

ഈ ദൗത്യം ഇന്നും നമുക്ക് നിർവ്വഹിക്കാനുണ്ട്. ഓരോ നേരം പുലരുമ്പോൾ ഓർക്കുക ഇന്ന് ഞാൻ യേശുവിനായി എന്ത് ചെയ്യും. എന്റെ വാക്കുകളിൽ യേശുവുണ്ടോ? എന്റെ പ്രവൃത്തികളിൽ യേശുവുണ്ടോ? എന്നിൽ യേശുവുണ്ടോ? എന്നിലൂടെയല്ലേ യേശുവിനെ ഈ സമൂഹത്തിന് ലഭിക്കേണ്ടത്. യേശുവിനെ സമ്മാനിക്കുന്ന ഒരു ജീവിതം വേണം. അധികാരത്തിന്റെ കൈമാറ്റമല്ല എഴുപത് പേരിൽ നൽകുന്നത്. ചുമതല ബോധമാണ്. നമ്മിലെ ചുമതലാബോധം ഉണർത്തുന്നതിനും ജീവിതത്തിൽ ഒരാൾക്കെങ്കിലും യേശുവിനെ സമ്മാനിക്കുന്നതിനും ജീവിതത്തെ നമുക്കൊരുക്കാം.

**(b) ആകുലതകൾ ഭരിക്കാത്ത ജീവിതം.**

ആകുലതകൾ അസ്വസ്ഥമാക്കുന്ന ജീവിതങ്ങളുടെ നിലവിളിയിൽ സമൂഹം നിറഞ്ഞിരിക്കുന്നു. ക്രൈസ്തവ ദൗത്യത്തിലെ ആകുലതകളുടെ നീണ്ട നിരതന്നെ ഈ വേദഭാഗത്ത് നിറയുന്നുണ്ട്. സഞ്ചി, പൊക്കണം, ഭക്ഷണം, വീട്, സ്വീകാര്യത എന്നിവയാണവ. ഇവയ്ക്കുവേണ്ടി നീ ദൈവരാജ്യ മൂല്ല്യങ്ങൾ പണയപ്പെടുത്തരുത്. ആകുലതകളെ അകറ്റാൻ ആകുലതകൾക്കുവേണ്ടി ദൈവരാജ്യ മൂല്ല്യ ങ്ങളെ പണയപ്പെടുത്തുന്ന കാലമാണ്. ക്രിസ്തു സഞ്ചി യിലും, പണത്തിലും, പൊക്കണത്തിലും, ഭക്ഷണത്തിലും, വീട്ടിലും, സ്വീകാര്യതയിലുമാണെന്ന് ഉച്ചത്തിൽ ഘോഷി ക്കുന്ന ക്രിസ്തു അറിയാത്ത ക്രിസ്തുവിനെ അറിയാത്ത ആത്മീകത വളരെ വളരുന്ന കാലമാണിത്. ഇത്തരം പ്രലോ ഭനങ്ങളെ അതി ജീവിക്കാനും ഇത്തരം പരിമിതികളിൽ നിന്ന് ജീവിതത്തെ ഉയർത്തുവാനും സാധിക്കണം.

ഏതു പട്ടണത്തിലെങ്കിലും ചെന്നാൽ അവർ നിങ്ങളെ കൈക്കൊള്ളുന്നു എങ്കിൽ നിങ്ങളുടെ മുൻപിൽ വയ്ക്കുന്നത് ഭക്ഷിപ്പിൻ. അതിലെ രോഗികളെ സൗഖ്യമാക്കി ദൈവരാജ്യം നിങ്ങൾക്ക് സമീപിച്ചിരിക്കുന്നുവെന്ന് അവരോട് പറയുവിൻ. (വി: ലൂക്കോ: 10:9)അവർ മുൻപിൽ വയ്ക്കുന്നത് ഭക്ഷിക്കുക എന്നാൽ അവരെ ഉൾക്കൊള്ളുക എന്നാണർത്ഥം. ഞാൻ ഇന്നതേ ഭക്ഷിക്കു എന്ന് ശാഠ്യം പുലർത്തുമ്പോൾ ആതിഥേയനെ ഉൾക്കൊള്ളാൻ കഴിയാതെ വരും. രോഗിയെ ഉൾക്കൊള്ളാത്ത ഡോക്ടർക്ക് ചികിത്സ വിജയപ്രദമാക്കാൻ കഴിയില്ല. ആവശ്യക്കാരുടെ ചിന്തകളെ ഉൾക്കൊള്ളാൻ കഴിയാത്ത എഞ്ചിനീയർക്ക് പ്രൊജക്ടുകൾ കൊണ്ട് സംതൃപ്തി കൈവരിക്കാൻ കഴിയില്ല. വിദ്യാർത്ഥിയെ ഉൾക്കൊള്ളാൻ കഴിയാത്ത അദ്ധ്യാപകന് നല്ല ഗുരുവാകാൻ സാധിക്കുകയില്ല. ബന്ധങ്ങളെ ഉൾക്കൊള്ളാൻ സാധിക്കാത്തവന് നല്ല ഗൃഹനാഥനാകാൻ കഴിയില്ല. ഉൾക്കൊള്ളലിൽ നിന്നാണ് ദൗത്യം അർത്ഥ പൂർണ്ണമാകുന്നത്. ഒരുവന്റെ വ്യത്യസ്ത കളെ നീ ഉൾക്കൊള്ളുമ്പോൾ നിന്റെ ആകുലത കൾ അകന്നുപോകും. അവിടെ നിന്ന് ദൗത്യബോധത്തിലേക്ക് ഉണരാൻ സാധിക്കും. എന്നാൽ ദൈവരാജ്യത്തെപ്പറ്റി പറയേണ്ടി വരുമ്പോൾ ഒരു വിട്ടുവീഴ്ചയും പാടില്ല. ശക്തിയ്ക്കും, മൂർച്ചയ്ക്കും, ഹൃദ്യതയും അവിടെ സമന്വയിക്കണം. സത്യവും നന്മയും ഘോഷിക്കുമ്പോൾ ഭീരുവായിത്തീരരുത്. നിന്റെ ഇരിപ്പിടം ഉറപ്പിക്കാൻ ദൈവരാജ്യ മൂല്ല്യങ്ങളെ പണയം വയ്ക്കരുത്. യോഹന്നാൻ സനാപകൻ തന്റെ സ്ഥാനവും ജീവനുമുറപ്പിക്കാൻ മൂല്ല്യങ്ങളെ പണയം വച്ചില്ല. വിചാരണയുടെ സമയത്ത് ഹെരോദാവിന്റെ അഭ്യർത്ഥന മാനിച്ച് അടയാളം കാണിച്ചെങ്കിൽ ക്രിസ്തുവിന് കുരിശേന്തേണ്ടി വരുമായിരുന്നില്ല. തന്റെ സ്വസ്ഥത ക്രിസ്തുവിന്റെ ആകുലതയല്ലായിരുന്നു. നിങ്ങൾ എനിക്കുവേണ്ടി ഇറങ്ങുമ്പോൾ നിങ്ങളല്ലേ ജീവിക്കുന്നത് ഞാനാണ്. നിങ്ങളുടെ അസ്വസ്ഥതകൾ എന്റേതാണ്. നിങ്ങളുടെ പീഡനം എന്റേതാണ്. നിങ്ങളുടെ വാക്കുകേൾക്കുന്നവൻ എന്റെ വാക്ക് കേൾക്കുന്നു. നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു. (വി: ലൂക്കോ: 10:16) നിങ്ങളുടെ ആകുലതകൾ എന്റെ മേൽ വച്ചുകൊള്ളുക എന്ന ആഹ്വാനത്തിന്റെ പ്രതീക്ഷയുൾക്കൊള്ളണം.

വിശ്വാസിയിൽ നിറയേണ്ടത് ആകുലതകളല്ല ഉദാരതയാണ്. ശരീരം, മനസ്സ്, സമൃദ്ധി, ആത്മാവ്, എന്നിവയുടെ അംശം കൊണ്ട് അന്യരെ സഹായിക്കുക, നിസ്വാർത്ഥമായി പ്രവർത്തിക്കുക എന്നതാണർത്ഥമെന്ന് ഡോ: ഗുലാബ് കോത്താരി ചൂണ്ടിക്കാട്ടുന്നു. സ്വസ്ഥതയ്ക്കുവേണ്ടി എന്തെങ്കിലും നൽകുമ്പോൾ അത് ഉദാരത അല്ലാതായി മാറും. പൊക്കണവും സഞ്ചിയ്ക്കും ഒരു ക്രൈസ്തവനിലെ ഉദാരതയെ നശിപ്പിക്കരുത്. ഉദാര മനസ്സുകൾക്കേ സമൂഹത്തിൽ നന്മയുടെ ദീപം കൊളുത്തുവാൻ സാധിക്കൂ. ഉദാരനായ. വ്യക്തി ചിന്തിക്കുന്നത് ഒന്നല്ല തനിക്ക് അധികാര ഭാവമില്ല. മറിച്ച് താൻ സൂക്ഷിപ്പ് കാരൻ മാത്രമാണ് എന്നാണ്.

ഏദൻ തോട്ടത്തിൽ ദൈവം മനുഷ്യർക്ക് നൽകിയ കാര്യ വിചാരങ്ങളും ഇതാണ്. അതേ കാര്യ വിചാരകത്വമാണ് ദൈവരാജ്യ ശുശ്രൂഷയിലും ഓരോ വിശ്വാസിക്കും നിർവ്വഹിക്കുവാനുള്ളത്. എന്റെ സുരക്ഷയെക്കാൾ മറ്റുള്ളവരിൽ മൂല്ല്യ ബോധമുണർത്തി അവന്റെ സംരക്ഷകനായ് ഞാൻ മാറണം എന്റെ കാര്യവിചാരകത്വത്തെ അവ്യസ്ഥമാക്കുന്ന പ്രലോഭങ്ങളിൽ അകപ്പെടാതെ മുന്നേറ്റാൻ സഹായിക്കണമേ എന്നാകണം ഭക്തന്റെ പ്രാർത്ഥന.


**ST. MARY'S EMBROIDERY**

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**

**2015 ജൂൺ 28**

## പെന്തിക്കോസ്തിക്കു ശേഷം അഞ്ചാം ഞായറാഴ്ച

**വി: മർക്കോസ് 9:30 – 42**

ലോകത്തിന്റെ പ്രതാപത്തിനപ്പുറം കുരിശ്ശിന്റെ മഹിമ കണ്ടെത്താനുള്ള ആഹ്വാനം ഈ ഭാഗത്ത് കണ്ടെത്തുവാൻ കഴിയും. ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി യേശുതമ്പുരാൻ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു. ആരാണ് ഏറ്റവും വലിയവൻ എന്ന ചോദ്യത്തിന്റെ ഉത്തരം തേടലും ധ്യാനവിഷയമാണ്. പ്രതികൂലങ്ങൾക്ക് നടുവിൽ അനുകൂലിക്കുന്ന ദൈവിക മനോഭാവം കണ്ട ഭാഗത്ത് വെളിപ്പെടുന്നു. ജീവിത വളർച്ചയുടെ പുതിയ കാഴ്ചപ്പാടുകളുടെ പങ്കുവയ്ക്കൽ ഇവിടെ നിറഞ്ഞു നിൽക്കുന്നുണ്ട്.

### 1. ക്രിസ്തുവിന്റെ രക്ഷണ്യ പ്രവൃത്തിയുടെ മഹത്വം തിരിച്ചറിയുക.

യേശുക്രിസ്തുവിലൂടെ മനുഷ്യർക്ക് സംജാതമായ രക്ഷയുടെ അനുഭവം ദിനം തോറും ധ്യാനിക്കുകയും ആ രക്ഷയിലേക്ക് വളരുകയും ചെയ്യേണ്ടവരാണ് വിശ്വാസികൾ. ക്രിസ്തു ശിഷ്യൻമാരാണെങ്കിലും യേശുക്രിസ്തുവിലൂടെ സമാഗതമാകുന്ന കഷ്ടാനുഭവത്തിന്റെയും ഉയിർപ്പിന്റെയും ആഴവും അർത്ഥവും ഗ്രഹിക്കുവാൻ കഴിയാതെ വരുന്നു. ഇതിന്റെ മഹത്വം ശിഷ്യൻമാരെ ഗ്രഹിപ്പിക്കുവാൻ രക്ഷണ്യ പ്രവർത്തിയുടെ ഉദ്ദേശ്യം ക്രിസ്തു ആവർത്തിക്കുന്നു. അവൻ തന്റെ ശിഷ്യൻമാരെ പഠിപ്പിച്ചിട്ട് അവരോട് മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും. അവർ അവനെ കൊല്ലും. കൊന്നിട്ട് മൂന്നുനാൾ കഴിഞ്ഞിട്ട് അവർ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞു. ആ വാക്ക് അവർ ഗ്രഹിച്ചില്ല (വി: മർക്കോസ്: 9:31)

യേശുക്രിസ്തുവിന്റെ പീഡാനുഭവും ഉയിർത്തെഴുന്നേൽപ്പും മനുഷ്യ വർഗ്ഗത്തിനിടയിലുള്ള ചേരിതിരിവുകളുടെ മതിലുകൾ ഇടിക്കുന്നതാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരം സകല വർഗ്ഗത്തിന്റെയും രക്ഷയ്ക്കുവേണ്ടിയാണ്. അതുകൊണ്ട് തന്നെ അന്നത്തെ സമൂഹത്തിൽ മനുഷ്യർക്കിടയിലുണ്ടായിരുന്ന മതപരവും, രാഷ്ട്രീയപരവുമായ ഭിന്നതകൾക്കെതിരെ പുതിയ മാനവികത സംഘടിക്കുക എന്നതായിരുന്നു രക്ഷണ്യ പ്രവൃത്തിയുടെ ഒരു ലക്ഷ്യം. പാപത്തിൽ നിന്നുള്ള വിമോചനം മാത്രമല്ല മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയും ഐക്യവും അതിന്റെ ലക്ഷ്യമായി രുന്നു.

ഭിന്നതകളിലൂടെ തകർന്നടിയുന്ന മാനവികത ഈ കാലത്തിന്റെ മുഖചിത്രമാണ്. യവനനും, യഹൂദനുമപ്പുറം രാജാവിനും പ്രജയ്ക്കുമപ്പുറം സ്നേഹത്തിന്റെ ഒരു ശൃംഖല ഈ കാലം ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തു ചോരയൊഴുക്കിയത് വേറൊരു ചോരപ്പുഴ ഒഴുക്കാതിരിക്കാനാണ്. ക്രിസ്തു ഉയിർത്തേഴുന്നേറ്റത് ഒരു തിൻമയും ഇവിടെ ഉയിർക്കാതിരിക്കാനാണ്. നന്മയുടെ വെളിച്ചം നിറഞ്ഞ് നല്ല മാനവികതയുടെ മാതൃക സൃഷ്ടിക്കപ്പെടാൻ ക്രിസ്തുവിന്റെ രക്ഷണ്യ പ്രവൃത്തിയുടെ മഹത്വം ഓരോ കാലവും തിരിച്ചറിയട്ടെ.

### 2. മത ജീവിതത്തിലെ ഒന്നാമൻ

ജീവിതം ഒരു ഓട്ട മത്സരമാണ്. ഒന്നാമതെത്തുക എന്നത് ഓരോരുത്തരുടെയും ലക്ഷ്യമാണ്. ജീവിതം മത്സരമാകുന്നിടത്താണ് ഒന്നാമനാകാനുള്ള ത്വരയുണ്ടാകുന്നത്. ജീവിതം ജീവിതമാകുന്നിടത്ത് നല്ല പ്രവണതകൾ സൃഷ്ടിക്കപ്പെടുന്നു. എൽ.കെ.ജി.യിൽ ചേർക്കപ്പെടുന്ന കാലത്തേ മത്സരിക്കാനുള്ള പ്രവണത കുട്ടിയിൽ നിറയുന്നു. ഒരുവൻ മറ്റൊരുവനോടല്ല അവനോടാണ് മത്സരിക്കേണ്ടത്. അവിടെ വളർച്ചയുടെ നല്ല തലങ്ങൾ രൂപപ്പെട്ടു വരും.

ഒരുവൻ മുൻപനാകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം (വി: മാർക്കോസ്: 9:35)

ഒന്നാമനെപ്പറ്റിയുള്ള ഒരു നല്ല കാഴ്ചപ്പാടാണിത്. നാം ഒരു സാമൂഹിക ക്രമം പിൻതുടർന്നു കൊണ്ടാണ് ജീവിതം നയിക്കുന്നത്. നാം നമ്മുടെ വ്യക്തിത്വത്തെക്കുറിച്ച് തിരിച്ചറിയുന്നതും അതിനെക്കുറിച്ച് ബോധവാനാകുന്നതും സമൂഹം മുഖേനയാണ്. എന്നാൽ നമ്മുടെ അഹങ്കാരം നമ്മെ സമൂഹത്തിൽ നിന്നും അകറ്റി നിർത്തുന്ന അനേകം സന്ദർഭം ഉണ്ടാകാറുണ്ട്. ഒന്നാമനാകാനുള്ള മത്സരം ശിഷ്യൻമ്മാരെ പര്സപരം മിണ്ടുന്നതിൽ വിമുഖരാക്കി. അഹങ്കാര മനസ്സ് രൂപപ്പെടുമ്പോഴാണ് ശിഷ്യൻമ്മാരുടെ സാമൂഹിക ജീവിതത്തെ കാര്യമായി ബാധിക്കുന്നു.

അഹങ്കാരം അലിയണമെങ്കിൽ ശുശ്രൂഷ ജീവിതത്തിന്റെ ഭാഗമാകണം. ശുശ്രൂഷയിൽ നിന്നുള്ള അകൽച്ച ദൈവത്തിൽ നിന്നും ദൈവീകതയിൽ നിന്നുമുള്ള അകൽച്ചയാണ്. മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതാണ് ഏറ്റവും മഹത്തായ മതം. മറ്റുള്ളവരെ ദ്രോഹിക്കുക എന്നതാണ് ഏറ്റവും വൃത്തിക്കെട്ട മതം. ഏറ്റവും മഹത്തായ ചിന്തയാണ് ക്രിസ്തു നൽകുന്നത്. മാത്സര്യത്തിന്റെ ലോകത്ത് നീ നിന്നെ സംരക്ഷിക്കുക. അധികാരത്തിന്റെ ലോകത്ത് ശുശ്രൂഷനാകുക.

ഇന്നത്തെ ലോകത്ത് സഹിഷ്ണുത നഷ്ടപ്പെടുന്നു. എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണം സഹിഷ്ണുത ഇല്ലായ്മയാണ്. എന്നാൽ സേവനം മനുഷ്യനെ സഹിഷ്ണുതയുള്ള വരാക്കുന്നു. ദൈവരാജ്യത്തിലേക്കുള്ള വഴി മാത്രമല്ല നിത്യജീവിതത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതാണ് ശുശ്രൂഷ നിറഞ്ഞ ജീവിതം. കെട്ടുന്നതിനെക്കാൾ പൊട്ടിക്കുന്നതിന് പ്രാധാന്യം നൽകുന്ന പുതിയ മംഗല്യങ്ങൾ നേരിടുന്ന ഭീക്ഷണി അസഹിഷ്ണുതയാണ്. താഴുവാനും കീഴ്പ്പെടുവാനും മനസ്സിലാക്കാനും, ഉൾക്കൊള്ളാനും ഉള്ള സഹിഷ്ണുത കൈമോശം വരുന്നു.

### 3. ആതിഥ്യ മര്യാദ പുലർത്തുന്നവരാകുക അതിഥി ദേവോഭവ എന്നാണ്

ആപ്തവാക്യം.അതിഥി സൽക്കാരം മറക്കരുത് എന്ന് എബ്രായർ 13:1 ൽ പറയുന്നു. നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരുപാനപാത്രം വെള്ളം നിങ്ങൾക്ക് കുടിക്കുവാൻ തന്നാൽ അവനു പ്രതിഫലം കിട്ടാതിരിക്കുകയില്ല (വി: മാർക്കോസ്:9:11)

ക്രിസ്തു ശിഷ്യനെ സ്വീകരിക്കുന്നവൻ ക്രിസ്തുവിനെയാണ് സ്വീകരിക്കുന്നത്. ഈ ഭൂതലത്തിൽ ഉള്ള ഓരോരുത്തരും അത് ചെറിയവനെങ്കിലും വലിയവനെങ്കിലും ദൈവമക്കളാണ്. അവരെ ആദരവോടെ കരുതുന്നവൻ ദൈവത്തെയാണ് ആദരിക്കുന്നത്. അബ്രഹാം തികഞ്ഞ ആതിഥ്യ മര്യാദയിലൂടെ ദൈവത്തെയാണ് സ്വീകരിച്ചത്. സക്കായി ക്രിസ്തുവിനെ സ്വീകരിക്കുന്നതും ആതിഥ്യ മര്യാദയുടെ ഭാഗമാണ്.

ആർക്കും ആരെയും സ്വീകരിക്കുവാനോ ശ്രദ്ധിക്കുവാനോ നേരമില്ല. വീട്ടിലൊരാൾ കയറി വന്നാൽ എങ്ങനെ പെരുമാറണമെന്നാണ് ശരിയായ ആദ്ധ്യാമികത പഠിപ്പിക്കുന്നത്. സുലഭമായ പച്ചവെള്ളം കൊടുത്താൽ പ്പോലും അത് അനുഗ്രഹത്തിന് മുഖാന്തരമാകും. പലവീടുകളിലും ചെല്ലുമ്പോൾ ഗൃഹനാഥനോ നാഥയോ

വന്ന് സംസാരിക്കും. എന്നാൽ ചിലപ്പോഴെങ്കിലും യുവാക്കൾ അവരുടെ കണ്ണും, മനസ്സും, ബുദ്ധിയും, മൊബൈലുകളിൽ സമർപ്പിച്ചുകൊണ്ടിരിക്കും. വന്നയാളെ നോക്കി ഒന്നു പുഞ്ചിരിക്കാൻ പോലും തയ്യാറാകുന്നില്ല. അതിഥിയോട് ചെയ്യുന്ന ഇടർച്ച ദൈവത്തോട് ചെയ്യുന്ന ഇടർച്ചയാണ്. അവനെ തിരികല്ല് കെട്ടി കടലിൽ താഴ്ത്തുന്നത് നല്ലത് എന്ന് (9:42) ൽ പറയുന്നു. അതിഥിയിൽ നിന്ന് അകന്നുപോകുന്നത് ആത്മഹത്യാപരം തന്നെയാണ്. നിന്റെ ആത്മാവ് ഉണരണം അതിഥിയെ ഹൃദ്യമായി സ്വീകരിക്കാൻ.

***2015 ജൂലൈ 5***

## പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായറാഴ്ച

**വി: മത്തായി 15:32 – 39**

വി: മത്തായുടെ സുവിശേഷം പതിനഞ്ചാം മധ്യായത്തിൽ മൂന്ന് അത്ഭുത പ്രവൃത്തികളാണ് വിവരിക്കുന്നത്. കനാൻകാരിയുടെ വിശ്വാസം, അനേകം രോഗികളെ സൗഖ്യമാക്കുന്നത്. നാലായിരം പേർക്ക് ഭക്ഷണം നൽകുന്നത് എന്നിവയാണവ. ഇന്നത്തെ ധ്യാനചിന്ത ഏഴപ്പവും കുറെ ചെറു മത്സ്യങ്ങളും കൊണ്ട് നാലായിരം പേരെ ഭോഷിപ്പിക്കുന്നതാണ്. അയ്യായിരം പേരെ അപ്പം നൽകി തൃപ്തിയാക്കിയ സംഭവുമായി ഇതിന് സാമ്യമുണ്ടെങ്കിലും രണ്ടും രണ്ട് സംഭവങ്ങൾ തന്നെയാണ്. രണ്ടിന്റേയും സാഹചര്യങ്ങൾ തികച്ചും വ്യത്യസ്ഥമാണ്. അയ്യായിരം പേരെ തൃപ്തിപ്പെടുത്തിയ സംഭവം യഹൂദർ പാർക്കുന്ന മേഖലയിൽ വച്ചാണെങ്കിൽ ഇത് നടക്കുന്നത്. യഹുദേതർ പാർക്കുന്ന ദെക്കപ്പൊലിയിൽ വച്ചാണ്. ആദ്യത്തേത് ശരത്ക്കാലത്താണ് നടന്നതെങ്കിൽ ഇത് വേനൽ ക്കാലത്താണ് സംഭവിക്കുന്നത്. ജനത്തിന്റെ എണ്ണത്തിലും അപ്പത്തിന്റെ എണ്ണത്തിലും ശേഷിച്ച അപ്പത്തിന്റെ കണക്കിലും വ്യത്യസ്തത കാണുന്നു.

### 1. ഇല്ലായ്മകളെ തിരിച്ചറിയുന്ന ക്രിസ്തു

അവർക്കു ഭക്ഷിക്കാൻ ഒന്നും ഇല്ലായ്ക കൊണ്ട് അവരെക്കുറിച്ച് എനിക്ക് മനസ്സലിവ് തോന്നുന്നു. (വി: മത്തായി: 15:32)

പ്രതിസന്ധികളിൽ കരുണ പ്രതീക്ഷിക്കാത്തവർ ആരുമില്ല. ഭക്തരുടെ ഇല്ലായ്മകളിൽ കരുതലായി മാറുന്ന യേശുവിനെ ഇവിടെ കണ്ടെത്തുവാൻ കഴിയും. നന്മകളുള്ളവരുടെ കൂട്ടമാണ് യേശുവിൽ നിന്നുള്ള കരുണ ആസ്വദിക്കുന്നത്. തിരുവചനം പറയുന്നത് കഴിഞ്ഞ മൂന്ന് നാളായി അവർ യേശുവിനൊപ്പം പാർക്കുകയാണ്. ക്രിസ്തു നമുക്കൊപ്പമുണ്ട്. നാം ക്രിസ്തുവിനൊപ്പമാണോ? ക്രിസ്തുവിനൊപ്പമാകുവാൻ ഈ ജനത്തിനു സാധിച്ചു. രണ്ട് ഭാവങ്ങൾ ഈ സംഭവത്തിൽ ദർശിക്കാൻ കഴിയും. കരുതലിന്റെ ഭാവമായ ക്രിസ്തുവും, ക്രിസ്തുവിനൊപ്പമായ ജനവും ഈ രണ്ട് ഭാവങ്ങൾ ഓരോരുവനിലും സമ്മേളിക്കണം. ക്രിസ്തുവിനെപ്പോലെയാകുക എന്നതാണ് ക്രിസ്ത്യാനിയുടെ ധർമ്മം. കരുതലിന്റെ ഭാവം നമ്മിൽ വിടരുമ്പോഴാണ് ക്രിസ്ത്യാനിയാകുവാൻ സാധിക്കുന്നത്. തല മണലിൽ പൂഴ്ത്തുന്ന ഒട്ടകപക്ഷിയെപ്പോലെ സമൂഹത്തെക്കും അതിലെ ദിനരോദനങ്ങളെയും മറന്ന് ജീവിക്കാൻ ഒരു വിശ്വാസിക്കും കഴിയില്ല.

പൂഴ്ത്തി വയ്പ് സമൂഹത്തോട് കാട്ടുന്ന വഞ്ചനയാണ്. മനസ്സാക്ഷിയെ പണയപ്പെടുത്തി ജീവിക്കുന്നതും വഞ്ചനയാണ്. ശമര്യാക്കാരൻ വഴിയരികിൽ കിടന്നവനെ നെഞ്ചോട് ചേർക്കുമ്പോൾ അവൻ തന്റെ മനഃസാക്ഷിയെ സാമൂഹിക പ്രതിബദ്ധതയ്ക്കായി വിനിയോഗിക്കുകയാണ്. പ്രതിസന്ധികളിലെ പിടച്ചിൽ പ്രാണ വേദനയാണ്. എല്ലാവരുടെയും ഉള്ളിൽ അമ്മ കൈവിട്ട കുഞ്ഞുണ്ട്. (ഫാ: ബോബിജോസ്, കട്ടിക്കാട്) പ്രതിസന്ധികളിൽ അകപ്പെട്ടവർ അമ്മ കൈവിട്ട കുഞ്ഞിന് തുല്യരാണ്. വിശക്കുമ്പോൾ കുഞ്ഞു കരയുന്നത് അമ്മയുടെ കൈകളിൽ എത്രയും വേഗം എത്തുവാനാണ്. വിശപ്പിന്റെ ശമനം മാത്രമല്ല സ്നേഹത്തിന്റെ സ്പർശവും അവിടെ ലഭിക്കുന്നു. നാലായിരത്തോളം വരുന്ന പുരുഷാരം അനുഭവിച്ചറിയുന്നത് അമ്മയുടെ സ്നേഹവും സ്പർശവുമാണ്. സുരക്ഷിതത്വത്തിന്റെ നിറഞ്ഞ നന്മ ജനക്കൂട്ടം അനുഭവിക്കുകയാണ്. ക്രിസ്തുവിനെപ്പോലെയാകുന്ന ഓരോരുവനിലും അമ്മയുടെ ഈ ഭാവമുണ്ട്. കരയുന്ന കുഞ്ഞിനെ മറക്കുവാൻ അമ്മയ്ക്ക് കഴിയുമോ? അതുപോലെ ആകുന്ന സമൂഹത്തെ മറക്കുവാൻ ഒരു ക്രിസ്ത്യാനിക്കും കഴിയില്ല. അതുകൊണ്ട് കരുതുന്നവനിലേക്ക് വളർന്നു കരുതലായി മാറുവാൻ ഓരോ വിശ്വാസിക്കും കഴിയണം.

ഈ ഭാവം നമ്മിൽ നിറയുന്നത് ക്രിസ്തുവിനൊപ്പം പാർക്കുമ്പോഴാണ്. ഏത് രാജ്യത്ത് നമ്മൾ ചെല്ലുന്നുവോ അവിടുത്തെ നിയമങ്ങൾ നമ്മൾ പാലിക്കണം ഈ തത്ത്വം അറിയാവുന്നതു കൊണ്ടാകണം ക്രിസ്തുവിനെ നമുക്കൊപ്പം പാർപ്പിക്കുവാൻ താൽപ്പര്യമാണ്. ക്രിസ്തുവിനൊപ്പം പാർക്കുവാൻ മടിയുമാണ്. നമ്മുടെ ഇച്ഛകൾക്കുള്ളിൽ ക്രിസ്തുവിനെ നിർത്തുവാൻ ശ്രമിക്കുന്ന ലോകത്തിൽ ക്രിസ്തുവിന്റെ ഇച്ഛകൾക്കുള്ളിൽ നിൽക്കുവാൻ ശ്രമിക്കുന്നതാണ് യഥാർത്ഥ ക്രിസ്ത്യാനിത്വം.

എന്നെ തിരിച്ചറിയുവാൻ ആരുമില്ലെന്ന സങ്കടമാണ് പേറ്റു വേദനയേക്കാളും വലുത്. ഈയൊരു വലിഞ്ഞുമുറുക്കൽ സങ്കടമാണ്. ആവശ്യത്തിന് വലിഞ്ഞുമുറുകുമ്പോൾ വീണക്കമ്പികളിൽ നിന്ന് ശുദ്ധ സംഗീതമൊഴുകും. വലിഞ്ഞുമുറുകൽ ആവശ്യത്തിന്റെ പരിധികഴിയുമ്പോൾ പൊട്ടിപോകും. മനോഹരമായ എത്ര സുന്ദര നാദങ്ങൾ സമ്മാനിക്കേണ്ട കമ്പിയാണ് പൊട്ടിപ്പോകുന്നത്. ക്രിസ്തു നമ്മെ മാടിവിളിക്കുന്നു. എനിക്ക് നിന്നെ അറിയാം. നിന്റെ വിശപ്പറിയാം. വേദനയറിയാം. കഴിവറിയാം. കഴിവുകേടുമറിയാം. ക്രിസ്തുവിൽ നിന്ന് ലഭിക്കുന്ന ഈ തിരിച്ചറിവിന് മഴവില്ലിനേക്കാൾ സൗന്ദര്യമുണ്ടെന്നത് നേര്.

### 2. ക്രമമുള്ളിടത്തെ തൃപ്തിയുണ്ടാകു.

അവൻ പുരുഷാരത്തോട് നിലത്ത് ഇരിപ്പാൻ കല്പിച്ചു. ആ ഏഴ് അപ്പവും മീനും എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യൻമാരുടെ പക്കലും ശിഷ്യൻമാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി (വി: മത്തായി: 15:36,37)

സമൃദ്ധിയല്ല തൃപ്തിയുടെ മാനദണ്ഡം. സമൃദ്ധി തൃപ്തിയുടെ അടിസ്ഥാനമാണെന്ന് ധരിക്കുന്നതാണ് ഏറ്റവും വലിയ തെറ്റുദ്ധാരണ ഇന്നത്തെ സമൂഹത്തിൽ മുൻകാലത്തേക്കാൾ സമൃദ്ധി വർദ്ധിച്ചുവെന്നത് നേര്. എന്നാൽ അതൃപ്തരുടെ എണ്ണം ഏറെ വർദ്ധിച്ചുവെന്നത് അതിലും നേര്. പുരുഷാരം മുഴുവൻ ഇവിടെ തൃപ്തരാവുകയാണ്. ഒരു അസംതൃപ്തനെയും ഇവിടെ കാണുവാൻ സാധിക്കുന്നില്ല. അതിന്റെ കാരണം ക്രമത്തിലേക്കുള്ള ജനത്തിന്റെ മാറ്റമാണ്.

എന്താണ് ഇവിടുത്തെ ക്രമം? എല്ലാ ക്രമത്തിന്റേയും

ഉറവിടം ദൈവമാണ്. ദൈവത്തിൽ അഭയം കണ്ടെത്തുവാൻ ജനത്തിനു കഴിയുന്നു. ക്രമമില്ലാത്ത ലോകത്തെ ക്രമത്തിലാക്കിയത് ദൈവമാണ്. ക്രമത്തിന്റെ ശിക്ഷണം ഓരോരുവനും ദൈവ ബന്ധത്തിലൂടെ ലഭ്യമാകുന്നു. സമൃദ്ധികൊണ്ട് കൂടുതൽ സമൃദ്ധിനേടാമെന്നും അധികാരം കൊണ്ട് മഹത്വം വർദ്ധിപ്പിക്കാമെന്ന് കരുതുന്നതും തെറ്റ്. ഏഴപ്പത്തിന്റെയും കുറെ ചെറുമീനിന്റെയും സമൃദ്ധി ജനത്തിന് അവകാശ പ്പെടുവാൻ കഴിയും. എന്നാൽ അവയെ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ അവർക്ക് സാധിക്കുന്നു.

വിശന്നുവലഞ്ഞവരിൽ കാണുന്ന ക്രമരഹിത്യം പുരുഷാരത്തിൽ ഉണ്ടായിരുന്നു. അവരോട് നിലത്തിരുപ്പാൻ കല്പിക്കുക വഴി ജനത്തിന്റെ ഇടയിൽ ക്രമം രൂപപ്പെടുത്തു വാൻ ക്രിസ്തുവിന് സാധിച്ചു. അച്ചടക്കം നഷ്ടപ്പെട്ടു ജനത സമൂഹത്തിൽ അപടകകാരികളാണ്. അവരുടെ പ്രവർത്തന ങ്ങൾ എന്നും അസംതൃപ്തവരുമാണ്. ക്രമം തെറ്റുന്നവ സ്ഥയാണല്ലോ അതിക്രമം. സമാധാനവും തൃപ്തിയുമുള്ള സമൂഹത്തിന്റെ നിലനില്പിന് ജനങ്ങൾക്കിടയിൽ ക്രമം സ്ഥാപിക്കപ്പെടണം.

എല്ലാക്രമവും ആരംഭിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. അതുകൊണ്ടാണ് എല്ലാ കർമ്മങ്ങളും ആരംഭിക്കേണ്ടത് പ്രാർത്ഥയോടെയാകണം എന്ന നിർദ്ദേശിക്കപ്പെടുന്നത്. അപ്പവും മീനും കർത്താവ് വാഴ്ത്തുമ്പോൾ ക്രമത്തെ പ്രാർത്ഥനകൊണ്ട് ബലപ്പെടുത്തുന്നു. കുടുംബവും, സമൂഹവും, വ്യക്തിജീവിതവും ക്രമപ്പെടുത്തേണ്ടതും ബലപ്പെടുത്തേണ്ടതും പ്രാർത്ഥന മൂലമാകണം.

വാഴ്ത്തപ്പെട്ട നന്മ പങ്കുവയ്ക്കപ്പെടുന്നതും ക്രമത്തിലൂടെ യാണ്. ക്രിസ്തു വാഴ്ത്തിയ അപ്പം ശിഷ്യൻമാരിലേക്ക് നൽകുന്നു. ശിഷ്യൻമാർ ജനത്തിനു പകരുന്നു. പാലിക്കപ്പെടേണ്ട അധികാരശ്രേണി ഇവിടെ കാണുവാൻ സാധിക്കും. വിശപ്പിന്റെ ആധിക്യം മൂലം പുരുഷാരം അപ്പം ആർത്തിയോടെ ക്രിസ്തുവിന്റെ കയ്യിൽ നിന്ന് തട്ടിപ്പറിക്കുവാൻ ശ്രമിക്കുന്നില്ല. ക്രിസ്തുവിൽ നിന്ന് ശിഷ്യൻമാരിലേക്കും ശിഷ്യൻമാരിൽ നിന്ന് ജനത്തിലേക്കു മൊഴുകുന്ന അധികാരശ്രേണി നമുക്കിവിടെ കാണുവാൻ കഴിയും.

പ്രസ്തുത ക്രമങ്ങളെല്ലാം പാലിക്കപ്പെട്ട സമൂഹത്തിൽ നിന്നാണ് തൃപ്തിയുടെ ആർപ്പുവിളി ഉയരുന്നത്. 'എല്ലാവരും തിന്നു തൃപ്തരായി' എന്നാണ് സുവിശേഷകൻ സാക്ഷിക്കുന്നത്. സംതൃപ്തിയുള്ള സമൂഹത്തെ കെട്ടിപ്പടുക്കാനാണ് എല്ലാ പ്രത്യയ ശാസ്ത്രങ്ങളും ശ്രമിക്കുന്നത്. പ്രത്യയ ശാസ്ത്രങ്ങൾ പെരുകുമ്പോൾ അസംതൃപ്തിയുടെ വിശപ്പ് കൂടിവരുകയാണ്.

രണ്ടതിരുകൾക്കുള്ളിൽ നിന്ന് ജലം അന്തിമ ലക്ഷ്യസ്ഥാനമായ സമുദ്രത്തിലേക്കൊഴു കുമ്പോൾ അത് നദിയായിമാറും. അതിരുകൾക്കുള്ളിൽ നിന്ന് ജീവിക്കുകയും ലക്ഷ്യസ്ഥാനമായ ക്രിസ്തുവെന്ന തലയോളം വളരുവാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ജീവിതം തൃപ്തമാകുന്നത്. നദിയുടെ ഒഴുക്കിൽ തടസ്സങ്ങൾ വരാം. സുഗമമായി ഒഴുകാനുള്ള മേഖലകളും വരാം. തടസ്സങ്ങൾ വരുമ്പോൾ അതിനെ അതിജീവിക്കാനും സുഗമത വരുമ്പോൾ ആർത്തലച്ച് ഒഴുകാനുമുള്ള ആർജവത്വം നദി കാണിക്കും. അതിരുകൾ ലംഘിക്കാത്ത നദി അപകടം വിതക്കാത്തതാണ്. അതിന്റെ തീരം പ്രതീക്ഷയുടേതും, നന്മയുടേതുമാണ്. ■

# സൺഡേസ്ക്കൂൾ വിജയികൾ



അഖില മലങ്കര സൺഡേസ്ക്കൂൾ സബ് ജൂണിയർ സംഗീതത്തിന് രണ്ടാം സ്ഥാനം നേടിയ അബിയ സണ്ണി. ചുങ്കത്തറ സെ. ജോർജ് വലിയ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി. പാലനിൽക്കുന്നതിൽ സണ്ണി മത്തായിയുടെ മകൾ.



അഖില മലങ്കര സൺഡേസ്ക്കൂൾ സീനിയർ വേദവാകൃത്തിന് ഒന്നാം സ്ഥാനം നേടിയ ആൻ സാബു. ചുങ്കത്തറ സെ. ജോർജ് വലിയ പള്ളി സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി. കണ്ണോത്തുകുടിയിൽ സാബു കുര്യാക്കോസിന്റെ മകൾ.



അഖില മലങ്കര സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ നോർത്ത് സോൺ ജൂണിയർ വിഭാഗം സംഗീത മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ അജിൽനാ ജെയിംസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ഇടമറുക് സെ. ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി. ഇടശ്ശേരിയിൽ ജെയിംസ് മാത്യുവിന്റെ മകൾ.




അഖില മലങ്കര സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ നോർത്ത് സോൺ ജൂണിയർ വിഭാഗം വേദവാകൃ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ക്രിസ്റ്റിൻ വർഗീസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കിഴുമുറി സെ. ജോർജ് സൺഡേസ്ക്കൂൾ വിദ്യാർത്ഥി. പുള്ളിയിൽ ഫാ. വർഗീസ് പി. വർഗീസിന്റെ മകൻ.



അഖില മലങ്കര സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ നോർത്ത് സോൺ ജൂണിയർ വിഭാഗം വേദവാകൃ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ഏബ്രഹാം വി. ഷാജൻ. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ കണ്ടനാട് സെ. മേരീസ് സൺഡേസ്ക്കൂൾ വിദ്യാർ ത്ഥി. വൈശ്യം പറമ്പിൽ ഷാജൻ വി. വർഗീസിന്റെ മകൻ.



അഖില മലങ്കര സൺഡേസ്ക്കൂൾ സഹപാഠ്യ മത്സരത്തിൽ നോർത്ത സോൺ സീനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ എഞ്ചലിൻ ആൻഡ്രൂസ്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ വലമ്പൂർ സെ. മേരീസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി. പ്ലാക്കിയിൽ ഫാ. ബിജു ആൻഡ്രൂസിന്റെ മകൾ.



## ദൈവീകരണം...

*33-ാം പേജിൽ നിന്നു തുടർച്ച...*

രണം ഒരു പടികൂടി കടന്നതാണ്. യോഹന്നാൻ ശ്ലീഹാ പലയിടങ്ങളിലും അതു കുറച്ചുകൂടി വ്യക്തമാക്കിയിട്ടുണ്ട്. ''എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" 15:4 "ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും". 15:5 "നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ." 17:21 ഇതെല്ലാം സൂചിപ്പിക്കുന്നത് ദൈവം അകലെ ഇരിക്കുന്ന ഒരു യഥാർത്ഥ്യമായിട്ടില്ല; മറിച്ച് നിത്യനായ പുത്രൻ, കന്യകമറിയാമിന്റെ ഉദരത്തിൽ ഇറങ്ങി വസിച്ചതുപോലെ ദൈവം നമ്മുടെ ആളത്വത്തിലേക്കു ഇറങ്ങി വരുന്നു എന്ന യാഥാർത്ഥ്യത്തെ വെളിപ്പെടത്തുത്തുന്നു.

**b) ഉണ്മയും പ്രവർത്തിയും (being and doing) തമ്മിലുള്ള അന്തരം ഇല്ലാതാകുന്നു**

ദൈവത്തിന് തന്റെ ആളത്വത്തിൽ, താൻ ഇച്ഛിക്കുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ അന്തരമില്ല. താൻ എന്താഗ്രഹിക്കുന്നുവോ അതു പ്രവർത്തിക്കുന്നു. എന്തു പ്രവർത്തിക്കുന്നുവോ അതുതന്നെ ആഗ്രഹി ക്കുന്നു. ഇച്ഛയിലും പ്രവൃത്തിയിലും നന്മ മാത്രമുള്ള യാഥാർത്ഥ്യമാണ് ദൈവം. എന്നാൽ മനുഷ്യസ്വഭാവം അങ്ങനെയല്ലാ. "ഞാൻ ഇച്ഛിക്കുന്ന നന്മയല്ലാ ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്" എന്ന് പ്രസ്താവിച്ചു കൊണ്ട് പരി. പൗലോസ് ശ്ലീഹാ മനുഷ്യത്വത്തിന്റെ വൈരുദ്ധ്യത്തെ തുറന്നു കാട്ടുന്നു. (റോമാ.7:9) ഈ വൈരുദ്ധ്യം ദൈവത്തിൽ ഇല്ല. ഈ അവസ്ഥയിലേക്കു വളരുവാനുള്ള മനുഷ്യന്റെ സാദ്ധ്യതയാണ് ദൈവീകരണ പ്രക്രിയയിൽ അടങ്ങിയിരിക്കുന്നത്. ആഗ്രഹവും പ്രവർത്തിയും തമ്മിൽ അന്തരമുള്ളിട ത്തോളം മനുഷ്യൻ സ്വതന്ത്രനല്ല. നന്മ മാത്രം ആഗ്രഹിക്കുകയും, അതുതന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയിൽ എത്തു മ്പോഴാണ് മനുഷ്യൻ യഥാർത്ഥത്തിൽ സ്വാതന്ത്ര്യമുള്ളവ നാകുന്നത്. ദൈവീകരണം മനുഷ്യനെ സ്വതന്ത്രനാക്കു കയും ആളത്വത്തിൽ സമഗ്രത (Integrity)വരുത്തുകയും ചെയ്യുന്നു.

**c) നന്മ സ്വാഭാവികമായി പുറപ്പെടുവിക്കപ്പെടുന്നു.**

നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നു. ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. (മത്തായി 7:17) എന്ന് വി. മത്തായി ശ്ലീഹാ ചൂണ്ടിക്കാട്ടുമ്പോൾ പ്രകൃതിയുടെ ഒരു തത്ത്വം വെളിപ്പെടുത്തുന്നു. യാതൊരു വൃക്ഷത്തിനും അതിന്റേതല്ലാത്ത ഫലം പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ മനുഷ്യസ്വഭാവം അങ്ങനെയല്ല. 'There is best among the worst and worst among the best' ഏറ്റം തിന്മയായതിൽ ചില നന്മയും ഏറ്റം നന്മയായതിൽ ചില തിന്മയും ഉണ്ട്. ലോകത്തിന്റെ അംഗീകാരത്തിനും പ്രശസ്തിക്കും വേണ്ടി തിന്മപെട്ട മനുഷ്യർക്കുപോലും അനേകം നന്മ പ്രകടിപ്പിക്കേണ്ടിവരും. ഈ അന്തരത്തിൽ നിന്ന് അത്ര വേഗത്തിൽ കര കയറുവാൻ മനുഷ്യർക്ക് സാദ്ധ്യമായി എന്നു വരികയില്ല. ഇവിടെയും വ്യക്തി ഒരു തരത്തിൽ ആത്മവഞ്ചനയിലാണ് ജീവിയ്ക്കുന്നത്. തനിക്ക് സ്വന്തമായി ഇല്ലാത്ത ഒന്ന് മറ്റുള്ളവർക്കു വേണ്ടി കാണിക്കുന്ന പ്രകടനപരത വളരെ ദൂഷ്യം ചെയ്യുന്നതാണ്. ലോകം മുഴുവനും ഈ പ്രകടനപരത നിറഞ്ഞു നിൽക്കുന്നതിനാൽ ഒരു പക്ഷേ ഇതിൽ അസ്വാഭാവികത തോന്നുകയില്ലായിരിക്കാം. എന്നാൽ ദൈവീകരണത്തിലേക്കു വളരുന്നവർ ഈ അന്തരം കുറച്ചുകൊണ്ടു വരും. പ്രകടന പരമായ നന്മയിൽ നിന്ന് വിടുതൽ പ്രാപിച്ചുകൊണ്ട് അവർ നന്മയിൽ രൂപാന്തരപ്പെടും. നന്മ പുറപ്പെടുവിക്കു ന്നത് ബാഹ്യമായ എന്തെങ്കിലും സമ്മർദ്ദത്തിന്റെ പേരിലോ, ലോകത്തിന്റെ അംഗീകാരത്തിനു വേണ്ടിയോ ആയിരിക്ക യില്ല. നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നതുപോലെ തികച്ചും സ്വഭാവികവും നൈസർഗ്ഗികവുമായി രിക്കും അവരുടെ നല്ലപ്രവർത്തികൾ. ദൈവീകരണത്തിൽ ഇത്തരം ഒരു വളർച്ച സാദ്ധ്യമാണ്.

സ്വാർത്ഥതാല്പര്യങ്ങളും ദുഷ്ട ലക്ഷ്യങ്ങളും മറച്ചു വെച്ചുകൊണ്ട് ഏതു കൊടിയ തിന്മയിലും നന്മയുടെ അംശം ഉയർത്തിപ്പിടിച്ച് മറ്റുള്ളവരെ വഴി തെറ്റിക്കുന്ന അവസ്ഥ ദൈവീകരണത്തിൽ വളരുന്നവർക്ക് ഉണ്ടാവു കയില്ല.

**d) ആരാധനയും, കൂദാശകളും അർത്ഥവത്താകുന്നത് ദൈവീകരണ പ്രക്രിയയിലാണ്**

ലളിതമായി പറഞ്ഞാൽ പ്രാർത്ഥനയും ആരാധനയും വ്യത്യസ്ത ദിശകളിൽ നീങ്ങാൻ സാദ്ധ്യയുണ്ട്. പ്രാർത്ഥന എപ്പോഴും മനുഷ്യന്റെ ആവശ്യങ്ങളിലൂന്നിയാണ്. സൃഷ്ടിയായ മനുഷ്യന് സൃഷ്ടാവിനോട് എന്തും ആവശ്യ പ്പെടാനുള്ള അവകാശത്തെ ഹനിക്കേണ്ട തില്ലെങ്കിലും, ആരാധനയുടെ തലം കുറേക്കൂടി ഉയർന്ന താണ്. യഥാർത്ഥ ആരാധകന്, ആരാധിക്കുന്ന ദൈവത്തിൽ നിന്ന് ഒന്നും ആവശ്യമില്ല. ദൈവത്തെപ്പോലെ ആയാൽ മതി. ഇത് ആദ്ധ്യാത്മികതയുടെ വളരെ ഔന്നത്യത്തിൽ എത്തിച്ചേ രുന്ന ഒരവസ്ഥയാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ, പ്രാർത്ഥനയും, നമസ്ക്കാരവും ഒക്കെ, ആരാധനയിൽ നിന്ന്

Resting In The Arms Of Christ

7th Death Anniversary
on 11-6-2015



Mrs. Elizabeth Geevarghese

Kochalummutil Nellicomathu, Budhanoor

Your Loved Ones,
Thane, Maharashtra

വേറിട്ടു നിൽക്കുന്ന ഒന്നാണ്. പ്രാർത്ഥനയും നമസ്ക്കാരവും ആരാധനയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണ്. വി. കുർബാനയാണ് യഥാർത്ഥ ആരാധന. അവിടെ സാക്ഷാൽ ദൈവം തമ്പുരാൻ അപ്പവീഞ്ഞുകളിൽ ഇറങ്ങി വസിച്ച്, ആരാധിക്കുന്ന വിശ്വാസിയുടെ ആത്മശരീര മനസ്സുകളിലേക്ക്, ഇറങ്ങിവന്ന് മനുഷ്യാത്മത്വത്തെ സമഗ്രമായി നവീകരിക്കുന്നു. കന്യകമറിയാമിന്റെ ഉദരത്തിൽ ദൈവം വന്നു വസിച്ചതുപോലെ വിശ്വാസിക ളുടെ ഉള്ളിലേക്കു ദൈവം അക്ഷരാർത്ഥത്തിൽ ഇറങ്ങിചെല്ലുക യാണ്. അതു കൊണ്ട് വി. യോഹന്നാൻ ശ്ലീഹാ എഴുതിയ വചനങ്ങൾക്ക് ഓർത്തഡോക്സ്സിയുടെ ആദ്ധ്യാത്മികതയിൽ വളരെ സ്ഥാനം കൊടുത്തിരിക്കുന്നു. മനുഷ്യപുത്രന്റെ മാംസം തിന്നാ തെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്." (യോഹ. 6:54) "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു." (6:56) വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം നവീകരണ ക്കാരും പെന്തിക്കോസ്തുകാരും വായിക്കുകയോ ഉദ്ധരിക്കുകയോ ചെയ്യാറില്ല. കാരണം വ്യക്തമാണ്. ദൈവം നമ്മിലും നാം അവനിലും വസിക്കുന്നു എന്നത് വി. കുർബ്ബാനയുടെ അനുഭവത്തിലൂടെ യുള്ള ഒരു യാഥാർത്ഥ്യമാണ്. ആരാധനാ പാരമ്പര്യം നഷ്ടപ്പെടുത്തിയ സമൂഹങ്ങൾക്ക് ഇതിന്റെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാനാവില്ല.

ഇതിനോടു സമാനമായ അനുഭവങ്ങളാണ് എല്ലാ കൂദാശകളിലുമുള്ളത്. ദൈവസാന്നിദ്ധ്യത്തിൽ പങ്കുചേർന്നു നിൽക്കുന്നു എന്നതാണ് എല്ലാ കൂദാശകളു ടെയുംആന്തരീക അർത്ഥം. തീയിൽ ഉരുക്ക പ്പെടുന്ന സ്വർണ്ണം കൂടുതൽ ശോഭയോടെ സ്ഫുടം ചെയ്തെടുക്ക പ്പെടുന്ന പ്രക്രിയ യാണ് എല്ലാ കൂദാശകളിലും നടക്കേണ്ടത്. അതായത് പാപികളായ മനുഷ്യർ വിശുദ്ധിയിലേക്കു രൂപാന്തരപ്പെട്ടു കൊണ്ടേയിരി ക്കണം. മക്കൾക്കു ജോലികിട്ടാനും, സമ്പത്തു വർദ്ധിപ്പിക്കാനുമുള്ള ഉദ്ദേശലക്ഷ്യങ്ങളോടെ നേർച്ച കുർബ്ബാനകൾ കർമ്മ ഫീസു നൽകി നടത്തിയാൽ ഈ വിശുദ്ധിയിലേക്കുള്ള രൂപാന്തരം നടക്കുമെന്നു തോന്നുന്നില്ല. ചുരുക്കത്തിൽ, വി. കുർബാനയാകുന്ന ആരാധനയും മറ്റു കൂദാശകളും യഥാർത്ഥത്തിൽ സംഗതമാകുന്നത് ദൈവീകരണമെന്ന ആത്യന്തികലക്ഷ്യം നിലനിർത്തുമ്പോഴാണ്.

### e) ദൈവീകരണ പ്രക്രിയയിലാണ് ക്രിസ്തുവിന്റെ ശരീരമായ സഭയുടെ സ്ഥാനം നിർണ്ണായകമാകുന്നത്

നവീകരണ ദൈവശാസ്ത്രത്തിന്റെയും സാമൂഹ്യ ശാസ്ത്രം പോലെയുള്ള സെക്കുലർ വിഷയങ്ങളുടെയും സ്വാധീന ത്തിൽ സഭയെന്നുള്ളത് ഒരു സാമൂഹ്യസംഘടനയുടെ തലത്തിലേക്കു തരം താഴ്ത്തപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട്, ലോകത്തിൽ നന്മചെയ്യുന്ന മറ്റനേകം സംഘടനകളുടെ കൂട്ടത്തിൽ ഒരു സംഘടനയായി പലരും അതിനെ ചിത്രീകരിക്കുന്നുണ്ട്. ചരിത്രപരമായി നിലനിൽക്കുന്നതുകൊണ്ടും വിശ്വാസികളുടെമേൽ കുറെയൊക്കെ സ്വാധീനം ചെലുത്തണമെന്നുള്ളതുകൊണ്ടും സാമൂഹ്യ പരിവർത്തനത്തിനുള്ള ഉപാധിയായി സഭയെ ഉപയോഗിക്കാ മെന്ന് ചിന്തിക്കുന്നവരും ഇല്ലാതില്ല. സഭയുടെ പ്രവർത്തന പരിധിയിൽ ഇതെല്ലാം വരുമെങ്കിലും സഭ ഇതിനെല്ലാം അതീതമാണ്. ക്രിസ്തുവിന്റെ ശരീരമാണ് സഭ. ഒരു വിശ്വാസി ദൈവീകരണത്തിലേക്കു വളരുന്നത് ആരുടെയും സ്വയപരിശ്രമം കൊണ്ടു സാധിക്കുന്ന ഒന്നല്ല. ആരും സ്വയമായി ജനിക്കുന്നുമില്ല. വളരുന്നുമില്ല. ജീവശാസ്ത്ര പരമായ ഈ തത്ത്വം ആത്മീയ തലത്തിലും അർത്ഥമുള്ള താണ്. ആത്മീയതലത്തിലും വീണ്ടും ജനിക്കുകയും വളരുകയും ചെയ്യണം. വ്യക്തിത്വവളർച്ചയിൽ കുടുംബം നിർണ്ണായകമാണെങ്കിൽ. ആത്മീയ തലത്തിൽ സഭയാണ് ഈ പ്രക്രിയയെ സഹായിക്കുന്നത്. പൗരസ്ത്യപിതാക്കന്മാർ കന്യകമറിയാമും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തോട് സമാനമായി വിശ്വാസിയും സഭയും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കാറുണ്ട്. ദൈവത്തെ പ്രസവിച്ചതു കന്യകമറിയമാണെങ്കിലും കന്യകമറിയാമിന്റെയും രക്ഷ താൻ പ്രസവിച്ച ക്രിസ്തുവിൽ കൂടെയാണ്. അതുപോലെ വിശ്വാസി സഭയെ ഒരേസമയം പരിപോഷിപ്പിക്കുകയും സഭയിൽ കൂടി രക്ഷയിലേക്കു വളരുകയും ചെയ്യുന്നു. ദൈവീകരണം ആത്മീയ വളർച്ചയുടെ ആത്യന്തിക ലക്ഷ്യമാണ്. അത് സ്വയപരിശ്രമത്തിൽ കൂടി ആരും നേടുന്നില്ല. ക്രിസ്തു താൻ ശരീരമായി, മണവാട്ടിയായി തെരഞ്ഞെടുത്ത സഭയിൽ കൂടിവീണ്ടും ജനിക്കുകയും വളരുകയും ചെയ്യുന്ന ഒരവസ്ഥയാണ്.

### f) പ്രത്യേക പൗരോഹിത്യം അർത്ഥവത്താക്കുന്നു

ദൈവീകരണപ്രക്രിയയിൽ പൗരോഹിത്യം സാംഗത്യമുള്ളതായിത്തീരുന്നു. പൗരോഹിത്യവർഗ്ഗത്തിന് എക്കാലത്തുമുണ്ടായ ദുഷിപ്പുമൂലം പൗരോഹിത്യത്തെ ഇല്ലായ്മ ചെയ്യാനല്ല ക്രിസ്തു ശ്രമിച്ചത്. എല്ലാവരുടെയും ദാസനായി കുരിശിലെ മരണത്തോളം ത്യാഗം സഹിച്ച് സാക്ഷാൽ ബലിയായി ജീവിതങ്ങളെ സമർപ്പിക്കാനുംവിശ്വാസികളുടെ സമൂഹത്തെ അതിലേക്കു നയിക്കാനുമാണ് പ്രത്യേക പൗരോഹിത്യം ലക്ഷ്യം വെയ്ക്കുന്നത്. ജീവിതം ബലിയായി സമർപ്പിക്കാൻ മാമോദീസാ ഏറ്റ എല്ലാവർക്കുമുള്ള പൗരോഹിത്യത്തിനകത്താണ് പ്രത്യേക പൗരോഹിത്യത്തിന്റെ സ്ഥാനം. നേരത്തെ സൂചിപ്പിച്ച ആരാധന, കൂദാശ ഇവ അർപ്പിക്കപ്പെടുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയിൽ പ്രത്യേക പൗരോഹിത്യത്തിന് സ്ഥാനമുണ്ട്. എല്ലാവരും ക്രിസ്തുവിന്റെ ഭാവം പ്രകടിപ്പിക്കുവാൻ കടപ്പെട്ടവരാണെങ്കിലും, സാധാരണ വിശ്വാസികൾക്ക് മാതൃകയും ആവശ്യമുണ്ട്. ദൈവീകരണ ത്തിന് ആവശ്യമായ കൗദാശികചുമതലകൾ നിർവഹിച്ചു കൊണ്ട്, ദൈവ സ്വഭാവത്തിന്റെ ചെറിയ പതിപ്പുകളായെങ്കിലും വിശ്വാസികളുടെ സമൂഹത്തിനു മുൻപിൽ പ്രത്യക്ഷപ്പെടു വാനുള്ള വലിയ ചുമതല പൗരോഹിത്യ സ്ഥാനികൾക്കുണ്ട്. ദൈവീകരണം ആത്യന്തിക ലക്ഷ്യമാകുമ്പോൾ അവിടെ പൗരോഹിത്യധർമ്മത്തെ അവഗണിക്കാനാവില്ല.

(അവസാനിക്കുന്നില്ല...)



**VIPASSANA**

**Emotional Support Centre**

(A joint programme of Ministry of Human Empowerment and MGOCSM) Orthodox Student Centre CMS College Junction, Kottayam-686001

Email: vipasana.mohe@gmail.com,

Help Line: 07025067695



35-ാം പേജിൽ നിന്നും...

ഉത്തേജിപ്പിച്ചേ മതിയാകൂ. അവരെ സ്വാധീനിക്കേണ്ടി വരും. ഒരു ഡോക്ടർ എപ്പോഴും 'ബാലൻസ്ഡ്' ആയിരിക്കണം. അല്ലെങ്കിൽ രോഗി മരിച്ചാൽ ഡോക്ടർ തകർന്നു പോകും. ചെയ്യാൻ പറ്റുന്നത് മാത്രം ചെയ്തു കൊടുക്കുന്നു, എന്ന ചിന്ത എപ്പോഴുമുണ്ടാവണം.

**RCC യിലെ പ്രശ്നങ്ങൾ, ആരോപണങ്ങൾ, ജീവിതത്തിലെ പ്രതിസന്ധികൾ**

എന്റെ ബലം എന്റെ സുഹൃത്തുക്കളാണ്. കുടുംബത്തിന്റെ പിന്തുണ വളരെയാണ്. ഇതിനെക്കാൾ ഉപരകയാണ് രോഗികൾ തരുന്ന പിന്തുണ. രോഗികൾക്ക് എന്നോടുള്ള അടുപ്പം ശരിയായി അറിയുന്നത് RCC യിലെ പ്രശ്നങ്ങളുടെ സമയത്ത് അവരുടെ അകമഴിഞ്ഞ പിന്തുണ ലഭിച്ചപ്പോഴാണ്. അറിയാത്ത ആളുകൾ വരെ പ്രയാസങ്ങളിൽ എന്റെ കൂടെ നിന്നു.

**ക്യാൻസർ പ്രതിരോധത്തിന് വ്യക്തിപരമായി എന്തൊക്കെ ചെയ്യാറുണ്ട്.**

ദുഃശ്ശീലങ്ങൾ ഒന്നും ഇല്ല. ഭക്ഷണം നിയന്ത്രിക്കാറുണ്ട്. കുടുംബ സമാധാനം ആവോളം ദൈവം തന്നിട്ടുണ്ട്. ജീവിതം എന്ത് എന്ന് നന്നായി മനസ്സിലാക്കുന്നതിനാൽ ഒരുപാട് വെട്ടിപിടിക്കണം എന്ന് തോന്നലില്ല. കഴിയുന്നതും സസ്യാഹാരമാണ് ഉപയോഗിക്കുന്നത്.

**പുസ്തകത്തിന്റെ തലക്കെട്ട് 'ജീവിതം എന്ന അത്ഭുതം' എന്നാണല്ലോ...**

എന്റെ മുമ്പിൽ നടക്കുന്ന കാര്യങ്ങൾ എല്ലാം അത്ഭുതമാണ്. മകൻ മരിച്ചുകൊണ്ടിരിക്കുമ്പോഴും മരുമകൾ മകനെ കാണരുത് എന്ന് വാശിപിടിക്കുന്ന അമ്മയേയും, പ്രതിശ്രുധ വധു മരണക്കിടക്കയിലായിരിക്കുമ്പോഴും ശുശ്രൂഷിക്കുന്ന പ്രതിശ്രുധ വരനേയും, അനേക വർഷങ്ങൾ ഭാര്യാഭർത്താക്കന്മാരായി ജീവിച്ച്, ഭാര്യയ്ക്ക് ക്യാൻസറാണെന്നറിയുമ്പോൾ അവളെ വിട്ടു പോകുന്ന ഭർത്താവിനെയും കാണുന്ന എനിക്ക് ജീവിതം അത്ഭുതമല്ലെന്ന് എങ്ങനെ പറയാൻ കഴിയും.

**ക്യാൻസർ പ്രതിരോധത്തെ സംബന്ധിച്ച് വായനക്കാരോട്...**

കേരളത്തിൽ 50%-60% ക്യാൻസറുകളും നേരത്തേ കണ്ടു പിടിക്കുകയോ പ്രതിരോധിക്കുകയോ ചെയ്യാവുന്നതാണ്. പുകയില -പുകയില ഉൽപ്പന്നങ്ങൾ, മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവ പൂർണ്ണമായി ഒഴിവാക്കുക. ഭക്ഷണം നിയന്ത്രിക്കുക.

**Prevention is better than Cure.** ■



പെണ്ണ്



# ജക്കാർത്തയിലെ അസംബ്ലി


■ ഡോ. സാറാമ്മ വർഗീസ്

ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് എഷ്യയുടെ 14-ാമത് ജനറൽ അസംബ്ലി ഇന്തോനീഷ്യയിലെ ജക്കാർത്തയിൽ 2015 മെയ് 20-27 വരെ നടന്നു. പ്രധാന ചിന്താവിഷയം (Living Together in the Household of God) "ദൈവഭവനത്തിൽ ഒരുമിച്ചു പാർക്കുക" എന്നതായിരുന്നു. ബതാക് ക്രിസ്ത്യൻ പ്രൊട്ടസ്റ്റന്റ് ചർച്ചും ഇന്തോനീഷ്യയിലെ കമ്മ്യൂണിയൻ ഓഫ് ചർച്ചസും കൂടിച്ചേർന്നാണ് ഈ അസംബ്ലിയുടെ നടത്തിപ്പ്.

ഏഷ്യയിലെ വിവിധ രാജ്യങ്ങളിലെ ജീവിതയാഥാർത്ഥ്യങ്ങളും വിവിധ സഭകളുടെയും എക്യുമെനിക്കൽ കൂട്ടായ്മകളുടെയും പങ്കും ചിന്തിച്ചിട്ടാണ് ഈ ചിന്താ വിഷയം തിരഞ്ഞെടുത്തത്. ഏഷ്യൻ സമൂഹത്തിൽ വിവിധ തരത്തിലുള്ള അതിക്രമങ്ങൾ (violence) വർദ്ധിക്കുന്നു. മതപരമായും, സാമുദായികമായും, വർഗ്ഗപരമായും. സമാധാനവും മനുഷ്യജീവിതത്തിന്റെ സുരക്ഷിതത്വവും അപകടത്തിലാകുന്നു. തുടരെയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ സൃഷ്ടിക്കുന്നു. സാമ്പത്തിക വളർച്ചയും മന്ദഗതിയിലാകുന്നു. ഇത്തരം ഭയാനകവും ദുരന്തപൂർണ്ണവുമായ യാഥർത്ഥ്യങ്ങൾക്കു നടുവിലും ഏഷ്യൻ രാജ്യങ്ങളിലെ ജനങ്ങളും സഭകളും "ജീവന്റെ വിശുദ്ധി"യെപ്പറ്റി വീണ്ടും ചിന്തിക്കാനും ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് എല്ലാ സൃഷ്ടികളുടെയും ജീവനെ പരിരക്ഷിക്കാനും പരിപാലിക്കാനുമാണ് പ്രധാനചിന്ത പ്രേരിപ്പിക്കുന്നത്.

ദൈവം സൃഷ്ടിച്ച ഈ ഭൂമി എല്ലാ ജീവന്റെയും വസതിയാണ്. അതായത് വിവിധ തരക്കാരായ ആളുകളുടെയും മറ്റു ജീവജാലങ്ങളുടെയും എല്ലാ ജീവന്റെയും നിലനില്പിനായി പരസ്പരം ആശ്രയിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സമാധാനത്തോടും സഹവർത്തിത്വത്തോടും കൂടി നിലനില്ക്കേണ്ടത് എല്ലാ ജീവന്റെയും നന്മയ്ക്ക് ആവശ്യമാണ്. മനുഷ്യർ അതിനാൽ ജീവന്റെ പരിപാലകരാകേണ്ടതുണ്ട്. സഭകളും ഈ ഉത്തരവാദിത്വത്തെപ്പറ്റി കൂടുതൽ അവഗാഹമുള്ളവരും ചുമതലാബോധമുള്ളവരുമാകേണ്ടതുണ്ട്.

ഏഷ്യൻ സഭകളുടെ കൂടി വരവ് ആഘോഷിച്ച ഒരവസരവുമായിരുന്നു ഈ അസംബ്ലി. C.C.A. യുടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തന



ങ്ങൾ വിലയിരുത്താനും അടുത്ത അഞ്ചു വർഷത്തെ പ്രവർത്തനങ്ങളെ പ്പറ്റി ചിന്തിക്കാനും തീരുമാനിക്കാനും ഈ അസംബ്ലി അവസരമൊരുക്കി.

14-ാമത് ജനറൽ അസംബ്ലി തുട ങ്ങുന്നതിനു മുമ്പ് തന്നെ ഒരു Extra-Ordinary General Assembly 2015, May 21-ന് നടന്നു. ഭരണഘടനാപര മായ മാറ്റങ്ങൾ വരുത്താൻ വേണ്ടി ചേർന്ന ഈ സമ്മേളനത്തിൽ C.C.A. യുടെ അംഗങ്ങളായ സഭകളുടെയും കൗൺസിലുകളുടെയും വോട്ടുചെ യ്യാൻ അർഹതയുള്ള ഡെലിഗേറ്റു കൾക്കു മാത്രമേ പങ്കെടുക്കാൻ അനു വാദമുണ്ടായിരുന്നുള്ളു. മലങ്കര ഓർത്ത ഡോക്സ് സുറിയാനി സഭയിൽ നിന്നും വോട്ടവകാശമുള്ള ഡലിഗേറ്റു കൾ മൂന്നുപേരായിരുന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരു മേനി, മട്ടയ്ക്കൽ ആശു അലക്സാ ണ്ടർ ശെമ്മാശ്ശൻ, ഓസ്ട്രേലിയയിൽ നിന്നും നീതു സൂസൻ ഏബ്രഹാം (വ നിതാവിഭാഗം) എന്നിവരായിരുന്നു സഭ യുടെ ഔദ്യോഗിക ഡലിഗേറ്റുകൾ.

ഫാ. അശ്വിൻ ഫർണാണ്ടസ്, ഡോ. സാറാമ്മ വർഗീസ് എന്നിവർ സഭയിൽ നിന്നും നിരീക്ഷകരായി പങ്കെടുത്തു. അസംബ്ലിയോടനുബന്ധിച്ച് നടന്ന Asian Ecumenical Course -ൽ സംബ ന്ധിച്ച എബിൻ പി. ജേക്കബ് ശെമ്മാ ശ്ശൻ, C.C.A. യുടെ നിരീക്ഷകനായി പങ്കെടുത്തു. ബോംബെയിൽ നിന്നും ജോൺ മാത്യു ശെമ്മാശ്ശൻ ആരാധന നടത്താനുള്ള ടീമിൽ അംഗമായിരുന്നു. C.C.A. യുടെ ഭരണകാര്യാലയത്തിലെ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന സൂസൻ ജേക്കബും, ഭർത്താവ് ജേക്ക ബും, ബോംബെയിൽ നിന്നുള്ള ബെൻസണും അസംബ്ലിയിൽ പങ്കെ ടുത്ത മലങ്കര ഓർത്തഡോക്സ് സഭാം ഗങ്ങളാണ്. കേരളത്തിൽ നിന്നും മാർ ത്തോമ്മാ, സി.എസ്.ഐ, യാക്കോ ബായ വിഭാഗങ്ങളിൽ നിന്നും ഡലിഗേ റ്റുകളും നിരീക്ഷകരുമുണ്ടായിരുന്നു. ഇന്ത്യയിലെ മറ്റു സഭാവിഭാഗങ്ങളിൽ നിന്നും ധാരാളം പേർ പങ്കെടുത്തു. ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ചൈനാ, തായ്‌ലാണ്ട്, ഫിലീപ്പീൻസ്, ഓസ്ട്രിയ, അർമ്മീനിയ, നേപ്പാൾ, ഭൂട്ടാൺ, ശ്രീലങ്ക, മ്യാൻമാർ തുടങ്ങിയ ദേശങ്ങ ളിൽ നിന്നും ഇന്തോനീഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും അസം ബ്ലിയിൽ ആളുകൾ സംബന്ധിച്ചു. സ്ത്രീകൾക്കുവേണ്ടിയുള്ള പ്രീ-അ സംബ്ലി ബന്തുംഗിലാണ് നടന്നത്. മെയ് 18, 19, 20 തീയതികളിൽ ഏഷ്യ യിലെ സ്ത്രീകളുടെ പ്രശ്നങ്ങളെപ്പറ്റി വിശദമായ പഠനങ്ങളും ചർച്ചകളും ഉണ്ടായിരുന്നു. 9-ന് ബൈബിൾ ക്ലാസ് നടത്തിയത് ഡോ. സാറാമ്മ വർഗീസ് ആണ്. യുവതീയുവാക്കൾക്കുവേ ണ്ടിയും പ്രീ-അസംബ്ലി ഉണ്ടായിരുന്നു. എല്ലാ ദിവസവും ആരാധനയും വേദ പഠന ക്ലാസ്സുകളുമുണ്ടായിരുന്നു. സമ കാലീന വിഷയങ്ങളെപ്പറ്റി വേദ ശാസ്ത്ര പണ്ഡിതരുടെയും സാധാര ണക്കാരുടെയും ചർച്ചകളും നടന്നു. ഇന്തോനീഷ്യൻ സമൂഹത്തിന്റെ പാട്ടും ഡാൻസും സമ്മേളനത്തിന് ചാരുത ചാർത്തി. അരികൊണ്ടുള്ള വിവിധ യിനം ഭക്ഷണ പദാർത്ഥങ്ങളും കടൽതീരത്തായതിനാൽ ധാരാളം മത്സ്യവിഭവങ്ങളും വിവിധതരം മാംസ വിഭവങ്ങളും പഴങ്ങളും പച്ചക്കറികളും കൊണ്ട് വൈവിധ്യം നിറഞ്ഞതായി രുന്നു ഭക്ഷണക്രമം. മെയ് 24 പെന്തി ക്കോസ്തി ദിനത്തിൽ നാലും അഞ്ചും പേരെ വീതം ഇന്തൊനീഷ്യയിലെ വിവിധ പള്ളികളിൽ കൂട്ടിക്കൊണ്ടു പോയി. അവരുടെ ആരാധനയിൽ പങ്കെടുക്കുവാനും ആരാധനയ്ക്കു വന്ന ജനത്തോട് സുവിശേഷം പ്രസം ഗിക്കുവാനും അതിനുശേഷം അവരോ ടൊത്തു ഭക്ഷണം കഴിക്കുവാനും അവസരം ഒരുക്കിയിട്ടുണ്ടായിരുന്നു. അന്നു വൈകുന്നേരം ഇന്തൊനീ ഷ്യൻ കമ്മ്യൂണിയൻ ഓഫ് ചർച്ച സിന്റെ 65-ാം വാർഷികാഘോഷങ്ങ ളിലും അസംബ്ലിക്കുവന്നവരെ പങ്കെ ടുപ്പിച്ചു. മുസ്ലീം ജനങ്ങൾ ഏറ്റവും കൂടുതൽ പാർക്കുന്ന ഇന്തൊനീഷ്യ യിൽ ഏഷ്യയിലെ വിവിധ രാജ്യങ്ങ ളിൽ നിന്നുള്ള ക്രിസ്തീയ സഭാംഗ ങ്ങൾ സന്തോഷത്തോടും സഹകരണ ത്തോടും ഒന്നിച്ചു വരികയും പരസ്പരം ജീവിതാനുഭവങ്ങൾ കൈമാറുകയും ഏഷ്യൻ രാജ്യങ്ങളിലെ ജനങ്ങൾക്ക് എങ്ങനെ പരസ്പര സഹകരണവും സമാധാനവും വർദ്ധിപ്പിക്കാൻ കഴി യുമെന്ന് ചർച്ച ചെയ്യുകയും ചെയ്ത ഒരു വേദിയായിരുന്നു ഈ അസംബ്ലി. പുതിയ ജനറൽ സെക്രട്ടറിയായി ചുമ തലയേറ്റത് മലയാളിയായ ഡോ. മാത്യൂസ് ജോർജ് ചുനക്കരയാണ്. മാർത്തോമ്മാ സഭാംഗമായ അദ്ദേഹം WCC യുടെ ഇന്റർ നാഷണൽ റിലേ ഷൻ ഡിപ്പാർട്ടുമെന്റിലും C.C.A യിലും വർഷങ്ങളോളം പ്രവർത്തിച്ചു പരിചയ സമ്പന്നനാണ്. ഇന്ത്യയിൽ നിന്ന് പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ടത് N.C.C.I പ്രസിഡന്റ് ബിഷപ്പ് താരാനാഥ് സാഗറാണ്. വിവിധ ഏഷ്യൻ രാജ്യങ്ങ ളിലെ അംഗങ്ങൾ ചേർന്നുള്ള കമ്മിറ്റി യുടെ പ്രവർത്തനങ്ങൾ ഏഷ്യൻ രാജ്യ ങ്ങളുടെ സമാധാനത്തിനും വളർച്ച യ്ക്കും ഉതകട്ടെ. ജീവന്റെ നില നിൽപ്പിനും പരിപാലനത്തിനും പ്രയോ ജനകരമായിത്തീരട്ടെ. സഭകളുടെ കൂടി വരവിനും. ■



7-ാം ചരമവാർഷികം

(07.06.2015)



തളിയച്ചിറ എടത്താമരയിൽ

**ടി.എം. അബ്രഹാം**

84, ഗിരിനഗർ, കൊച്ചി-20

സന്തപ്ത കുടുംബാംഗങ്ങൾ

## BRIDE WANTED

Orthodox parents from Kottayam invite proposals for their son 29 years, 165 cm, Graduate, working at Sharjah, Etisalat, UAE as Tech. Support. God fearing and professionally qualified girls of Orthodox or Jacobite family employed at UAE or Kerala preferred. Contact No.

**9495850874,**
**8089195737**

## BRIDE WANTED

SSLC വരെ മാത്രം പഠിച്ച കഴിവു കുറവുള്ള ഓർത്തഡോക്സ് യുവാവ്, 25, 165 cms, ഇരുനിറം, ഇടത്തരം കുടുംബം. കുവൈറ്റിൽ മെക്കാനിക്കൽ ഹെൽപ്പർ. ദൈവഭയമുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു.

Contact No.

**9567654403**

## BRIDE GROOM WANTED

Orthodox Parents invites proposal for their daughter 23 yrs/165 cms, medium complexion, M.B.B.S., doing House Surgency in Govt. Medical College. Seeks suitable alliance from parents of God-fearing boys M.B.B.S./doing P.G.

Contact No.


**9633934252, 9633245421**

## BRIDE GROOM WANTED


CHENNAI SETTLED ORTHODOX PARENTS INVITE PROPOSALS FROM PROFESSIONALLY QUALIFIED BOYS FOR THEIR YOUNGEST DAUGHTER , M.S. (I.T.), 24 YRS/5' 4", EMPLOYED IN MNC CHENNAI.

**PHONE NO : 044 - 22423579 , 9444075536.**
**M4MARRY ID - 4128726.**
**MARRY2LOVE ID - M555886.**

## Favours Received




Hanna, Nohin




Fr. K. P. Varghese
Naranganam



ഒരു വിശ്വാസി

## BRIDE GROOM WANTED

ഓർത്തഡോക്സ് യുവതി, 26 വയസ്സ്, 154 c.m, ഇടത്തരം കുടുംബം, അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിച്ചുകൊള്ളുന്നു.

Contact No:

**9495393963, 0481-2455600**
**M4marry:- 4155788**

## BRIDE GROOM WANTED

Orthodox Parents invite proposals for their daughter, M.B.B.S. (doing internship), 24 yrs, 154 cms, wheatish, from parents of Orthodox boys, MBBS/PG below 30 years.

Contact No:

**0469-2677313 (9am to 10 pm)**
**E-mail ID-johnuae07@rediffmail.com**

## BRIDE GROOM WANTED

Orthodox Parents invite Proposals for their daughter fair 30/157 B.Tech working as S.W. Engineer in an M.N.C. in U.S.A., Preference to boys professionally qualified employed in U.S.A. or Bangalore.

Contact No.

**9048784901, 0469-2694479**
**M4. ID - 2322682**

## BRIDE GROOM WANTED

Orthodox Parents (Gulf Retired) invite proposals for their daughter 25 years, MSc, MBA, fair and smart. Seeks from parents of suitable and God fearing Bridegrooms, preferably Orthodox (Altar Serving persons)

Contact No.

**9446931978**

## BRIDE GROOM WANTED

Orthodox Parents invite marriage proposals for their daughter 25/160cms, B.E (IT) software engineer working at Hyderabad from parents of suitable bridegrooms, preferably Orthodox and working outside Kerala. (Only India)


Contact No.

**09993846754, 09893969029**
**09993867929**




## ശുശ്രൂഷാ സംവിധാന സഹായി


യൂഹാനോൻ മാർ സേവേറിയോസ്




മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ സമ്പത്തിന്റെ ലളിതമായ വേദശാസ്ത്ര വിശകലനവും നടപടി ചട്ടങ്ങളും അവതരിപ്പിക്കുന്നു. ശുശ്രൂഷാ സംവിധാനത്തിന്റെ ആഴവും അർത്ഥവും വെളിപ്പെടുത്തുന്ന കൃതി. അവതാരിക : ഡോ. മാത്യൂസ് മാർ സേവേറിയോസ്, എം.ഒ.സി. ദേവലോകം, പേജ്. 214, വില 150.

## മാർ തോമ്മായുടെ കഥ

ഇസഡ് എം. പാറേട്ട്




പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യയിലെ പ്രേഷിതത്വം വിവരിക്കുന്ന കൃതി. സുവിശേഷങ്ങൾ മുതലുള്ള ചരിത്ര ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ ജീവചരിത്രം പ്രതിപാദിക്കുന്നു. വാങ്മുഖം: തോമസ് മാർ അത്താനാസിയോസ്, എം.ഒ.സി., ദേവലോകം, കോട്ടയം, പേജ് 203, വില. 150.

## മലങ്കരയും അന്ത്യോഖ്യയും


ഇസഡ് എം. പാറേട്ട്




1970 കളിൽ ആരംഭിച്ച് ഇന്നും അവസാനിക്കാത്ത മലങ്കര അന്ത്യോഖ്യാ യുദ്ധത്തിന്റെ പ്രാരംഭത്തെയും അതിന്റെ ചരിത്ര പശ്ചാത്തലത്തെയും പറ്റിയുള്ള ആധികാരികമായി ലഘു പഠനം. വാങ്മുഖം: തോമസ് മാർ അത്താനാസിയോസ്, എം.ഒ.സി. പബ്ലിക്കേഷൻ, കോട്ടയം, പേജ് -72, വില-60.

## സഞ്ചരിക്കുന്ന ചൂണ്ടുപലക

തയ്യാറാക്കിയത്:
ഡോ. യാക്കോബ് മാർ ഐറേനിയോസ്




കൊച്ചി ഭദ്രാസനാധിപനായിരുന്ന യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എഴുതിയ 101 ലേഖനങ്ങൾ പുസ്തക രൂപത്തിൽ. തയ്യാറാക്കിയത് ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ. പേജ് 678, വില:500.

# വായന




## സഞ്ചരിക്കുന്ന ചൂണ്ടു പലക

### യൂഹാനോൻ മാർ സേവേറിയോസ്

മലങ്കരസഭാ ജീവിതസംബന്ധിയായ വിഷയങ്ങളെപ്പറ്റി ആധികാരികമായി എഴുതിയിട്ടുള്ളവരിൽ അഗ്രഗണ്യനാണ് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ. സഭയേയും സഭാജീവിതത്തേയും സംബന്ധിക്കുന്ന വിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ അവഗാഹം ലേഖനങ്ങളാക്കി വിവിധ കാലങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നത് നല്ല ഒരു പഠനത്തോടെ പുസ്തക രൂപത്തിൽ ഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്നു. ശാന്തനും, ചിന്താശീലനുമായിരുന്ന മലങ്കരയുടെ ഈ വലിയ മൽപ്പാൻ, കൃത്യമായി കാര്യങ്ങളെ ഗ്രഹിക്കുകയും വിശദാംശങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുകയും, പറയേണ്ടത് പറഞ്ഞും, കൊള്ളേണ്ടത് കൊള്ളിച്ചും, ധാർമ്മികരോഷം പ്രകടിപ്പിച്ചും എന്നാൽ എഴുതുന്ന വിഷയത്തോട് അങ്ങേയറ്റം ആത്മാർത്ഥതയും നീതിയും പുലർത്തിയുമാണ് തന്റെ രചനകൾ നിർവ്വഹിച്ചിട്ടുള്ളത്.

ലോകത്തിന്റെ പോക്ക് സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തെ വികലമാക്കുന്നു എന്ന ബോധ്യത്തിൽ കാർക്കശ്യക്കാരനായ അദ്ധ്യാപകനായി ശാസനയുടെ രൂപത്തിൽ എഴുതുവാനും, തന്റെ ഗുരുക്കന്മാരായ പ. ഔഗേൻ ബാവാ, പ. പാമ്പാടി തിരുമേനി എന്നിവരുടെ ജീവിത വിശുദ്ധിയാകുന്ന മധുരപരിമളത്തെ തന്റെ ആട്ടിൻ പറ്റങ്ങളിലേക്ക് ഒഴുക്കി വിടുവാനുമുള്ള തൃഷ്ണ ലേഖനങ്ങളിൽ തെളിഞ്ഞ് കാണാം. മലങ്കരസഭയുടെ ആരാധനാനുഷ്ഠാനങ്ങളിൽ അദ്ദേഹത്തിന്റെ ശ്രദ്ധയും താത്പര്യവും പാണ്ഡിത്യവും അതോടൊപ്പം പ്രായോഗികതയ്ക്ക് സ്ഥാനം കൊടുക്കുകയും ചെയ്യുന്നതുകൊണ്ടും ആരാധനാ-കൂദാശാ വിഷയങ്ങളിൽ അദ്ദേഹം ഇന്നും അവസാന വാക്കായി നിലകൊള്ളുന്നു. പള്ളി സഭയ്ക്ക് വേണ്ടിയാണ് അല്ലാതെ സഭ പള്ളിയ്ക്ക് വേണ്ടിയല്ല. സഭയുടെ കൽപ്പനകൾ നിർവ്വഹിക്കപ്പെടേണ്ടതിനാണ് പള്ളി എന്ന് ധൈര്യപൂർവ്വം പറയാൻ അഭി. യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയ്ക്കല്ലാതെ മറ്റാർക്ക് കഴിയും? ആരാധനയും ആരാധനാലയങ്ങളും വൃത്തിയും വെടിപ്പും ആയിരിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നുണ്ട്. സഭയിൽ പാരമ്പര്യങ്ങൾ-പരിശുദ്ധ പാരമ്പര്യങ്ങളാണ് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. വൈദികർ സ്വായത്തമാക്കേണ്ട ജീവിത രീതിയേയും നന്മകളെയും സംബന്ധിച്ച് വിശദമായി ഗുണദോഷിക്കുന്നുണ്ട്. വേദവിപരീതം ദൈവകല്പന ലംഘനമാണ് എന്ന് ഊന്നിപ്പറയുന്ന ലേഖനങ്ങൾ വിശ്വാസ പഠിതാക്കൾക്ക് മുതൽകൂട്ടാണ്. സഭയുടെ വ്യവഹാരത്തെ പറ്റി ദുഃഖിക്കുമ്പോഴും സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊള്ളുവാനുള്ള ആഹ്വാനങ്ങളും ലേഖനങ്ങളിൽ കാണാം. മലങ്കരസഭയുടെ ഭാവിയെപ്പറ്റി അദ്ദേഹത്തിന് സ്വപ്നങ്ങളുണ്ട്. വ്യവഹാരം ഉണ്ടെങ്കിലും അടിസ്ഥാനപരമായ കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കാൻ സഭയ്ക്കാവില്ല എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെ ചരമ രജത ജൂബിലി വർഷത്തിൽ, മലങ്കരസഭാ മാസികയിലും മറ്റും വന്ന 101 ലേഖനങ്ങൾ ശ്രദ്ധേയമായ പഠനം കൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെ അഭിനന്ദിക്കാതിരിക്കാൻ തരമില്ല. ഏലിയാവിന്റെ പുതപ്പണിഞ്ഞ് ശക്തി പ്രാപിച്ച ഏലിശായെപ്പോലെ-തന്റെ മുൻഗാമിയുടെ എഴുത്തുമേശയിൽ വച്ച് എഴുതിയ പഠനം ഉൾക്കൊള്ളുന്ന, മുൻഗാമിക്ക് പിൻഗാമി നൽകിയ അർത്ഥപൂർണ്ണമായ ഈ പ്രണാമം പഠിതാക്കൾക്ക് ഉത്തമ വിരുന്നാകുമെന്നതിൽ സംശയമില്ല.

– ഫാ. ദീപു ഫിലിപ്പ്

# ശാന്തി ഹെൽപ്‌ലൈൻ 2713100



*തിരുവനന്തപുരം മാതാമറിയം ആശ്രമത്തിൽ ആരംഭിച്ച ശാന്തി ഹെൽപ്‌ലൈൻ നിയമസഭാ സ്പീക്കർ എൻ. ശക്തൻ ഉദ്ഘാടനം ചെയ്യുന്നു. മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ സമീപം.*

**തിരുവനന്തപുരം:** പ്രതിസന്ധികളിൽ സാന്ത്വനമായി തലസ്ഥാനത്ത് ശാന്തി ഹെൽപ്‌ലൈൻ ഫോർ ക്രൈസിസ് കൺട്രോൾ ആന്റ് സ്ട്രെസ് മാനേജ്മെന്റ് സെന്റർ പ്രവർത്തനം തുടങ്ങി. സഭയുടെ മാനവശാക്തീകരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് പൗഡിക്കോണം മാതാമറിയം ആശ്രമത്തിൽ തുടങ്ങിയ പദ്ധതി നിയമസഭാ സ്പീക്കർ എൻ. ശക്തൻ ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസം, ആരോഗ്യം, സാംസ്ക്കാരികം തുടങ്ങിയ രംഗങ്ങളിൽ കേരളം മുന്നിലാണെന്നതുപോലെ മദ്യപാനം, ആത്മഹത്യ, ലഹരിമരുന്നുകളുടെ ഉപയോഗം തുടങ്ങിയ മോശമായ കാര്യങ്ങളിലും മുന്നിലായിക്കൊണ്ടിരിക്കുകയാണെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു. നല്ലതിനോടൊപ്പം മോശമായതും വലിയ പ്രാധാനത്തോടെ സ്വീകരിക്കുന്ന മാനസികാവസ്ഥയിലേക്കാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നത്. അണുകുടുംബങ്ങൾ വർദ്ധിച്ചതോടെ കുടുംബബന്ധങ്ങളിലെ ഊഷ്മളതയിലും വളരെ വ്യത്യാസമുണ്ടായി. അതുകൊണ്ടുതന്നെ മാതാപിതാക്കൾക്ക് മക്കളോടും മക്കൾക്ക് മാതാപിതാക്കളോടും വേണ്ടത്ര സ്നേഹമോ കരുതലോ ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. അരിവാങ്ങാൻ ചിലവാക്കുന്നതിനേക്കാൾ കൂടുതൽ തുക മദ്യത്തിന് ചിലവാക്കുന്നതാണ് കണ്ടുവരുന്നതെന്നും സ്പീക്കർ പ്രസ്താവിച്ചു.

മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി മുഖ്യപ്രഭാഷണം നടത്തി. ഇന്റർനെറ്റും പുതിയതലമുറയിലെ ഗെയിമുകളും കുട്ടികളുടെ മാനസികനില തെറ്റിക്കുകയാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. എങ്ങനെ സുഖകരമായി ആത്മഹത്യ ചെയ്യാം എന്ന് കണ്ടെത്തുന്നതിനും പരീക്ഷിച്ചു നോക്കുന്നതിനും സഹായിക്കുന്ന കംമ്പ്യൂട്ടർ ഗെയിമുകൾ അടുത്തകാലത്ത് മനുഷ്യാവകാശ കമ്മീഷൻ സൈബർ പോലീസിന്റെ സഹായത്തോടെ നിർവീര്യപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ ജസ്റ്റിസ് ജെ.ബി. കോശി വിശദീകരിച്ചു.

0471 2713100 എന്നതാണ് ശാന്തി ഹെൽപ്‌ലൈൻ നമ്പർ. മനസംഘർഷങ്ങൾ എന്നുതന്നെയായാലും ഏതുസമയത്തും ഈ നമ്പറിൽ വിളിക്കാം. ശാന്തമായി കേൾക്കാൻ ഒരാളുണ്ടാകും. കൂടുതലായി കൗൺസലിംഗോ നിമയ സഹായമോ ഗൈഡൻസോ വേണ്ടിവരുന്ന പ്രശ്നങ്ങൾക്ക് വിദഗ്ധരെ നേരിൽ കണ്ട് പരിഹാരം തേടാനും ശാന്തിയിൽ സൗകര്യമുണ്ട്. പഠനപ്രശ്നം ഉള്ള കുട്ടികൾക്കും ശാന്തിയിൽ കൗൺസലിംഗ് ലഭിക്കും.

സൈക്കോളജിസ്റ്റും സാമൂഹ്യപ്രവർത്തകനുമായ ഡോ. സന്തോഷ് ജി. തോമസിന്റെ നേതൃത്വത്തിൽ ഒരുകൂട്ടം നിസ്വാർത്ഥ സേവകരാണ് ശാന്തി ഹെൽപ് ലൈനിന്റെ പ്രവർത്തകർ. ■

# ഡോക്ട്രേറ്റ്




ജബൽപൂർ റാണി ദുർഗാവതി സർവ്വകലാശാലയിൽ നിന്നും ഹിന്ദി സാഹിത്യത്തിൽ ഡോക്ട്രേറ്റ് കരസ്ഥമാക്കിയ ഷാഹിനി തോമസ് (ഷൈനി).

ചെങ്ങന്നൂർ പെരിങ്ങിലിപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ മുളവന കിഴക്കതിൽ തോമസ് മാമ്മന്റെ സഹധർമ്മിണിയും ജബൽ പ്പൂർ എം.ജി.എം. ഹയർസെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപികയുമാണ്.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബോട്ടണിയിൽ ഡോക്ട്രേറ്റ് നേടിയ ജെസി കുര്യൻ. പനയമ്പാല സെന്റ് മേരീസ് ഇടവകയിൽ താഴത്തെമലയിൽ തോമസ് സി. റ്റിയുടെ ഭാര്യയും ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ അധ്യാപികയുമാണ്.

14-ാം ചരമവാർഷികം, 2015 മെയ് 9



**ഫാ. റ്റി. ജി. സഖറിയ**

(മാനേജർ മലങ്കരസഭ)





# വൈദിക ചരമം



**ഫാ. പി.കെ. ജോർജ്**

**മൈലപ്ര:** ബാഹ്യകേരള ഭദ്രാസനത്തിൽ 40-ൽപ്പരം വർഷം ശുശ്രൂഷ അനുഷ്ഠിച്ച ഫാ. പി. കെ. ജോർജ് പ്ലാന്തോട്ടത്തിൽ (80) നിര്യാതനായി.



**ഫാ. സി. സി. ജോർജ്**

**അടൂർ:** തെക്കൻ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ച ഫാ. സി.സി. ജോർജ് (65) നിര്യാതനായി.



**ഫാ. ഏബ്രഹാം സൈമൺ**

**കിഴവള്ളൂർ:** ചെങ്ങന്നൂർ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച ഫാ. എബ്രഹാം സൈമൺ (50) നിര്യാതനായി.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

ഗോൾഡൻ സ്റ്റീനും വീൻബർഗും കൂട്ട് കച്ചവടക്കാരായിരുന്നു. അങ്ങനെയിരിക്കെ അവർക്ക് കഷ്ടകാലം വന്നു. ഒരു ദിവസം ഗോൾഡൻസ്റ്റീൻ മരങ്ങൾക്കിടയിലൂടെ അലസമായി നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു മാലാഖ പ്രത്യക്ഷപ്പെട്ടത് കണ്ട് അയാൾ ആശ്ചര്യപ്പെട്ടു. മാലാഖ അയാളോട് പറഞ്ഞു. "നീ വിചാരിക്കുന്ന മൂന്ന് ആഗ്രഹങ്ങൾ ഞാൻ സാധിച്ചു തരാം എന്നാൽ ഒരു കാര്യം ഓർക്കണം നീ എത്രത്തോളം ആഗ്രഹിക്കുന്നുവോ അതിന്റെ ഇരട്ടി വീൻബർഗിന് ലഭിക്കും".

അയാളുടെ മടക്കയാത്രയിൽ ഗോൾഡൻ സ്റ്റീൻ ആലോചിച്ചു. ഒരു വലിയ കൊട്ടാരമായാൽ എത്ര ഭംഗിയായിരിക്കും. എന്താണ് സംഭവിക്കുന്നത് എന്ന് അയാൾ ചിന്തിക്കുന്നതിന് മുമ്പേ അതിമനോഹരമായ ഒരു കൊട്ടാരം അവിടെ സൃഷ്ടിക്കപ്പെട്ടു. എന്നാൽ അതേ സമയം തന്നെ തന്റെ കൊട്ടാരത്തിന് അഭിമുഖമായി സൃഷ്ടിക്കപ്പെട്ട മനോഹരമായ രണ്ട് കൊട്ടാരങ്ങൾ അതിൽ അഭിമാനത്തോടെ നോക്കി അതിന്റെ ഭംഗി ആസ്വദിക്കുന്ന വീൻബർഗിനേയും കണ്ടു. ഗോൾഡൻ സ്റ്റീൻ തന്റെ അസൂയ അടക്കി വച്ചിട്ട് കൊട്ടാരത്തിനകത്ത് കയറി അതിന്റെ ഭംഗി ആസ്വദിച്ചു കൊണ്ടിരുന്നു. അപ്പോഴാണ് അയാൾക്ക് മറ്റൊരാഗ്രഹം തോന്നിയത് ആ കൊട്ടാരത്തിൽ വിശ്വസൗന്ദര്യരൂപിയായ ഒരു സ്ത്രീ ഉണ്ടാകണം എന്ന്; അയാൾ ചിന്തിച്ചതുപോലെ സംഭവിച്ചു അവളുടെ സൗന്ദര്യത്തിൽ ആരാധനയോടെ മതിമയങ്ങി നിന്നപ്പോൾ വീൻബർഗിന്റെ കൊട്ടാരത്തിലെ മട്ടുപ്പാവിൽ അയാൾ രണ്ട് അതിസുന്ദരികളുമായി ഉല്ലസിച്ച് നിൽക്കുന്നു. ഇത് അയാളുടെ അസൂയയെ കൂടുതൽ ശക്തമാക്കി. ഒരു വിധത്തിലും സഹിപ്പാൻ കഴിയാഞ്ഞിട്ടു അയാൾ ആഗ്രഹിച്ചു. എന്റെ ഒരു കണ്ണ് നഷ്ടമായിപ്പോകട്ടെ. ശേഷം വീൻബർഗ്ഗിന്റെ രണ്ട് കണ്ണും നഷ്ടമായി തന്റെ കൂട്ടുകാരന്റെ ഇരട്ടി ഉയർച്ച സഹിക്കാൻ അയാൾക്കാകുമായിരുന്നില്ല. തന്റെ ഉയർച്ചകൾ അയാൾ കാണാൻ ശ്രമിച്ചില്ല. കൂട്ടുകാരന്റെ ഉയർച്ചകളിൽ ആകുലപ്പെട്ട് അയാളെ തകർക്കാൻ വ്യഗ്രതപ്പെടുകയായിരുന്നു.

അകത്തളങ്ങളിൽ കുടിയിരിക്കുന്ന അസൂയ നമ്മുടെ കാഴ്ച നഷ്ടപ്പെടുത്തുകയാണ്. മറ്റുള്ളവരുടെ നന്മകളെ തച്ച് തകർക്കുകയുമാണ്. നമുക്ക് നേടാൻ കഴിയാത്തതിനെപ്പറ്റി ഭാരപ്പെടുകയല്ല. മറ്റുള്ളവർ നേടിയതിനെ ഇല്ലാതാക്കാൻ പരിശ്രമിക്കുകയാണ്. അസൂയപ്പെടലിൽ നിന്നാണ് നശീകരണത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ഉണ്ടാകുന്നത് അതിൽ നിന്നാണ് അക്രമങ്ങൾ രൂപമെടുക്കുന്നത്. ആഗ്രഹങ്ങളെ പരിപോഷിപ്പിക്കാനാണ് അസൂയ ഉളവാകുന്നത്. ആഗ്രഹങ്ങൾ എപ്പോഴും താരതമ്യപ്പെടുത്തലിലൂടെയാണ് നിർവ്വഹിക്കുക. താരതമ്യപ്പെടുത്തലാണ് ദുരിതങ്ങളിലേക്ക് നയിക്കുന്നത് ഇന്ന് നാം ആഗ്രഹങ്ങളിലും, അസൂയകളിലും, പരസ്പരം താരതമ്യം ചെയ്തും നമ്മുടെ ജീവിതത്തെ പാഴാക്കുന്നു. ഇവയെല്ലാം നമ്മുടെ ദുഖഭാരം വർദ്ധിപ്പിക്കുകയേയുള്ളൂ. ദൈവം നമുക്ക് എത്ര വരങ്ങൾ തന്നാലും ഗോൾഡൻ സ്റ്റീൻ ചെയ്തതതുപോലെയാണ് നാം ചെയ്യുക.

നാം ഒന്നാമനായിരിക്കുക എന്നതാണ് നമ്മുടെ പ്രശ്നം. നാം തെറ്റ് ചെയ്യാത്തവരാണ് എന്നാണ് നമ്മുടെ അവകാശവാദം. ലോകത്തിലുള്ളതെല്ലാം ഒരാൾക്ക് ഉണ്ടായിരിക്കുകയും അയാൾ തന്നെ ഒന്നാമനായിരിക്കുകയു ചെയ്യുക എന്നത് ഏറെ പ്രയാസമാണ്. നമ്മുടെ ജീവിതം തന്നെ ഞാനാണ് ലോകത്തിന്റെ അവസാന വാക്ക് എന്ന പോലെയാണ്. എല്ലാവരും അവസാന വാക്കെന്ന പോലെയാണെങ്കിൽ ഇനിയൊരു പിറവി പോലും ലോകത്തിൽ വേണ്ടിവരില്ല. എന്നതാണ് ശരി നമ്മുടെ ഇത്തരം രീതികൾ ഇനിയൊരു പുതിയ പിറവി വേണ്ട, ഒരു പുതുജീവൻ വേണ്ട, ഒരു പുതിയ നാമ്പ് വേണ്ട എന്ന ധാർഷ്ഠ്യപ്പെടലാണ്. ദൈവം എപ്പോഴും ഒരു പുതിയ പിറവി കൊള്ളൽ ആഗ്രഹിക്കുകയാണ്. നാംഎപ്പോഴും പുതിയ പിറവിക്കൊള്ളലുകളെ നിഗ്രഹിക്കുകയാണ്. അസൂയപ്പെടുക എന്നത് അപരന്റെ നിഗ്രഹത്തിനുള്ള ആയുധം രൂപപ്പെടുത്തുന്നത് പോലെയാണ്.

E-mail: fr.thirumangalam@gmail.com




# യുവജനങ്ങളിൽ ദൗത്യബോധം വളരണം

## പരിശുദ്ധ കാതോലിക്കാ ബാവാ

**കോട്ടയം:** സഭയുടെ രണ്ട് ചിറകുകളാണ് യുവജനപ്രസ്ഥാനവും വിദ്യാർത്ഥിപ്രസ്ഥാനവും. സഭയുടെ സാക്ഷ്യം ലോകത്തെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞ ശക്തമായ സംഘങ്ങളാണ് നമ്മുടെ യുവജനങ്ങൾ.

യുവജനങ്ങൾക്ക് ദിശാബോധം നഷ്ടപ്പെടാതെ ജീവിക്കുവാൻ കഴിയണം. ഇത് ക്രൈസ്തവ ധാർമ്മികതയുടെ മുഖ്യ ലക്ഷ്യമാണ്. യുവത്വം-ആശയ സംഘർഷങ്ങളും ആദർശങ്ങളുടെ ദർശനവും ശക്തമാകുന്ന കാലമാണ്. സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഈ കാലഘട്ടത്തിൽ യുവജനങ്ങൾക്ക് കഴിയണം.

'എനിക്ക് എന്തു നൽകുവാൻ' കഴിയും എന്ന നിലയിൽ ചിന്തിക്കണം. യുവജനങ്ങളിൽ ദൗത്യ ബോധം ശക്തമാകണം. ഉപഭോഗ സംസ്ക്കാരവും ശാസ്ത്ര സാങ്കേതികതയുടെ മുന്നേറ്റവും, യുവജനങ്ങളുടെ ചിന്തയിൽ സ്വന്തം ലാഭത്തിനായി ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കുന്നു. ഇതിന് മാറ്റം ഉണ്ടാകണം. അപ്പോഴാണ് ദൗത്യം ബോധം യാഥാർത്ഥ്യമാകുന്നത്.

ക്രൈസ്തവ ദർശനവും ദൗത്യവും സുസ്ഥിരമാക്കണം. ജീവിതത്തിലും പ്രവർത്തനത്തിലും വർദ്ധിക്കുന്ന കൃത്രിമത്വം തിരിച്ചറിയണം.

'ഞാൻ കുറയണം അവൻ വളരണം' എന്നു ചിന്തിക്കണമെങ്കിൽ തികഞ്ഞ ആത്മ നിയന്ത്രണവും സ്വയം തിരിച്ചറിവും ഉണ്ടാകണം. സ്വയം നിയന്ത്രിക്കുന്നതിനുള്ള ശക്തി ആർജ്ജിക്കുമ്പോഴാണ് എന്നോട് ഒപ്പം മറ്റുള്ളവരും വളരണമെന്ന ചിന്ത ഉണ്ടാകുന്നത്.

എന്റെ പിന്നാലെ വരുന്നവന്റെ ചെരുപ്പകളുടെ വാർ അഴിപ്പാൻ യോഗ്യനല്ലാ എന്നാണ് യോഹന്നാൻ സ്നാപകൻ പറയുന്നത്. ആത്മനിയന്ത്രണം എപ്പോഴും അനിവാര്യമാണ്. പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കുവാനുള്ള കഴിവുണ്ടാകണം. ചിന്തകളെയും വാക്കുകളേയും നിയന്ത്രിക്കുവാനുള്ള കഴിവു നേടുമ്പോൾ 'മറ്റുള്ളവർ വളരണം' എന്ന ചിന്ത ഉണ്ടാകും.

ഞാൻ എന്ന ഭാവം മാറിയെങ്കിൽ മാത്രമേ മറ്റുള്ളവൻ വളരട്ടെ എന്ന ചിന്ത വ്യാപകമാകുകയുള്ളു. സ്വപ്നങ്ങളും ആഗ്രഹങ്ങളും വളർത്തുന്ന മത്സര ലോകത്തിൽ 'മറ്റുള്ളവർ വളരട്ടെ' എന്നു പറയണമെങ്കിൽ ആദ്ധ്യാത്മിക നിറവുണ്ടായെങ്കിൽ മാത്രമേ കഴിയൂ. എല്ലാവർക്കും ഒന്നാമൻ ആകണം എന്ന ചിന്തയാണ് ശക്തിപ്പെടുന്നത്.

മറ്റുള്ളവരുടെ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ നമുക്ക് മനസുണ്ടാകണം. മറ്റുള്ളവരെ സഹായിക്കുവാനും ഉദ്ധരിക്കുവാനും എന്തു ചെയ്യുവാൻ കഴിയും എന്ന് യുവജങ്ങൾ തിരിച്ചറിയണം.

ഞാൻ കുറയണമെന്നത് അദ്ധ്യാത്മീകഭാവമാണ്. ഇത് ലോകത്തെ മുഴുവൻ കീഴടക്കുവാൻ ശക്തിയുള്ളതാണ്.

*(പാമ്പാടിയിൽ നടന്ന യുവജന പ്രസ്ഥാനം അഖില മലങ്കര വാർഷിക ക്യാമ്പിൽ നടത്തിയ ഉദ്ഘാടന പ്രഭാഷണത്തിൽ നിന്നും 14.15-2015)*

# വൈദിക ശമ്പള പദ്ധതി


## ഏപ്രിൽ മുതൽ പ്രാബല്യത്തിൽ

**കോട്ടയം:** പുതുക്കിയ വൈദിക-സേവന വേതന വ്യവസ്ഥകൾ 2015 ഏപ്രിൽ മുതൽ കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലും നടപ്പിൽ വരുത്തണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പള്ളികൾക്കയച്ച കല്പനയിൽ ആഹ്വാനം ചെയ്തു.

പ. സഭയിലെ വൈദികരുടെയും ശുശ്രൂഷകരുടെയും സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് 2014 ജൂൺ മാസത്തിൽ നിയമിച്ച കമ്മറ്റിയുടെ റിപ്പോർട്ട് മാർച്ച് 19-ന് കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയും മെയ് 12-നു കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസും അംഗീകരിക്കുകയുണ്ടായി.

പുതിയ ശമ്പള പദ്ധതി ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കേരളത്തിലെ എല്ലാ ഇടവകകളും കഴിവിന്റെ പരമാവധി ആത്മാർത്ഥമായി സഹകരിക്കണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ കല്പനയിൽ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.


ദേവാലയങ്ങൾ പകിട്ടേകുവാൻ...
Synthetic Carpets
Centre Carpets
Carpet Tiles
Imported Carpets
Vinyl, Coir Mats
Curtains
Cushion Mats
Door Mats
Mattress etc.
G & G FURNISHINGS
പള്ളികൾ, വീടുകൾ, ഓഫീസുകൾ
എന്നിവയുടെ ഫർണ്ണിഷിംഗ്
വർക്കുകൾക്ക് ഞങ്ങളുടെ സേവനം ലഭ്യമാണ്.
Kiran Building, Irattunada, Manarcadu P.O., Kottayam - 686 019, Kerala
E-mail: gandgfurnishings@gmail.com, Phone: 0481-2370121, 8281560730, 9495847730


MAKING DOCTORS
STUDY VETERINARY/MBBS
Direct Representatives of
Medical Universities in Philippines
MBBS - 21 Lakhs,
Veterinary - 12 Lakhs
(All Inclusive)
WHO/MCI recognized
American Education System With English As Medium of Instruction
100% MCI result
Intakes Sept/Feb/June
Whole Course taught in English, unlike China and other European countries...
MAKING Doctors & PROFESSIONALS
For Admission Contact: Mr. Bivin Babu-09849024866, 09396348477,
bivinbabu18@gmail.com

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/June/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17
License No. KL/CR/KTM/WPP-36/2015-17
Licensed to Post Without Pre-Payment




PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. JOHN THOMAS KARINGATTIL Rs. 15/-